ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2021 ഒക്ടോബർ 21 | ദീപം 54 | നാളം 29 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# വേണം റെസമാരും ദിമിത്രിമാരും

## സ്വതന്ത്ര പത്രപ്രവർത്തനത്തിന് നൊബേൽ



ജോർജ് കള്ളിവയലിൽ

'മാധ്യമങ്ങളില്ലാതെ നിങ്ങൾക്കു ശക്തമായ ജനാധിപത്യം ഉണ്ടാകില്ല'- നൊബേൽ സമാധാനസമ്മാന പ്രഖ്യാപനം നടത്തിയ നോർവീജിയൻ നൊബേൽ കമ്മിറ്റി ചെയർമാൻ ബെറിറ്റ് റെയ്സ് ആൻഡേഴ്സന്റെ വാക്കുകളാണിത്. വിദ്വേഷപ്രസംഗങ്ങളുടെയും തെറ്റിദ്ധാരണാജനകമായ വ്യാജ പ്രചാരണങ്ങളുടെയും കാലമാണിത്. അതിനാൽ, വസ്തുതാപരമായ വിവരങ്ങളും ശരിയായ വിശകലനങ്ങളും സുപ്രധാനമാണ്. അതിനു സ്വതന്ത്രമായ പത്രപ്രവർത്തനമാണ് ഇക്കാലത്ത് ഏറ്റവും അനിവാര്യം.

ഫിലിപ്പീൻസിലെ മരിയ റെസയ്ക്കും റഷ്യയുടെ ദിമിത്രി മുരാതോവിനും ലഭിച്ച 2021 ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിനു വജ്രത്തിളക്കമുണ്ട്. സ്വതന്ത്രപത്രപ്രവർത്തനത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ധീരമായ പോരാട്ടത്തിനാണ് ഇരുവരെയും നൊബേൽ സമാധാനസമ്മാനം നൽകി ആദരിച്ചതെന്നതു ലോകത്തിനാകെ പ്രതീക്ഷയേകും. പത്രസ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവും ഇല്ലാതെ സമൂഹങ്ങളും രാജ്യങ്ങളും തമ്മിലുള്ള സാഹോദര്യവും സഹവർത്തിത്വവും ഉറപ്പാക്കാൻ കഴിയില്ല. നിരായുധീകരണമടക്കം സമാധാനത്തിനും സ്വേച്ഛാധിപത്യവിരുദ്ധ പോരാട്ടങ്ങൾക്കും പത്രസ്വാതന്ത്ര്യം കാത്തുപരിപാലിക്കപ്പെടേണ്ടതുണ്ട്.

അധികാരദുർവിനിയോഗം, അഴിമതി, നുണപ്രചാരണങ്ങൾ, മതമൗലികവാദം, തീവ്രവാദം, ഭീകരപ്രവർത്തനം തുടങ്ങിയവമുതൽ യുദ്ധപ്രചാരണംവരെയുള്ളവയിൽനിന്നു ജനതകളെ സംരക്ഷിക്കാൻ സ്വതന്ത്രവും വസ്തുതാപരവുമായ പത്രപ്രവർത്തനത്തിനേ കഴിയൂവെന്നതിന് അടിവരയിടുകകൂടിയാണിത്. യുദ്ധങ്ങളും കലാപങ്ങളും തീവ്രവാദവും ഭീകരതയും മയക്കുമരുന്നിന്റെ വ്യാപക ഉപയോഗവും കൂടിവരുമ്പോൾ സത്യസന്ധമായ വിവരങ്ങൾ ലഭ്യമാക്കുക പരമപ്രധാനമാണ്.

### ആദർശങ്ങൾ ബലികഴിക്കരുത്

'ജനാധിപത്യവും പത്രസ്വാതന്ത്ര്യവും പ്രതികൂലസാഹചര്യങ്ങൾ നേരിടുന്ന ലോകത്ത് ആദർശങ്ങൾക്കായി നിലകൊള്ളുന്ന' എല്ലാ പത്രപ്രവർത്തകരുടെയും പ്രതിനിധികളാണ് മരിയ റെസയും ദിമിത്രി മുരാതോവുമെന്ന് നൊബേൽ കമ്മിറ്റി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഫിലിപ്പീൻസിലും റഷ്യയിലും പത്രസ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടിയവരാണ് മരിയയും ദിമിത്രിയും. ജനങ്ങളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഇരുവരും അവരുടെ രാജ്യങ്ങളിൽ സ്വതന്ത്ര വാർത്താ ഏജൻസികൾ നടത്തിവരുന്നു. വധഭീഷണിക്കും ജയിൽവാസത്തിനും പലപ്പോഴും ഈ പത്രപ്രവർത്തകർ വിധേയരായിട്ടുണ്ട്.

▶12

> **പത്രസ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവും ഇല്ലാതെ സമൂഹങ്ങളും രാജ്യങ്ങളും തമ്മിലുള്ള സാഹോദര്യവും സഹവർത്തിത്വവും ഉറപ്പാക്കാൻ കഴിയില്ല. നിരായുധീകരണമടക്കം സമാധാനത്തിനും സ്വേച്ഛാധിപത്യവിരുദ്ധ പോരാട്ടങ്ങൾക്കും പത്രസ്വാതന്ത്ര്യം കാത്തുപരിപാലിക്കപ്പെടേണ്ടതുണ്ട്.**



### മരിയ റെസ

അന്വേഷണാത്മക പത്രപ്രവർത്തകയാണ് മരിയ റെസ. 2012 ൽ തുടങ്ങിയ ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമായ റാപ്ലറിന്റെ സഹസ്ഥാപിക. ഫിലിപ്പീൻസിൽ ജനിച്ചെങ്കിലും ജീവിതത്തിന്റെ ഭൂരിഭാഗവും അമേരിക്കയിലാണു ചെലവഴിച്ചത്. രണ്ടു പതിറ്റാണ്ടിലേറെ സിഎൻഎന്നിനായി ജോലി ചെയ്തു. പിന്നീട് വാൾ സ്ട്രീറ്റ് ജേർണലിന് എഴുതി. ഫിലിപ്പീൻസിൽ തിരിച്ചെത്തിയശേഷമാണ് റാപ്ലർ ആരംഭിക്കുന്നത്.

വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതിനും എതിരാളികളെ ഉപദ്രവിക്കുന്നതിനും പൊതുചർച്ചകളെ സ്വാധീനിക്കുന്നതിനും സോഷ്യൽ മീഡിയയെ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് റെസയും റാപ്ലറും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നൊബേൽ പത്രക്കുറിപ്പിൽ പറയുന്നു. ഫിലിപ്പീൻസിലെയും സമീപരാജ്യങ്ങളിലെയും തീവ്രവാദശൃംഖലകളെക്കുറിച്ചും മരിയ അന്വേഷിച്ചു.

സീഡ്സ് ഓഫ് ടെറർ: ആൻ ഐവിറ്റ്നസ് അക്കൗണ്ട് ഓഫ് അൽ ക്വയ്ദാസ് ന്യൂവെസ്റ്റ് സെന്റർ, ഫ്രം ബിൻ ലാദൻ ടു ഫേസ്ബുക്ക്, 10 ഡെയ്സ് ഓഫ് അബ്ഡക്ഷൻ, 10 ഇയേഴ്സ് ഓഫ് ടെററിസം തുടങ്ങിയ പുസ്തകങ്ങൾ മരിയ റെസ രചിച്ചിട്ടുണ്ട്.



### ദിമിത്രി മുരാതോവ്

കൊംസോമോൾസ്കായ പ്രവ്ദ എന്ന ജനപ്രിയ ദിനപത്രത്തിലെ പത്രപ്രവർത്തകനായിരുന്നു ദിമിത്രി. 1993 ൽ അമ്പതോളം സഹപ്രവർത്തകരോടൊപ്പം നോവയ ഗസറ്റ എന്ന പത്രം ആരംഭിച്ചു. 1995 മുതൽ പത്രത്തിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു.

പത്രപ്രവർത്തകരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന അമേരിക്ക ആസ്ഥാനമായ കമ്മിറ്റി ടു പ്രൊട്ടക്റ്റ് ജേർണലിസ്റ്റ്സ് (സിപിജെ) 2007 ൽ ദിമിത്രിയെ അന്താരാഷ്ട്ര പത്രസ്വാതന്ത്ര്യ അവാർഡ് ജേതാക്കളിൽ ഒരാളായി ആദരിച്ചിരുന്നു.

നോവയ ഗസറ്റ പത്രം ആരംഭിച്ചതിനുശേഷം ദിമിത്രി മുരാതോവിന്റെ ആറു സഹപ്രവർത്തകർ കൊല്ലപ്പെട്ടു. ചെച്നിയയിലെ യുദ്ധത്തെക്കുറിച്ചു വെളിപ്പെടുത്തുന്ന ലേഖനങ്ങൾ എഴുതിയ അന്ന പൊളിറ്റ്കോവ്സ്കയും ഇവരിൽ ഉൾപ്പെടുന്നു.

എതിരാളികളിൽനിന്നുള്ള പീഡനങ്ങളും ഭീഷണികളും ആക്രമണങ്ങളും പലതവണ നേരിടേണ്ടിവന്നു. വധഭീഷണികൾ ഉണ്ടായിരുന്നിട്ടും പത്രത്തിന്റെ സ്വതന്ത്രനയം ഉപേക്ഷിക്കാൻ ചീഫ് എഡിറ്റർ ദിമിത്രി വിസമ്മതിച്ചു എന്നാണ് നൊബേൽ കമ്മിറ്റി അഭിപ്രായപ്പെട്ടത്.


LITHRONE 26
അത്യാധുനിക രീതിയിലുള്ള
മൾട്ടികളർ പ്രിന്റിംഗിന്
സെന്റ് തോമസ് പ്രസ്
പാലാ
The First and the Best Printers in Pala, Estd. 1953
KODAK TRENDSETTER CTP MACHINE
പാലായിൽ സെന്റ് തോമസ് പ്രസിൽമാത്രം
9496613275, 04822 212321
stpresspala@gmail.com
stpresspalai@gmail.com
MULTI-COLOUR OFFSET PRINTING & CTP
POSTER DESIGNING
DIGITAL LAZER PRINTING
BINDING
LAMINATION
SCREEN PRINTING
SEAL | WEDDING CARDS | PHOTOSTAT
GRAPHIC DESIGN
COMPOSITION
FILE RE-WORK
COMPLETE BINDERY
PROMO PRODUCTS
MANUALS
ENVELOPES
BUSINESS CARDS
BROCHURES
CARBONLESS FORMS
DIGITAL COLOUR
BLACK DIGITAL COPIES
LARGE FORMAT PRINTING
BANNERS
FLYERS
OFFICE FORMS
CALENDAR
DIARY
POST CARDS
LETTER HEADS


OVERSEAS
EDUCATION SERVICES
STUDY AT
EUROPE
CANADA
AUSTRALIA
NEW ZEALAND
FREE U.K & IRELAND RECRUITMENT FOR NURSES
NAIPUNNYA INTERNATIONAL
By the Archdiocese of Ernakulam-Angamaly
St.Thomas Press Building, Pala, Pin:686575
0482 2 201546 | pala@naipunnyaint.com
Head Office
Other Branches
ERNAKULAM
0484-2381948/49
KALOOR
9544 9191 44
ANGAMALY
9544 9191 55
THRIKKAKARA
9544 9191 33

# സ്നേഹവും പ്രണയവും വഴിമാറുന്നുവോ?



ഫാ. ഡോ. ഡൊമിനിക് വെച്ചൂർ

ആൺ-പെൺ സൗഹൃദങ്ങളുടെയും പ്രണയബന്ധങ്ങളുടെയും അതിർവരമ്പുകളും നേർരേഖകളും മാറ്റിവരയ്ക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. ലൈംഗികപീഡനങ്ങളും ലൈംഗികദുരുപയോഗങ്ങളും അനുബന്ധമായി ഉണ്ടാകുന്ന ഭീഷണികളും അപകീർത്തികളും സാമ്പത്തികതട്ടിപ്പുകളും അപമൃത്യുകളും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പ്രണയനൈരാശ്യംമൂലം ആത്മഹത്യ ചെയ്യുന്നവരുടെയും പ്രണയാഭ്യർത്ഥന നിരസിക്കുന്ന പെൺകുട്ടിയെ നിഷ്ഠുരമായി കൊന്നുകളയുന്ന നീചകൊലപാതകങ്ങളുടെയും എണ്ണം കൂടിവരുന്നു. സ്ത്രീധന കൊലപാതകങ്ങളും ഗാർഹിക പീഡനങ്ങളും ഒരു പതിവുവാർത്തയാകുന്നു. ആത്മഹത്യ ചെയ്യുന്ന മകളെക്കാൾ വിവാഹമോചിതയായ മകളാണു നല്ലതെന്ന് മാതാപിതാക്കളെക്കൊണ്ടു പറയിക്കുന്ന കാലം. വിവാഹം കഴിക്കാൻപോലും പെൺകുട്ടികൾ മടിക്കുന്നു.

**സ്നേഹവും പ്രണയവും ഹൃദയത്തിന്റെ ഭാഷകൾ**

സ്നേഹം മനുഷ്യഹൃദയങ്ങളെയും ജീവിതങ്ങളെയും പ്രപഞ്ചത്തെത്തന്നെയും ചലിപ്പിക്കുന്ന ഏറ്റവും ശക്തമായ ആത്മീയ ഊർജമാണ്. സ്നേഹമെന്ന ഒരു വാക്കിൽ മനുഷ്യാസ്തിത്വത്തെ വേണമെങ്കിൽ ചുരുക്കാം. "സ്നേഹമാണഖിലസാരമൂഴിയിൽ; സ്നേഹസാരമിഹ സത്യമേകമാം" എന്നാണല്ലോ കവിവചനം.

സ്നേഹവും സൗഹൃദവും കൂടുതൽ തീവ്രവും ഗാഢവും വൈകാരികവുമാകുമ്പോൾ അത് പ്രണയമായി രൂപാന്തരപ്പെടുന്നു. വിശുദ്ധ ബൈബിളിലെയും വിശ്വസാഹിത്യത്തിലെയും പ്രണയവിവരണങ്ങളും ലോകപ്രസിദ്ധ കലാകാരന്മാരുടെ വിശ്വോത്തര കലാശില്പങ്ങളും ചുവർചിത്രങ്ങളും നല്കുന്ന കാല്പനിക ഭാവങ്ങളും അവിസ്മരണീയങ്ങൾ തന്നെ.

**സ്നേഹവും പ്രണയവും വഴിമാറുന്നുവോ?**

നിസ്വാർത്ഥവും നിർമലവുമായ സ്നേഹവും പ്രണയവും സ്വാർത്ഥതയ്ക്കും ഉപഭോഗസംസ്കാരത്തിനും വഴിമാറുന്ന ഒരു പ്രവണത വളർന്നുവരുന്നുവോ എന്നു സന്ദേഹിക്കുന്നു. ഉപയോഗിച്ചു തള്ളുന്ന രീതി എല്ലാ തലങ്ങളിലും ഇന്നു പ്രബലമാണ്. സ്നേഹവും പ്രണയവും ഭീഷണിയിലൂടെയും ബലപ്രയോഗത്തിലൂടെയും നേടാമെന്ന ഒരു തെറ്റുധാരണ വളർന്നുവരുന്നു. സൗഹൃദങ്ങളും പ്രണയങ്ങളും പലപ്പോഴും ചതിക്കെണികളായി മാറുന്നു. സൗഹൃദങ്ങൾ ലൈംഗികബന്ധങ്ങളിലേക്കു വഴുതിവീഴുന്ന സംഭവങ്ങളും കുറവല്ല.

സ്നേഹത്തിലും പ്രണയത്തിലും മൂല്യചിന്ത കുറയുന്നതിന്റെ പ്രധാന കാരണം ദൈവചിന്ത കുറയുന്നുവെന്നതുതന്നെയാണ്. ദൈവചിന്ത കുറയുമ്പോൾ മനുഷ്യചിന്തയും മൂല്യബോധവും കുറയുക സ്വാഭാവികമാണ്. വളരെ വേഗം വളരുന്ന ഭൗതിക ചിന്താരീതികളും ദൈവനിഷേധവും മനുഷ്യഹൃദയങ്ങളിലെ നന്മയുടെ അംശത്തെ കെടുത്തിക്കളയുന്നു. ഇപ്പോൾ നാം അതിജീവിച്ചുകൊണ്ടിരിക്കുന്ന കൊവിഡ് 19 പ്രതിസന്ധി സമ്മാനിച്ച ആരാധനാനിയന്ത്രണങ്ങളും വിശ്വാസപരിശീലനപ്രവർത്തനങ്ങളിലെ പ്രായോഗികബുദ്ധിമുട്ടുകളും മനുഷ്യന്റെ വിശ്വാസജീവിതപോഷണത്തെ വല്ലാതെ ബാധിക്കുന്നുണ്ട്. കൊവിഡ്കാലം തീർത്ത ഏകാന്തതയും ശൂന്യതയും ഉത്കണ്ഠകളും നാം വിചാരിക്കുന്നതിനപ്പുറമാണ്. തുറക്കാത്ത കലാലയങ്ങളും തുടർച്ചയായ ഓൺലൈൻ വിദ്യാഭ്യാസരീതികളും സാമൂഹികബന്ധങ്ങളുടെയും കൂടിവരവുകളുടെയും നിയന്ത്രണവും അമിതമായ സോഷ്യൽ മീഡിയ ഉപയോഗവുമൊക്കെ യുവതയുടെ മൂല്യബോധത്തെ നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. മൊബൈൽ ഫോണിന്റെയും ലാപ്ടോപ്പിന്റെയും സ്വകാര്യതയിൽ നിരന്തരമായി വ്യാപരിക്കുന്നത് ഇളംമനസ്സുകളെ മലിനമാക്കാൻ ഇടയാക്കുന്നുണ്ട്. അത് മനുഷ്യന്റെ സ്നേഹബന്ധങ്ങളെയും സ്വാധീനിക്കുന്നു. മദ്യവും മയക്കുമരുന്നും നിശാക്ലബുകളും തീർക്കുന്ന മാസ്മരിക ലോകം ആൺ - പെൺ സ്നേഹബന്ധങ്ങളെ വഴിതെറ്റിക്കാനിടയാക്കുന്നു. 'ലവ് ജിഹാദും' 'നാർക്കോട്ടിക് ജിഹാദും' ഒരുക്കുന്ന ചതിക്കെണികൾ വ്യാപകമാണെന്നു സമകാലികസംഭവങ്ങൾ വിളിച്ചുപറയുന്നു.

**ആൺ-പെൺ ലൈംഗികത ദൈവക്രമീകരണം**

മനുഷ്യബന്ധങ്ങളെ ഹൃദ്യവും ഊഷ്മളവുമാക്കുന്ന ഭാവങ്ങളിലൊന്നാണ് ലൈംഗികത. ആൺ-പെൺ വ്യതിരിക്തതയും പരസ്പരപൂരകത്വവും ആകർഷണവും ഇഷ്ടവും അനുരാഗവും പ്രണയവും സ്നേഹഭാവങ്ങളുമൊക്കെ ദൈവക്രമീകരണത്തിന്റെയും ദൈവപരിപാലനയുടെയും ഭാഗമാണ്. ദൈവം മനുഷ്യകുലത്തിനു നല്കിയ അനുഗ്രഹവും ആശിർവാദവും സമ്മാനവുമാണ് ആൺ-പെൺ ലൈംഗികത എന്ന് ഫ്രാൻസിസ് മാർപാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഓർമപ്പെടുത്തുന്നു. നന്ദിയോടെയും ആദരവോടെയും ആൺ-പെൺ പരസ്പരപൂരകത്വത്തെ വിലമതിക്കാനും അംഗീകരിക്കാനും നമുക്കു കഴിയണം. സ്വന്തം ലൈംഗികതയെ വിലമതിക്കുന്ന ഒരാൾക്കു മാത്രമേ പൂരകലിംഗത്തിൽപ്പെട്ട ഒരാളെ ഉൾക്കൊള്ളാനും സമ്മാനമായി സ്വീകരിക്കാനും കഴിയുകയുള്ളൂ. ഇത് നമ്മുടെ ജീവിതവഴികളെ മിഴിവുള്ളതാക്കുന്നു.



**ആരോഗ്യകരമായ ആൺ-പെൺ സൗഹൃദങ്ങൾ**

ആന്തരികസന്തോഷവും ഹൃദയസ്വാതന്ത്ര്യവും പകരുന്ന ആൺ-പെൺ സൗഹൃദങ്ങൾ മനുഷ്യജീവിതത്തെ ഭാവസുന്ദരമാക്കുന്നു. മൂല്യചിന്തയിലും ആത്മീയതയിലും വേരൂന്നിയ ബന്ധങ്ങളാണ് സ്ഥായിയായി നിലനിൽക്കുന്നത്. ആത്മീയത സ്നേഹത്തെ നിസ്വാർത്ഥമാക്കുന്നു; പത്തരമാറ്റു തിളക്കമുള്ളതാക്കുന്നു. ശുദ്ധതയും ആത്മസംയമനവും അടക്കവും മിതത്വവും സമചിത്തതയും ആത്മീയതയുടെ ഭാഗമാണ്. സ്നേഹവും പ്രണയവും വൈകാരിക അടിമത്തമായി മാറരുത്. നന്മയുടെയും സ്നേഹത്തിന്റെയും കേദാരമായ ദൈവമൊഴികെ മറ്റൊന്നും മറ്റൊരാളും ഹൃദയത്തിൽ ഒരു ബിംബമാകാതിരിക്കട്ടെ.

ഹൃദയവിശുദ്ധിയാണല്ലോ സുപ്രധാന കാര്യമായി ഈശോ സുവിശേഷങ്ങളിൽ ഊന്നിപ്പറയുന്നത്. ഈശോ പഠിപ്പിക്കുന്നു: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തെന്നാൽ, അവർ ദൈവത്തെ കാണും" (മത്താ. 5,8). ഈശോ വീണ്ടും ഓർമപ്പെടുത്തുന്നു: "ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ്, ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഇവയാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്" (മർക്കോ. 7,20-23).

ഹെർമൻ ഹെസ്സേയുടെ പ്രസിദ്ധമായ നോവലുകളിലൊന്നാണ് 'സിദ്ധാർത്ഥ'. ജീവിതത്തിന്റെ ആഴവും അർത്ഥവും തേടുന്ന സിദ്ധാർത്ഥ എന്ന ബ്രാഹ്മണകുമാരന്റെ യഥാർത്ഥ ജ്ഞാനം തേടിയുള്ള യാത്രാവിവരണമാണിത്. ജീവിതയാത്രയിൽ കമല എന്ന ദേവദാസിയുമായി ഇയാൾ പരിചയത്തിലാകുന്നു. പ്രണയകല പഠിപ്പിക്കാമോ എന്നു ചോദിക്കുന്ന ഈ യുവാവിന് കമല കൊടുക്കുന്ന മറുപടി ഇങ്ങനെയാണ്: "ചൂഷണം ചെയ്തുവെന്നോ ചൂഷണവിധേയമായെന്നോ ഉള്ള തോന്നലുകൾ ഉണ്ടാകരുത്." (Do not misuse anybody nor be misused by anybody). വാസ്തവത്തിൽ മനുഷ്യബന്ധങ്ങളുടെ സുതാര്യതയാണ് ഹൃദയവിശുദ്ധി. ഇതാണ് സൗഹൃദങ്ങളെയും പ്രണയങ്ങളെയും സുന്ദരമാക്കുന്നത്. ഇതിനുള്ള വിവേകവും ജാഗ്രതയും ആത്മസംയമനവുമാണ് നമുക്കെല്ലാവർക്കും ഉണ്ടാകേണ്ടത്. വേദപുസ്തകത്തിലെ പൂർവപിതാവായ ജോസഫും (ഉത്പ. 39) ആദർശവതിയായ സൂസന്നയും (ദാനി. 13) നമ്മെ അനുസ്മരിപ്പിക്കുന്നതും ഇതുതന്നെയാണ്.

ബന്ധങ്ങളിലും ചാരിത്ര്യശുദ്ധിയിലുമുള്ള വളർച്ച ക്രമാനുഗതമായ ഒന്നാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് ഇവിടെ സ്മരണീയമാണ്: "ശുദ്ധതയ്ക്കു വളർച്ചയുടെ നിയമങ്ങൾ ഉണ്ട്. അപൂർണതയുടെയും പലപ്പോഴും പാപത്തിന്റെയും മുദ്ര പേറുന്ന ഘട്ടങ്ങളിലൂടെയാണ് അതു വളരുന്നത്. ശുദ്ധതയുള്ളവനും സുകൃതോത്സുകനുമായ മനുഷ്യൻ അവന്റെ സ്വതന്ത്രമായ പല തീരുമാനങ്ങളിലൂടെ തന്നെത്തന്നെ രൂപവത്കരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ വളർച്ചയുടെ ഘട്ടങ്ങളിലൂടെ അവൻ ധാർമിക നന്മയെ അറിയുകയും സ്നേഹിക്കുകയും പൂർണമാക്കുകയും ചെയ്യുന്നു" (ഖണ്ഡിക 2343).

**കരുതലും കാവലുമാകേണ്ട മാതാപിതാക്കളും അധ്യാപകരും**

കുടുംബങ്ങളും മാതാപിതാക്കളും കലാലയങ്ങളും അധ്യാപകരും യുവതയ്ക്കു കാവലായി, കൈത്താങ്ങായി ഒപ്പമുണ്ടാകണം. ഹൃദ്യമായ കുടുംബബന്ധങ്ങളാണ് എല്ലാവർക്കും പ്രത്യേകിച്ച് കൗമാരക്കാർക്കും യുവജനങ്ങൾക്കും ഏറ്റവുമധികം സുരക്ഷിതത്വം പകരുന്നത്.

വളർച്ചയുടെ ഓരോ ഘട്ടത്തിലും ആവശ്യമായ ലൈംഗികപരിജ്ഞാനവും ലൈംഗികവിദ്യാഭ്യാസവും ക്രമാനുഗതമായി നല്കാൻ മാതാപിതാക്കളും അധ്യാപകരും ശ്രമിക്കേണ്ടതുമുണ്ട്. ശരിയായ അറിവു ലഭിക്കാതെ വരുമ്പോൾ ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻ വികലമായ അറിവുകൾ തേടിപ്പോകും. സൗഹൃദങ്ങളിൽ പുലർത്തേണ്ട പക്വതയും ആരോഗ്യകരമായ അകലവും ലക്ഷ്മണരേഖയുമൊക്കെ പുലർത്താൻ ഇവർ ചെറുപ്പക്കാരെ ഓർമിപ്പിക്കുകയും വേണം. ആത്മവിശ്വാസവും ആത്മാഭിമാനവും ആൺ-പെൺ തുല്യമഹത്ത്വവും ലിംഗനീതിയും നമ്മുടെ യുവതീയുവാക്കളിൽ വർദ്ധിച്ചുവരണം.

**നിറയെ ഫലങ്ങൾ ചൂടുന്ന ജീവിതം**

പുരുഷത്വവും സ്ത്രീത്വവും പരസ്പരപൂരകങ്ങളാണ്. ഓരോ വ്യക്തിയെയും പരസ്പരം സമ്മാനമായി വിലമതിക്കാൻ ഇടയാകണം. ലൈംഗികവ്യത്യസ്തകളുള്ളവരെയും വ്യക്തികളായിക്കണ്ട് ആദരിക്കാൻ കഴിയണം. ഹൃദ്യമായ ആൺ-പെൺ ബന്ധങ്ങളും സൗഹൃദങ്ങളും പ്രണയവും ഒരു കലയാണ്. ശരീരത്തിന്റെയും ഹൃദയത്തിന്റെയും ശിക്ഷണം ഇതിനു വളരെ പ്രധാനപ്പെട്ടതാണ്.


## എം.എഡ്. അഡ്മിഷൻ

പാലാ: സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ M.Ed. കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. B.Ed./ B.A. D.Ed./ B.Sc. B.Ed./ B.El.Ed. എന്നിവയിൽ 50% മാർക്കുള്ളവർക്കും D.El.Ed യും ഡിഗ്രിയും ഉള്ളവർക്ക് രണ്ടു കോഴ്സുകൾക്കും 50% മാർക്കുണ്ടെങ്കിലും M.Ed. കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. യൂണിവേഴ്സിറ്റി നിർദേശിച്ചിരിക്കുന്ന ഫീസ് മാത്രം. SC, ST, OEC വിഭാഗങ്ങൾക്ക് ഫീസാനുകൂല്യം ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക്
ഫോൺ. 04822 216537
9495212730, 9447599631.

ദളം പത്ത്



മോബിൻ മോഹൻ



# ചിരിക്കുന്ന സന്ന്യാസിമാർ

"ഇന്നത്തെ കഥ ചിരിയെപ്പറ്റിയാണ്.'' ഉണ്ണീരിയമ്മ പറഞ്ഞു.

"ചിരിയെപ്പറ്റിയോ"– കുഞ്ഞുണ്ണി ഉത്സാഹത്തോടെ ചോദിച്ചു.

''അതേ ചിരിയെപ്പറ്റി, ദാ കേട്ടോളൂ."

പണ്ടുപണ്ട് ചൈനയിൽ മൂന്നു സന്ന്യാസിമാർ ഉണ്ടായിരുന്നു. മൂന്നുപേരും ആത്മസുഹൃത്തുക്കളായിരുന്നു. സ്വന്തമായി ആശ്രമമോ ശിഷ്യന്മാരോ അവർക്കില്ലായിരുന്നു. എന്തിന്, ധ്യാനിക്കുകപോലും ചെയ്യില്ലായിരുന്നു. അവർ ആകെ ചെയ്തിരുന്നത് ചിരിക്കുക മാത്രമാണ്. പരസ്പരം നോക്കി ഉള്ളുതുറന്ന് പൊട്ടിപൊട്ടിച്ചിരിച്ചു. അതുകൊണ്ടുതന്നെ ആളുകൾ അവരെ ചിരിക്കുന്ന സന്ന്യാസിമാർ എന്നു വിളിച്ചു.

ഒരു ഗ്രാമത്തിൽ എത്തിയാൽ അവർ ആദ്യം ആളുകൾ കൂടുന്ന ഒരു തുറസ്സായ സ്ഥലം കണ്ടുപിടിക്കും. എന്നിട്ടോ? മൂന്നുപേരും പരസ്പരം നോക്കി നിഷ്കളങ്കമായി പൊട്ടിച്ചിരിക്കാൻ തുടങ്ങും. മൂന്നു സന്ന്യാസിമാർ പരസ്പരം നോക്കി ചിരിക്കുന്ന കൗതുകക്കാഴ്ച കാണാൻ ആളുകൾ ചുറ്റും കൂടും. ആൾക്കൂട്ടത്തിലേക്കും ചിരി പടരും. സന്ന്യാസിമാരുടെ ചിരി കാണാൻ ഗ്രാമത്തിന്റെ പല ദിക്കുകളിൽനിന്നും ആളുകൾ കൂട്ടമായെത്തും. അങ്ങനെ ചിരി ഒരു മാലപ്പടക്കംപോലെ തുടരും. ആളുകളുടെ ദുഃഖവും ആശങ്കകളും അസ്വസ്ഥതകളും എല്ലാം ചിരിയിൽ മാഞ്ഞുപോകും. ഒരു ഗ്രാമം മുഴുവൻ സന്തോഷം നിറയും. തുടർന്ന് അവർ അടുത്ത ഗ്രാമത്തിലേക്കു നീങ്ങും. അങ്ങനെ ഗ്രാമങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്ക് ചിരിയുടെ, സന്തോഷത്തിന്റെ തിരയൊഴുകി. മറ്റുള്ളവരെ ചിരിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ പ്രാർത്ഥനയെന്ന് അവർ വിശ്വസിച്ചു. എപ്പോഴും ചിരിക്കുന്ന സന്ന്യാസിമാരെ ആളുകൾക്കു വലിയ ഇഷ്ടമായിരുന്നു.



കാലം കടന്നുപോയി. സന്ന്യാസിമാർക്കു പ്രായമായി. ഒരിക്കൽ ഒരു സന്ന്യാസി മരിച്ചുപോയി. ആളുകൾക്കെല്ലാം വലിയ സങ്കടമായി. ആത്മസുഹൃത്തിന്റെ മരണം മറ്റു രണ്ടു സന്ന്യാസിമാരെ മാനസികമായി തകർക്കുമെന്ന് അവർക്ക് ഉറപ്പായിരുന്നു. സുഹൃത്തിന്റെ വേർപാടിൽ കരയുന്ന സന്ന്യാസിമാരെ കാണാനെത്തിയ ആൾക്കൂട്ടത്തിനു തെറ്റി. രണ്ടു സന്ന്യാസിമാരും അപ്പോഴും ചിരിക്കുകയായിരുന്നു.

മരണത്തിലും എന്തിനാണു ചിരിക്കുന്നതെന്ന് ഒരാൾ സന്ന്യാസിമാരോടു ചോദിച്ചു.

''ഞങ്ങൾ മൂന്നുപേരും തമ്മിൽ ഒരു പന്തയം ഉണ്ടായിരുന്നു. ആദ്യം ആരാണു മരിക്കുന്നത് എന്ന്. അവസാനം അയാളാണ് ജയിച്ചത്. സുഹൃത്തിന്റെ ജയത്തിലാണ് ഞങ്ങൾ സന്തോഷിക്കുന്നത്." – സന്ന്യാസിമാർ മറുപടി പറഞ്ഞു.

മരിച്ച സന്ന്യാസിയുടെ മരണപത്രത്തിൽ ഇങ്ങനെ എഴുതിവച്ചിരിന്നു:

"എന്നെ മരണശേഷം കുളിപ്പിക്കുകയോ എന്റെ വസ്ത്രം മാറ്റി പുതിയത് അണിയിക്കുകയോ മരണകർമങ്ങൾ ചെയ്യുകയോ അരുത്. ജീവിതകാലം മുഴുവൻ ചിരിച്ചും ചിരിപ്പിച്ചും അകമേയും പുറമേയുമുള്ള എന്റെ അഴുക്കുകൾ ഇല്ലാതായിരിക്കുന്നു."

സന്ന്യാസിയുടെ ആഗ്രഹമനുസരിച്ച് മരണപത്രത്തിൽ പറഞ്ഞതുപോലെ അദ്ദേഹത്തെ ചിതയിലേക്ക് എടുത്തു. ചിത കത്തുമ്പോഴാണ് ആ അദ്ഭുതം സംഭവിച്ചത്. ചിതയിൽനിന്നു വർണപ്പൂത്തിരികൾ ഉയർന്നു കത്താൻ തുടങ്ങി. ആകാശത്ത് പൂത്തിരികൾ വർണവിസ്മയം തീർത്തു. മരിക്കുന്നതിനുമുമ്പ് തന്റെ വസ്ത്രത്തിനിടയിൽ സന്ന്യാസി ചൈനീസ്പൂത്തിരികൾ ഒളിപ്പിച്ചിരുന്നു. വർണങ്ങളുടെ വിസ്മയപ്രപഞ്ചം ആളുകളിൽ അദ്ഭുതം സൃഷ്ടിച്ചു. ഒപ്പം, സന്ന്യാസിയുടെ അവസാനത്തെ കുസൃതിയിൽ അവർ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഈ ലോകത്തുനിന്നു വേർപിരിയുന്ന നിമിഷംപോലും ആളുകളിലേക്കു സന്തോഷം പകർന്ന സുഹൃത്തിനെക്കുറിച്ചാലോചിച്ച് മറ്റു രണ്ടു സന്ന്യാസിമാരും അഭിമാനിച്ചു.

സ്വയം ചിരിക്കുക, മറ്റുള്ളവരെ ചിരിപ്പിക്കുക, സന്തോഷിപ്പിക്കുക – അതാണ് ഏറ്റവും വലിയ പ്രാർത്ഥന.

''കഥയിഷ്ടപ്പെട്ടോ കൂട്ട്യോളേ" – ഉണ്ണീരിയമ്മ ചോദിച്ചു

കുട്ടികൾ സന്തോഷത്തോടെ തലയാട്ടി.



"ചിരിക്കാത്ത ഒരു ദിവസം ജീവിതത്തിലെ പാഴായ ഒരു ദിവസമാണ് എന്നു പറഞ്ഞത് ആരാണെന്നറിയാമോ?"

എല്ലാവരിലേക്കും മൗനം പടർന്നപ്പോൾ ഉണ്ണീരിയമ്മ തന്നെ ഉത്തരം പറഞ്ഞു:

''ചിരിയുടെ ചക്രവർത്തി ചാർളി ചാപ്ലിൻ."

# സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും



ത്രേസ്യാമ്മ ജോസഫ്



സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കാത്തവർ ആരാണുള്ളത്? അധികംപേരും അപരന്റെ നന്മയിൽ അസൂയ കൊള്ളുന്നവരാണ്. അതിരാവിലെ ദൈവാലയത്തിൽ പോയി പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും എല്ലാ ഭക്ത സംഘടനകളുടെയും മുൻനിരയിൽനിന്നു പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് നല്ലപിള്ള ചമയുന്നവരുടെ സമൂഹത്തിൽ എത്ര പേരുണ്ട്, തന്റെ സഹോദരർക്കുവേണ്ടി അല്പനേരമെങ്കിലും ചെലവഴിക്കാൻ. അവർക്കു ഭയങ്കര തിരക്കാണ്. ഒന്നിനും സമയമില്ല. അന്യനെ നിന്ദിക്കാനും അവഹേളിക്കാനും അവർ എങ്ങനെയും സമയം കണ്ടെത്തും. നാം നമ്മുടെ കണ്ണിലെ കരടെടുത്തു കളഞ്ഞിട്ടുവേണം അന്യന്റെ കണ്ണിലെ കരടുനീക്കാനെന്നു പ്രത്യേകം ഓർത്തിരിക്കുന്നതു നന്ന്.

മറ്റുള്ളവരെ സ്നേഹിച്ചില്ലെങ്കിലും വേദനിപ്പിക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ഒരു നോട്ടംപോലും അന്യനെ വേദനിപ്പിക്കുന്നതാകരുത്. അതിരുകളില്ലാത്ത സ്നേഹം– അതാണ് യേശു നമ്മോടാവശ്യപ്പെടുന്നത്. ഒരു വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരാളെ സ്നേഹിക്കുന്നുണ്ടെന്ന് അപരനു മനസ്സിലാകുമെങ്കിൽ നമ്മുടെ ജീവിതം ധന്യമായി. സ്നേഹത്തിന്റെ പാരമ്യത്തിലാണ് യേശുനാഥൻ ഗാഗുൽത്തായിൽ തന്റെ ജീവൻ മനുഷ്യമക്കൾക്കായി ഹോമിച്ചത്. അവിടുത്തെ പിൻഗാമികളായ നാമും സ്നേഹം മുഖമുദ്രയാക്കാൻ അവിടുന്നാഗ്രഹിക്കുന്നു. സ്നേഹമുണ്ടെങ്കിൽ നമുക്കൊന്നിനും കുറവുവരില്ല. അതില്ലെങ്കിൽ നോക്കുന്നതും കാണുന്നതുമെല്ലാം അരോചകമായിട്ടു തോന്നാം.

സ്നേഹത്തോടുകൂടിയുള്ള ഒരു പുഞ്ചിരി, ഒരു സാന്ത്വനം, ഒരു പ്രോത്സാഹനം എല്ലാം അന്യനെ സന്തോഷിപ്പിക്കുമെന്നുള്ളതു തീർച്ച. അതേസമയം തന്നെ നമ്മുടെ സൽപ്രവൃത്തികൾക്കു കൂലി നല്ലവനായ ദൈവം അളന്നു തൂക്കി കാത്തുവച്ചിട്ടുണ്ടാവും. അതു വാങ്ങണമെന്ന് അല്പമെങ്കിലും ആഗ്രഹമുണ്ടെങ്കിൽ നമ്മുടെ അയൽക്കാരെ, നമ്മുടെ സഹോദരരെ, സ്നേഹിച്ചും പ്രോത്സാഹിപ്പിച്ചും സഹായിച്ചും മുന്നേറുക. ജീവിതവിജയം സുനിശ്ചയം.



നവീനപാചകം

# ഡേറ്റ് റോൾസ് വിത് കസ്റ്റേർഡ് ക്രീം

മാഗി ജോസ് മേനാംപറമ്പിൽ

***ചേരുവകൾ***

| | | |
|---|---|---|
| 1. | ഈന്തപ്പഴം (കുരു കളഞ്ഞ് നീളത്തിൽ അരിഞ്ഞത്) | – 200 ഗ്രാം |
| | മാരി ബിസ്കറ്റ് പൊടിച്ചത് | – 200 ഗ്രാം |
| | കണ്ടൻസ്ഡ് മിൽക്ക് | – ഒരു ടിൻ |
| 2. | പാൽ | – അര ലിറ്റർ |
| 3. | പഞ്ചസാര | – 3 വലിയ സ്പൂൺ |
| | കസ്റ്റേർഡ് പൗഡർ | – 2 വലിയ സ്പൂൺ |
| 4. | ഈന്തപ്പഴം പൊടിയായി അരിഞ്ഞത് | – അലങ്കരിക്കാൻ |

***പാകം ചെയ്യുന്ന വിധം***

- ഒന്നാമത്തെ ചേരുവ നന്നായി യോജിപ്പിച്ച് ഫോയിൽ പേപ്പറിൽ വച്ച് നീളത്തിൽ തടിപോലെ ഉരുട്ടി ഫോയിൽ പേപ്പർകൊണ്ടുതന്നെ പൊതിഞ്ഞ് ഒരു മണിക്കൂർ ഫ്രീസറിൽ വയ്ക്കുക. ഇതാണ് ഡേറ്റ് റോൾ.
- അരക്കപ്പ് പാലും കസ്റ്റേർഡ് പൗഡറും പഞ്ചസാരയും യോജിപ്പിച്ച് പേസ്റ്റ്പരുവത്തിലാക്കണം.
- ബാക്കി പാൽ തിളപ്പിച്ചശേഷം വാങ്ങി കസ്റ്റേർഡ് പേസ്റ്റ് ചേർക്കുക.
- ഇത് വീണ്ടും അടുപ്പിൽ വച്ച് തുടരെയിളക്കി കുറുക്കണം. ഒരു മിനിറ്റുകൂടി അടുപ്പിൽ വച്ച് നന്നായി മയപ്പെടുത്തുക. മധുരം പാകത്തിനാകണം.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നിനക്കെതിരേയുള്ള വിധി കർത്താവ് പിൻവലിച്ചിരിക്കുന്നു. നിന്റെ ശത്രുക്കളെ അവിടുന്ന് ചിതറിച്ചിരിക്കുന്നു.

സെഫാനിയാ 3:15

## എഡിറ്റോറിയൽ

### സർക്കാർ സർട്ടിഫിക്കറ്റുകൾ

# ലളിതവും വേഗവും സൗഹൃദപരവും

സർട്ടിഫിക്കറ്റുകൾക്കായി സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന പൊതുജനങ്ങളെ നിയമക്കുരുക്കളാൽ പൊറുതിമുട്ടിച്ച, നാളിതുവരെയുള്ള ദുഷിച്ച ഭരണവ്യവസ്ഥിതിക്ക് അന്ത്യം കുറിച്ചിരിക്കുന്നു കേരളസർക്കാർ. കെട്ടിക്കിടന്ന ഫയലുകളും കുരുക്കുമുറുകിയ ചുവപ്പുനാടകളും ജനജീവിതത്തെ വീർപ്പുമുട്ടിക്കുകയും വെറുപ്പിക്കുകയും ചെയ്തുപോന്ന സാമ്പ്രദായിക നയങ്ങൾക്കറുതിവരുത്താനുള്ള സർക്കാർതീരുമാനം ശ്ലാഘനീയമാണ്. സർക്കാർതല സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ സങ്കീർണമായ നടപടിക്രമങ്ങളും നൂലാമാലകളും സൃഷ്ടിച്ചിരുന്നിടത്ത്, ലളിതവും സുന്ദരവുമായ സേവനമുഖം വൈകിയ വേളയിലെങ്കിലും സർക്കാരിനു കാഴ്ചവയ്ക്കാനായത് സ്വാഗതാർഹംതന്നെ.

ഒരു സർട്ടിഫിക്കറ്റിന് ഒന്നിലേറെ ഓഫീസുകളിൽ പലതവണ കയറിയിറങ്ങുകയും ഒരു ഓഫീസിൽത്തന്നെ വിവിധ മേശകളിലെ ഫയലുകളിൽ അപേക്ഷകൾ ഒളിപ്പിക്കുകയും ചെയ്തിരുന്ന പ്രാമാണികചിട്ടവട്ടങ്ങൾക്കാണ് ചുവടിളക്കം സംഭവിച്ചിരിക്കുന്നത്. അപേക്ഷകരായ ജനങ്ങളെ ആട്ടിയകറ്റുകയും അന്യവത്കരിക്കുകയും ചെയ്തുപോന്ന ഉദ്യോഗസ്ഥമേലാളന്മാരുടെ അധികാരദുർവിനിയോഗത്തിനുള്ള താക്കീതു കൂടിയാണ് പുതിയ പ്രഖ്യാപനം.

സാധാരണക്കാർക്കു പൂരിപ്പിക്കാൻ പ്രയാസമുണ്ടായിരുന്ന അപേക്ഷാഫോറത്തിന് രൂപമാറ്റം വന്നിരിക്കുന്നുവെന്നതാണ് എടുത്തുപറയേണ്ട ഒരു കാര്യം. ഓരോ അപേക്ഷാഫോറവും ഒറ്റപ്പേജിൽ തീർന്നിരിക്കും. അപേക്ഷാഫീസ് ഇനിയുണ്ടാവില്ല. അപേക്ഷയോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്താം. പൗരന്മാരെ വിശ്വാസത്തിലെടുക്കാതെ, ഏതു കാര്യത്തിനും ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യമുദ്ര പതിയണമെന്ന, കൊളോണിയൽകാലമനോഭാവത്തിന്റെ അവശേഷിപ്പുകൾക്കും അന്ത്യംകുറിച്ചിരിക്കുന്നു.

ഒരാവശ്യത്തിനു നൽകിയ സർട്ടിഫിക്കറ്റുകൾ മറ്റാവശ്യങ്ങൾക്കും സർക്കാർ ഓഫീസുകളിൽ സാധുവാണ് എന്നത് ആശ്വാസകരമാണ്. അപേക്ഷകന്റെ എസ്.എസ്.എൽ.സി. ബുക്കിലോ വിദ്യാഭ്യാസരേഖയിലോ മതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇനി മൈനോരിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ല. റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനനസർട്ടിഫിക്കറ്റ് എന്നീ രേഖകളിൽ ഏതിലെങ്കിലും ബന്ധുത്വം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു ബന്ധുത്വസർട്ടിഫിക്കറ്റായി കണക്കാക്കാം. റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു കുടുംബാംഗത്വസർട്ടിഫിക്കറ്റായി ഉപയോഗിക്കാം.

ജാതിസർട്ടിഫിക്കറ്റിന് എസ്.എസ്.എൽ.സി. ബുക്കിലെ ജാതി രേഖപ്പെടുത്തിയിരിക്കുന്നത് ആധികാരികരേഖയായി പരിഗണിക്കാമെന്നുള്ളത്, പട്ടികജാതി-പട്ടികവർഗവിഭാഗം ജാതി സർട്ടിഫിക്കറ്റിനായി ഇന്നോളം നടത്തിയ അലച്ചിലുകൾക്കുള്ള ആശ്വാസവും അംഗീകാരവുമാണ്. എസ്.എസ്.എൽ.സി. പാസാകാത്തവരോ പൂർത്തിയാക്കാത്തവരോ ഉണ്ടെങ്കിൽ അവർക്കും സ്കൂൾ റെക്കോർഡിലെ രേഖകൾ ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനരേഖയായി സ്വീകരിക്കാം.

ഓൺലൈനായോ നേരിട്ടോ അപേക്ഷ ലഭിച്ചാൽ അഞ്ചു ദിവസത്തിനകം അതിൽ തീരുമാനമെടുത്തിരിക്കണമെന്ന വ്യവസ്ഥയും സ്വാഗതാർഹമാണ്. സംസ്ഥാനത്ത് വാതിൽപ്പടി സേവനപദ്ധതി ആരംഭിച്ചതിനു തൊട്ടുപിന്നാലെ, അപേക്ഷകളും അതിന്മേലുള്ള നടപടികളും ലളിതവും വേഗവും ജനസൗഹൃദപരവുമാക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച നയക്രമീകരണങ്ങൾക്കു സ്ഥിരതയുണ്ടാവുമോ എന്നതുമാത്രമാണ് ജനങ്ങളുടെ ആശങ്ക. സർക്കാർ മേഖലയിലെ രാഷ്ട്രീയപ്പോരും കെടുകാര്യസ്ഥതയും കണ്ടുമടുത്ത ജനങ്ങൾക്കുണ്ടാകുന്ന സ്വാഭാവികാശങ്കയ്ക്ക് അറുതി വരുത്താൻ സർക്കാരിനാവുമെന്നു പ്രതീക്ഷിക്കാം.

സർക്കാർ പൊതുജനങ്ങൾക്കു നൽകുന്ന വിവിധങ്ങളായ സർട്ടിഫിക്കറ്റുകളുടെയും സേവനങ്ങളുടെയും പിന്നിലുള്ള സങ്കീർണതകൾ ഒഴിവാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുന്നതോടെ സർക്കാരുദ്യോഗസ്ഥരും ജനങ്ങളും തമ്മിലുണ്ടായിരുന്ന ഏറ്റുമുട്ടലുകൾക്കും വാഗ്വാദങ്ങൾക്കുംകൂടിയാണ് അറുതിയുണ്ടാവുന്നത്. ഇനിമുതൽ ഏതൊരു സാധാരണക്കാരനും സർക്കാർ ഓഫീസുകളിലേക്കു കയറിച്ചെല്ലാനും അവന്റെ ആവശ്യങ്ങളുന്നയിക്കാനും മടിയോ പേടിയോ വേണ്ട. ശുപാർശകരുടെയും ഇടനിലക്കാരുടെയും 'സേവനങ്ങൾ' ആവശ്യമില്ലാതായിരിക്കുന്നു. കൈക്കൂലിയടക്കമുള്ള കൊള്ളരുതായ്മകൾക്കു കൂട്ടുനില്ക്കുന്നവർക്കും അഴിമതിയെ പോറ്റിവളർത്തുന്നവർക്കും 'അഴി' മതിയെന്ന പൊതുബോധമുണർത്താൻ പുതിയ സർക്കാർപ്രഖ്യാപനങ്ങൾക്കും സംവിധാനങ്ങൾക്കും കഴിഞ്ഞിരുന്നെങ്കിൽ!

■

# ഉദാത്തമായ ചിന്തകൾ



## പ്രതികരണം

"മനുഷ്യൻ പ്രപഞ്ചത്തെ സംരക്ഷിക്കുന്നവനും അതിന്റെ കാവൽക്കാരനുമാകണം." 'ലൗദാത്തോ സി' എന്ന വിശ്വപ്രസിദ്ധ ചാക്രികലേഖനത്തിലൂടെ ഫ്രാൻസീസ് മാർപാപ്പാ ലോകത്തിനു നൽകിയ ഈ ആഹ്വാനം ഓർമിപ്പിക്കുമാറ് കൊഴുവനാൽ ജോസ് 'ദീപനാളം' വാരികയുടെ 21-ാം ലക്കത്തിലെഴുതിയ ഈടുറ്റ ലേഖനം വായിച്ചു. 'ദൈവം നൽകിയ വിഭവങ്ങളെ ഉത്തരവാദിത്വമില്ലാതെ ദുർവിനിയോഗം ചെയ്യുകവഴി അവൾക്കേറ്റ ക്ഷതം മൂലം ഭൂമി നമ്മെ നോക്കി വിലപിക്കുന്നു' എന്ന ഫ്രാൻസീസ് മാർപാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചതു ഹൃദയസ്പർശിയായി. മനുഷ്യകുലം ഭൂമിയോടു ചെയ്തുപോയ പാതകങ്ങളെയോർത്ത് മനസ്തപിക്കുന്ന ലേഖകന്റെ മനസ്സലിഞ്ഞുള്ള ഒരു പ്രാർത്ഥന ലേഖനാന്ത്യത്തിൽ ഉൾക്കൊള്ളിച്ചതും ഉചിതമായി.

പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റങ്ങൾക്കു പ്രകൃതിതന്നെ കരുതിവച്ച തിരിച്ചടികൾ ഓരോന്നായി വന്നുതുടങ്ങിയിരിക്കുന്നു. കാലാവസ്ഥയിൽ വന്നുഭവിച്ചിട്ടുള്ള ഗണ്യമായ മാറ്റം സൃഷ്ടിക്കുന്ന കൊടുങ്കാറ്റുകളും പേമാരികളും മണ്ണിടിച്ചിലുകളും ഭൂകമ്പവും സുനാമിയും പതിവായിരിക്കുന്നു. ഇന്നത്തെ നിലയിലെങ്കിലും കാലാവസ്ഥയെ മെരുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ തിക്താനുഭവങ്ങൾ അനുഭവിക്കേണ്ടത് വരുംതലമുറകളായിരിക്കുമെന്നും ലേഖകൻ സൂചിപ്പിക്കുന്നുണ്ട്. കൊവിഡ് മഹാമാരിയുടെ മരണയാത്ര തുടങ്ങിയിട്ട് 20 മാസം പിന്നിട്ടിരിക്കുന്നു.

ദൈവികനിയമങ്ങളും പ്രകൃതിനിയമങ്ങളും കാറ്റിൽപ്പറത്തി അഹന്തയുടെ കൊടുമുടിയിൽ മനുഷ്യൻ വിരാജിക്കുകയാണ്. പരമകാരുണികനായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടും (ഉത്പത്തി 1:26) സ്വന്തം സഹോദരനെപ്പോലും ഇല്ലായ്മ ചെയ്യുന്ന മനുഷ്യന്റെ ക്രൂരതയ്ക്കുള്ള ശിക്ഷാവിധി ഏറ്റുവാങ്ങിയല്ലേ മതിയാകൂ? നിഷ്കളങ്കനായ ആബേലിനെ കൊന്നുകളഞ്ഞ കായേനോട് ദൈവം പറഞ്ഞു: "നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചുകരയുന്നു" (ഉത്പത്തി 4:10).

ദൈവികപദ്ധതി എന്തെന്നു തിരിച്ചറിയാനും തദനുസാരം സഹജീവികളെയും പ്രകൃതിയെയും സംരക്ഷിക്കാനും കടപ്പെട്ട മനുഷ്യൻ അവയുടെ അന്തകനായതാണ് ദുരന്തം. മഴക്കാടുകളും നിത്യഹരിതവനങ്ങളും ബോധപൂർവവും അല്ലാതെയും നശിപ്പിക്കുന്നതിനെക്കുറിച്ചും കൊഴുവനാൽ ജോസ് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വിഷവായുക്കളെ ആഗിരണം ചെയ്തു പ്രാണവായുവിനെ പുറത്തുവിടുന്നത് വൃക്ഷലതാദികളാണെന്നു വിസ്മരിച്ചുകൂടാ. പ്രാണവായു കിട്ടാതെ മനുഷ്യനും ജീവജാലങ്ങളും മരിച്ചുവീഴുന്ന അവസ്ഥയിലേക്കാണോ ലോകം നീങ്ങുന്നതെന്നും തോന്നിപ്പോകുന്നു. പഴയതിലേക്കുള്ള ഒരു തിരിച്ചുപോക്ക് ഇനി അസാധ്യമായിരിക്കുമെന്ന യാഥാർത്ഥ്യവും മറന്നുകൂടാ.

ഉദാത്തമായ ഇത്തരം ചിന്തകൾ വായനക്കാരുമായി പങ്കുവച്ച കൊഴുവനാൽ ജോസിന് അഭിനന്ദനങ്ങൾ!

**തോമസ് കുഴിഞ്ഞാലിൽ**
**വെട്ടിമറ്റം**

# ഒറ്റതിരിയുന്ന യുവത മൂർഖനെക്കാൾ അപകടം!

ഈയടുത്തകാലത്തു നാട്ടിലെ യുവജനങ്ങളിൽ അക്രമ/അതിക്രമവാസനകൾ ഭീതികരമാംവണ്ണം വർദ്ധിക്കുന്നതായി എങ്ങും അനുഭവപ്പെട്ടുവരുന്നു. കൊലയും കൊള്ളിവയ്പും പീഡനങ്ങളും ആത്മഹത്യകളും ആവർത്തിക്കുന്നു.

പഴയകാല വ്യവസായവിപ്ലവത്തെക്കാൾ അധികം തിക്തഫലങ്ങളുമായി പുതിയകാല സൈബർവിപ്ലവം മനുഷ്യജീവിതത്തിലേക്കു കടന്നുകയറുന്നതുതന്നെ പ്രധാനകാരണം. മനുഷ്യ-പ്രകൃതി കൂട്ടുവിട്ട് വളരുന്ന കുട്ടികളും യുവതീയുവാക്കളും മാനസികമായ ഒറ്റപ്പെടൽ, സോഷ്യൽ മീഡിയയുടെ മാസ്മരികതയിൽ, ഒരു താത്കാലികസുഖമായി അനുഭവിച്ച്, ലക്ഷ്യബോധം നശിച്ച്, ഒരു ഭീകരാവസ്ഥയിലേക്കു എത്തിച്ചേരുകയാണ്.

ജീവന്റെ വില, കൊലയുടെ അർത്ഥം, മരണത്തിന്റെ നഷ്ടം, സ്നേഹരാഹിത്യത്തിന്റെ ഭീകരത, ഒന്നും അവർക്കു തിരിയുന്നില്ല.

ലോകം ഇതു വിഷയമാക്കാതെ, മതത്തിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും മത്തുപിടിച്ചു പരാക്രമം നടത്തുകയാണ്. ആരോടും മനസ്സു തുറക്കാത്ത കുട്ടികളും/യുവാക്കളും ഹൃദയത്തിലൂന്നി വളരുന്ന സ്നേഹവും പ്രേമവും വീട്ടിലോ പുറത്തോ കണ്ടെത്തുന്നില്ല. പല കുഞ്ഞുങ്ങളുടെയും ആരുമറിയാത്ത മനോനില പെട്ടെന്നൊരു വികാരവിസ്ഫോടനത്തിൽ പുറത്തുവരുന്നത് അരുംകൊലകളായി മാറുന്നു. കൊടിയ പാതകത്തിനു ശേഷവും അക്ഷോഭ്യരായി നിൽക്കാനേ അവർക്കു കഴിയുന്നുള്ളൂ.

രാഷ്ട്രീയക്കാരും മതചിന്തകരും അധ്യാപകരുമൊക്കെ നമ്മുടെ നാടിന്റെ പതനം കണ്ടില്ലെന്നു നടിക്കരുത്. വലിയൊരു തിരുത്തൽശ്രമം ഉടൻ തുടങ്ങുന്നില്ലെങ്കിൽ, നാടു തകർച്ചയിലേക്കു കൂപ്പുകുത്തും. അതു മനുഷ്യസമുദായത്തിന്റെ അസ്തിവാരമിളക്കും.

ചിന്തയും കർമവും ഒത്തുചേരണം. മതങ്ങളും രാഷ്ട്രവും സംഘടിക്കണം. വിഘടനവാദങ്ങൾക്കു വഴിയടയ്ക്കണം. സ്ത്രീയും പുരുഷനും പ്രകൃതിനിയമങ്ങൾ അനുസരിക്കണം. സ്വത്തും പണവും മനുഷ്യോപകാരപ്രദമാക്കണം.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# സ്വാതന്ത്ര്യത്തിന്റെ കനൽവഴികൾ



വിജയകുമാരി ചാക്കോ

**ജീവിക്കാൻ സ്വതന്ത്രമായ ഒരിടംതേടി പാർക്ക് യോൺമി എന്ന ഉത്തരകൊറിയൻ പെൺകുട്ടി നടത്തിയ സാഹസികയാത്രയിൽ, തനിക്കു നേരിടേണ്ടിവന്ന ദുരിതാനുഭവങ്ങളുടെ വിവരണങ്ങളടങ്ങിയ ആത്മകഥയാണ്** In Order to Live - A North Korean Girl's Journey to Dream. **ആത്മകഥയുടെ ഉള്ളറകളിലേക്ക് ഒരു എത്തിനോട്ടം നടത്തുകയാണു ലേഖിക.**

2014 ൽ ഡബ്ലിനിൽവച്ചു നടന്ന യങ് വേൾഡ് സമിറ്റിൽ 21 വയസ്സുകാരിയായ ഒരു യുവതി, ജീവിക്കാൻ സ്വതന്ത്രമായ ഒരിടംതേടി താൻ നടത്തിയ അതിസാഹസിക യാത്രയെപ്പറ്റി സംസാരിച്ചു. ഏതാണ്ടു രണ്ടു വർഷത്തോളം നീണ്ട ആ യാത്രയിലെ അനുഭവങ്ങൾ ആ പ്രസംഗത്തിലുടനീളം അവളെ കരയിച്ചു. ആ കണ്ണീർക്കഥ കേട്ടു സങ്കടപ്പെടാത്തവരാരുംതന്നെ ആ സദസ്സിലുണ്ടായിരുന്നില്ല. അത്രയ്ക്കു ഹൃദയഭേദകമായ അനുഭവങ്ങളായിരുന്നു 14 വയസ്സുള്ളപ്പോൾ നടത്തിയ ആ രക്ഷപ്പെടലിൽ അവളെ കാത്തിരുന്നത്.

പാർക്ക് യോൺമി എന്ന ഉത്തരകൊറിയക്കാരി പെൺകുട്ടിയാണവൾ. 1993 ഒക്ടോബർ നാലിന് സർക്കാർ ജീവനക്കാരനായിരുന്ന പാർക്ക് ജിൻ ബികിന്റെയും നേഴ്സായ ബിയോണിന്റെയും രണ്ടാമത്തെ മകളായി ജനിച്ച യോൺമിയുടെ ശൈശവം ശാന്തമായി കടന്നുപോയി. എന്നാൽ, അവളുടെ അച്ഛൻ നടത്തിയ നിയമപരമല്ലാത്ത ചില ഇടപാടുകൾ പിടിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിനു ജയിൽവാസമനുഭവിക്കേണ്ടി വന്നു. കുടുംബവും അതിന്റെ തിക്തഫലങ്ങളനുഭവിക്കേണ്ടി വന്നു.

ഇപ്പോഴും വൈദ്യുതി കടന്നുചെല്ലാത്ത ഗ്രാമങ്ങൾ ഉത്തരകൊറിയയിലുണ്ട്. രാത്രികാലങ്ങളിൽ വെളിച്ചം നിഷിദ്ധമാകയാൽ തൊട്ടടുത്ത രാജ്യമായ ചൈനയിൽ രാത്രിയിൽ വെളിച്ചം കാണുമ്പോൾ കുട്ടികൾ അതിശയിച്ചുപോകുന്നു. ഇന്റർനെറ്റ് ഉപയോഗിക്കാനനുവാദമില്ലാത്ത, രാജ്യാന്തരടെലിഫോൺ കോളുകൾ വലിയ കുറ്റകൃത്യമായ ആ രാജ്യത്ത് ജനങ്ങൾ എങ്ങനെ ജീവിക്കുന്നുവെന്നത് ലോകത്തിന് ഇന്നും അദ്ഭുതമാണ്.

ചിന്തിക്കാൻ സാധ്യതകൾ നൽകാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് ഉത്തരകൊറിയയിലേത്. രാജ്യസുരക്ഷയ്ക്കായി ജീവിതം സമർപ്പിക്കാനും, രാജ്യത്തിന്റെ സുപ്രീം ലീഡർക്കായി ചിന്തകൾ പണയം വയ്ക്കാനുമാണവരെ പരിശീലിപ്പിക്കുന്നത്. അന്ധമായ 'അമേരിക്കൻ പക' പൗരന്മാരിൽ കുത്തിവയ്ക്കുന്നു. സ്കൂളിൽ പഠിക്കുന്ന എല്ലാ വിഷയങ്ങളുടെയും പഠനക്രമം ആ രീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഓരോ വിഷയവും പഠിപ്പിക്കുമ്പോഴും പ്രായോഗികപ്രശ്നങ്ങളെ അവതരിപ്പിക്കുന്നത് അത്തരം പശ്ചാത്തലത്തിലാണ്. കായികപരിശീലനമൊക്കെ ബഹുരസമാണ്. അവിടെ പൂച്ചക്കണ്ണുള്ള നീണ്ട മൂക്കുള്ള അമേരിക്കൻ പട്ടാളക്കാരുടെ ഡമ്മികൾ വച്ചിട്ടുണ്ടാവും. അവയെ കുട്ടികൾക്കു വെടിവയ്ക്കുകയോ മുഷ്ടിചുരുട്ടി ഇടിക്കുകയോ കഴുത്തുവെട്ടുകയോ എന്തുവേണമെങ്കിലുമാകാം.

ടിവി തുറന്നാൽ സുപ്രീം ലീഡറിന്റെ അപദാനങ്ങളടങ്ങുന്ന പ്രോഗ്രാമുകളാണ്. ഹോളിവുഡ് സിനിമകളും, കൊക്കക്കോളയുംപോലെ അമേരിക്കൻ ഛായയുള്ള വസ്തുക്കളൊക്കെ നിഷിദ്ധമാണ്. രാജ്യാന്തരസന്ദേശങ്ങളയച്ചാൽ അയാളുടെ സ്ഥാനം പിന്നീടു കാരാഗൃഹത്തിലാകും. ഹോളിവുഡ് സിനിമ കണ്ടാൽ ചിലപ്പോൾ നിങ്ങളുടെ ജീവൻപോലും അപകടത്തിലായേക്കാം... ഇങ്ങനെ പോകുന്ന നിരവധി പ്രശ്നങ്ങൾക്കിടയിലായിരുന്നു യോൺലിയെപ്പോലുള്ള ബാല്യങ്ങളുടെയും കൗമാരങ്ങളുടെയും ജീവിതം.

അവരുടെ ജീവിതം രാജ്യത്തിന്റെ സുപ്രീം കമാൻഡറായ കിം ജോൻ ഉന്നിനുവേണ്ടിയുള്ളതായിരുന്നു. അദ്ദേഹത്തിന് ഒരതിമാനുഷപരിവേഷമായിരുന്നു നൽകിയിരുന്നത്. അദ്ദേഹം അവരുടെ ചിന്തകളെയും സംസാരങ്ങളെയുംപോലും അറിയുമെന്നവർക്കറിയാമായിരുന്നു. യോൺമിയോട് അവളുടെ അമ്മ പറഞ്ഞിരുന്നത് തട്ടിൻപുറത്തെ പെരുച്ചാഴികൾക്കും പറമ്പിലെ കിളികൾക്കും ഇഴജന്തുക്കൾക്കുംപോലും ചെവികളുണ്ടെന്നും എല്ലാം സുപ്രീം ലീഡർ അറിയുമെന്നുമായിരുന്നു. ക്രിയാത്മകചിന്തയും വിമർശനാത്മകചിന്തയും വളർത്താത്ത വിദ്യാഭ്യാസമായതിനാൽ ഒരു ജനതയെ ചൊല്പടിക്കു നിർത്താൻ മൂന്നു തലമുറയായി അവരെ അടക്കിവാഴുന്ന ഭരണാധികാരികൾക്കു സാധിച്ചുവരുന്നു. സുപ്രീം ലീഡർ പശുവിനെ കൊല്ലരുത് എന്നു പറഞ്ഞാൽ അതു ചെയ്യാൻ പാടില്ല. അതിന്റെ പേരിൽ പട്ടാളക്കാർ നിരന്നുനിന്ന് സാധുമനുഷ്യരെ വെടിവച്ച് ശരീരം അരിപ്പപോലെയാക്കി അവർക്കു മുന്നറിയിപ്പുകൾ നൽകി. കൊറോണ വൈറസ് തന്റെ രാജ്യത്തു പ്രവേശിക്കില്ല എന്നു വീമ്പു പറഞ്ഞപ്പോൾ, കൊറോണ രോഗിയെ തോക്കിനിരയാക്കിയെന്നാണു പിന്നാമ്പുറവാർത്തകൾ. അണുവായുധപരീക്ഷണത്തിൽ മുൻപന്തിയിലെത്തിയെന്ന് ശത്രുരാജ്യങ്ങളെ ഭീഷണിപ്പെടുത്തുകയാണ് അദ്ദേഹത്തിന്റെ ഇഷ്ടവിനോദം. തന്റെ അഭിപ്രായത്തോട് അനുകൂലിക്കാത്ത ആരെയും, അത് അമ്മാവനായാലും കുടുംബാംഗമായാലും, വെടിവയ്ക്കുകയോ വേട്ടപ്പട്ടികൾക്കോ പിരാനാമത്സ്യങ്ങൾക്കോ എറിഞ്ഞുകൊടുക്കുകയോ ഒക്കെയാണ് ഈ ഏകാധിപതി ചെയ്യുന്നതെന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.



പാർക്ക് യോൺമി

അധിനിവേശത്തിന്റെ കെടുതികൾ അനുഭവിക്കേണ്ടിവന്ന ഒരു ജനത കമ്യൂണിസ്റ്റുരാജ്യങ്ങളുടെ സഹായത്തോടെ ഗറില്ലായുദ്ധം നടത്തി സ്വാതന്ത്ര്യം നേടിയെന്നതാണ് ഉത്തരകൊറിയയുടെ രാഷ്ട്രീയചരിത്രം. ആ ഗറില്ലാനേതാക്കളിൽ പ്രമുഖനായ കിം സോങ് ജ്യൂ - കിം ഇൻസൺ (സൂര്യനായി ഉദിച്ചുയർന്നവൻ എന്നർത്ഥം) എന്ന പേരിൽ രാജ്യത്തിന്റെ നേതാവായി റഷ്യയുടെ പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ദക്ഷിണകൊറിയയുമായുണ്ടായ യുദ്ധങ്ങളിൽ അനേകായിരങ്ങൾ കൊല്ലപ്പെട്ടു. അന്നു സ്വീകരിച്ച നിർബന്ധിത പട്ടാളസേവനം എന്ന നയം ഇതുവരെയും പൻവലിച്ചിട്ടില്ല.

ഈ നിയമത്തിന്റെ മറവിലാണ് അദ്ദേഹത്തിന്റെ അനന്തരാവകാശി ഇന്നും അധികാരമുറപ്പിക്കുന്നത്. ആ നാട്ടിലെ ജനങ്ങളിൽ ചിലരെങ്കിലും വളരെ രഹസ്യമായി ചൈനയിൽനിന്നു കടത്തിക്കൊണ്ടുവരുന്ന ഹോളിവുഡ് സിനിമകൾ കാണുമായിരുന്നു. യോൺമിയും അവളുടെ അമ്മാവന്റെ വീട്ടിൽവച്ച് അങ്ങനെ ചില സിനിമകൾ കണ്ടിട്ടുണ്ട്. ജീവിതം ഉത്തരകൊറിയയിലെപ്പോലല്ല മറ്റു സ്ഥലത്തെന്ന് അവൾ അങ്ങനെയാണു തിരിച്ചറിഞ്ഞത്. വല്ലാത്ത ദാരിദ്ര്യം അക്കാലത്ത് അവർ അനുഭവിച്ചു. ദാരിദ്ര്യം മൂലം പച്ചിലയും ചെറുജീവികളും ഒക്കെ ഭക്ഷണമായ അവസ്ഥ. ഈ ദുസ്ഥിതിയിൽനിന്നു രക്ഷപ്പെടണമെന്ന ആഗ്രഹം ആ കുടുംബത്തിനുണ്ടായി. ഒരു ദിവസം അവളുടെ സഹോദരിയെ കാണാതായി. അവൾ ചൈനയിലേക്കു രക്ഷപ്പെട്ടുവെന്ന് അവർ മനസ്സിലാക്കി.

ഉത്തരകൊറിയയിൽനിന്ന് അങ്ങനെ ധാരാളം ആൾക്കാർ രക്ഷപ്പെടാൻ ശ്രമിച്ചിരുന്നു. ശ്രമം പട്ടാളക്കാരുടെ കണ്ണിൽപ്പെട്ടാൽ ലഭിക്കുക പരമാവധി ശിക്ഷതന്നെയാണ്. അങ്ങനെ രക്ഷപ്പെടുന്നവരെ ഡിഫെക്ടർ എന്നാണു പറയുക. ഒരു ഡിഫക്ടർ ഏജന്റുമുഖേന അമ്മയും മകളും രക്ഷപ്പെടുവാൻ ശ്രമമാരംഭിച്ചു. തങ്ങൾ സ്വരുക്കൂട്ടിയ പണം മുഴുവൻ ഇടനിലക്കാരനു നൽകി അവർ യാത്രയാരംഭിച്ചു. ഐസുപോലെ തണുത്ത യാലുനദി കടന്നും പർവതങ്ങൾ കയറിയുമുള്ള യാത്ര പക്ഷേ, അത്രപെട്ടെന്നൊന്നും ലക്ഷ്യസ്ഥാനത്തെത്തിയില്ല.

ചൈനയിലെ ഏജന്റിന് കൈമാറ്റപ്പെട്ട ആ അമ്മയെയും മകളെയും വലിയ ദുരന്തങ്ങളാണു കാത്തിരുന്നത്. അയാളുടെ കഴുകൻകണ്ണുകൾ 14 വയസ്സുള്ള യോൺമിയുടെമേൽ പതിഞ്ഞു. കരഞ്ഞുപറഞ്ഞിട്ടും അവളെ വിടാൻ കൂട്ടാക്കാത്ത ഏജന്റിനു മുമ്പിൽ യോൺമിയുടെ അമ്മ അവൾക്കു പകരക്കാരിയായി. തുടർന്ന് അവരെ ചൈനീസ് ധനികർക്കു വിറ്റു. അമ്മയും മകളും അങ്ങനെ വേർപെട്ടു. കേവലം 25000 രൂപയ്ക്കാണ് യോൺമിയെ ധനികൻ വാങ്ങിയത്. അമ്മയ്ക്കു വിലയിട്ടത് അതിന്റെ മൂന്നിലൊന്നും. തുടർന്നുള്ള ആറുമാസക്കാലം കൊടിയ യാതനയാണ് അവൾക്കനുഭവിക്കേണ്ടിവന്നത്. ജയിൽമോചിതനായ അച്ഛൻ കാൻസർ രോഗിയായിട്ടാണ് തിരിച്ചുവന്നത്. അദ്ദേഹം അവിടെയെത്തിയെങ്കിലും തുടർന്നുള്ള പലായനത്തിൽ ചൈനയിലെ ഒരു മലയിൽ വച്ചു മരിച്ചു. രാത്രിയിൽ ആരുമറിയാതെ, ഒരു തുള്ളി കണ്ണീർ പൊഴിക്കാതെ ആ ശരീരം അവർ മറവു ചെയ്തു. വീണ്ടും ആറു മാസങ്ങൾക്കുശേഷമവർ മംഗോളിയവഴി ദക്ഷിണകൊറിയയിലെത്തി. പുറപ്പെട്ടിട്ട് അപ്പോഴേക്കും രണ്ടു വർഷം കഴിഞ്ഞിരുന്നു. അവിടെ കുറച്ചുകാലം അവർക്ക് റീഹാബിലിറ്റേഷൻ സെന്ററിൽ കഴിയേണ്ടിവന്നെങ്കിലും ദക്ഷിണകൊറിയ അവരെ സ്വീകരിച്ചു. അവിടെ അമ്മയ്ക്ക് ഒരു തൊഴിൽ ലഭിച്ചു. യോൺമി പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം യൂണിവേഴ്സിറ്റിയിൽ ഉന്നതപഠനത്തിനായി പ്രവേശിക്കപ്പെട്ടു. പഠനത്തിൽ സമർത്ഥയായിരുന്ന യോൺമി യൂണിവേഴ്സിറ്റിയിലെ പഠനത്തിനിടെയാണ് ഡബ്ലിനിലെ സമ്മേളനത്തിൽ സംസാരിച്ചത്.

യോൺമി ഇന്ന് സ്വാതന്ത്ര്യത്തിൽ ജീവിക്കുന്ന ഒരു വനിതയാണ്. പക്ഷേ, ഉത്തരകൊറിയയിൽ മാറ്റങ്ങൾ വന്നതായി നമുക്കറിവില്ല. അവൾക്ക് യു.എസ്. പൗരത്വവും ലഭിച്ചിട്ടുണ്ട്. പക്ഷേ, ജനിച്ച നാടിനെയോ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന നാട്ടുകാരെയോ അവൾ മറന്നിട്ടില്ല. ഈ വിഷയങ്ങളെക്കുറിച്ച് അന്താരാഷ്ട്രവേദികളിൽ സംസാരിക്കുകയും ഉത്തരകൊറിയയിൽനിന്നു പലായനം ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പിക്കാൻ ശബ്ദമുയർത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. In Order to Live-A North Korean Girls Journey to Dream യോൺമിയുടെ ആത്മകഥയാണ്.

യോൺമിയുടെ രക്ഷപ്പെടലിനിടയിലുണ്ടായ സംഭവവികാസങ്ങളെക്കുറിച്ചും വിവരണങ്ങളെക്കുറിച്ചും പാഠഭേദങ്ങളുണ്ട്. എങ്കിലും യോൺമിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ഈ അതിസാഹസികയാത്ര ഒരു വല്ലാത്ത അനുഭവമായി മനസ്സിൽ തങ്ങിനിൽക്കുന്നു.





# കാലം കരിനിഴൽ വീശുമ്പോൾ!

20 പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

**ക**ഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി മനുഷ്യസമൂഹം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയിന്മേലുള്ള ഏറ്റവും വലിയ പാരിസ്ഥിതിക ഇടപെടലുകളിലൊന്ന് ഭൂമിക്കടിയിൽ കിടക്കുന്ന കാർബണിനെ കുഴിച്ചെടുത്തുകൊണ്ടുവന്ന് അന്തരീക്ഷത്തിലേക്കു തള്ളിവിടുകയാണെന്നുള്ളതാണ്. 'പ്രകൃതി പരിസ്ഥിതി ദാരിദ്ര്യം ജലം ഊർജം' എന്ന ചെറിയ പുസ്തകത്തിലൂടെ നോവലിസ്റ്റ് ആനന്ദ് പങ്കുവയ്ക്കുന്ന ഗൗരവമായ ഈ നിരീക്ഷണം വർത്തമാനകാല വാർത്തകളിൽ കൽക്കരിക്ഷാമമായി നാം അടയാളപ്പെടുത്തിക്കഴിഞ്ഞു. കത്തിത്തീർന്ന കൽക്കരിയും എണ്ണയും നമുക്കു സമ്മാനിക്കുന്നത് പ്രകാശമല്ല കനത്ത ഇരുട്ടാണ്.

പുതുക്കാൻ പറ്റാത്ത (non-renewable) ഊർജസ്രോതസ്സുകളായ ഫോസിൽ ഇന്ധനങ്ങളുടെ വിവേകപൂർണമായ ഉപയോഗത്തെക്കുറിച്ച് ദശാബ്ദങ്ങൾക്കു മുമ്പേ നാം ചർച്ച ചെയ്തു തുടങ്ങിയതാണ്. കൽക്കരി, എണ്ണ എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്. നിയന്ത്രിതമായ ഉപയോഗത്തിലേക്കു പോകുന്നതിനു പകരം ലോകത്തെ കൽക്കരി, എണ്ണപ്പാടങ്ങൾക്കുവേണ്ടിയുള്ള അധിനിവേശങ്ങളുടെ രാഷ്ട്രീയവും മത്സരവുമാണ് നടന്നതും നടക്കുന്നതും.

ഇന്ത്യയിലെ കൽക്കരിബെൽറ്റായ ബീഹാർ, ഒറീസ്സ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെ കൽക്കരിഖനികൾക്കുവേണ്ടി നശിപ്പിക്കപ്പെടുന്ന വനഭൂമിയുടെ കണക്കുകൾ രാഷ്ട്രത്തിനു സമ്മാനിക്കുന്നത് ആർഭാടപൂർണമായ ജീവിതവും സമൃദ്ധിയുമാണ് എന്നു തെറ്റിദ്ധരിക്കരുത്. 'ബ്ലാക്ക് ലങ്' പോലുള്ള ഗുരുതരമായ രോഗങ്ങളാൽ ജീവിതം നഷ്ടമാകുന്ന ഖനിത്തൊഴിലാളികളുടെ മാത്രം പ്രശ്നമല്ലിത്. മറിച്ച്, അന്തരീക്ഷത്തിലേക്ക് അധികമായെത്തുന്ന കാർബൺ ഡൈ ഓക്സൈഡ് ആഗോളതാപനത്തിനും കാലാവസ്ഥാവ്യതിയാനത്തിനും കാരണമാകുമ്പോൾ, അത് മാനവരാശിയുടെ മുഴുവൻ ജീവിതത്തിനുമേൽ കരിനിഴൽ വീശുകയാണ്. അന്തരീക്ഷത്തിലെത്തുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ വലിയൊരു ഭാഗം മോട്ടോർ വാഹനങ്ങളിൽനിന്നു ബഹിർഗമിക്കുന്നതാണ്. റോഡ് വാഹനങ്ങളായാലും കപ്പലായാലും വിമാനമായാലും എണ്ണത്തിൽ പെരുകുമ്പോൾ പ്രശ്നങ്ങൾ അവസാനിക്കുകയല്ല, പുതിയ പ്രതിസന്ധികൾക്ക് ആരംഭം കുറിക്കുകയാണ്.

പൊതുഗതാഗതസംവിധാനങ്ങളിൽനിന്ന് സ്വകാര്യവാഹനങ്ങളിലേക്കുള്ള ചുവടുമാറ്റം ജീവിതനിലവാരത്തെ 'സ്റ്റാൻഡേർഡൈസ്' ചെയ്യുന്നതിന്റെ ഭാഗമായിക്കരുതാമെങ്കിലും ഒരു വീട്ടിൽ ഓരോ അംഗത്തിനും വാഹനം എന്നത് അഹങ്കാരമായിത്തന്നെ കരുതി നിയന്ത്രണവിധേയമാക്കേണ്ടതാണ്. 'അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായ് വരേണം' എന്ന കവിവാക്യം ഓർമയിൽ സൂക്ഷിക്കണം. ലോകത്തെ എന്നും അപകടപ്പെടുത്തുന്നത് ദരിദ്രരല്ല; ധനികരാണ്. അത്തരം അപകടങ്ങളെ പ്രതിരോധിക്കാൻ പാശ്ചാത്യരാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനം 'കാർബൺ റേഷനിങ് അലവൻസാ'ണ്. ഓരോ പൗരനും ഉപയോഗിക്കാവുന്ന, പരമാവധി കാർബണിന്റെ അളവ് നിശ്ചിതമാണ്. പെട്രോൾ വാങ്ങുമ്പോഴും ഫ്ളൈറ്റ് ടിക്കറ്റ് എടുക്കുമ്പോഴും വൈദ്യുതി ഉപയോഗിക്കുമ്പോഴും ഓരോ സന്ദർഭത്തിലും കാർബൺ കാർഡിൽനിന്ന് പോയിന്റുകൾ കുറയും. കുറച്ചുമാത്രം ഉപയോഗിച്ച് ബാക്കിവരുന്നത് മറ്റുള്ളവർക്കു വിൽക്കുന്ന ഒരു ബിസിനസ്സായിത്തന്നെ ഇതു വളർന്നിട്ടുണ്ട്. കാർബൺ ക്രെഡിറ്റ് പോളിസി! ആധുനികമനുഷ്യന്റെ ഓരോ ചുവടുവയ്പ്പും ഒരു കാർബൺ ഫുറ്റ്പ്രിന്റ് (carbon footprint) ആയി പതിയുന്ന അവസ്ഥയിലേക്കു ലോകം മാറിത്തുടങ്ങി.

ഊർജസംരക്ഷണത്തിനുവേണ്ടിയുള്ള ഏതൊരു ചുവടുവയ്പ്പും അത് എത്ര ചെറുതായിരുന്നാൽത്തന്നെ, ആഗോളതാപനത്തിനും കാലാവസ്ഥാവ്യതിയാനത്തിനുമെതിരേയുള്ള ആശാവഹമായ പ്രവർത്തനങ്ങളായിത്തീരും. പൊതുവാഹനഗതാഗതസംവിധാനമുപയോഗിക്കുമ്പോൾ, സ്കൂട്ടറിനുപകരം സൈക്കിളുപയോഗിക്കുമ്പോൾ, വൈദ്യുതി ലാഭിക്കുമ്പോൾ, ടാപ്പിലെ ജലം സൂക്ഷിച്ചുപയോഗിക്കുമ്പോൾ, മൊബൈൽ സ്ക്രീൻ സേവർ വേണ്ടെന്നു വയ്ക്കുമ്പോൾ... തുടങ്ങി എത്രയെത്ര നിലപാടുകളിലൂടെ നമുക്കു നിലനില്ക്കാനാകും. കൊവിഡവധി കഴിഞ്ഞ് സ്കൂൾ തുറക്കുമ്പോൾ ഇത്തരം ചില ചിന്തകൾ കാമ്പസിൽ പങ്കുവയ്ക്കാൻ നമുക്കു കഴിയുമോ കൂട്ടുകാരേ? 'ഒരു കാർബൺ ഫ്രീ കാമ്പസ്' നിങ്ങളുടെ സ്വപ്നമാകുമോ? റാന്തൽ വിളക്കിന്റെ വെട്ടത്തിൽ പഠിക്കുന്ന, കാളവണ്ടിയുടെ വേഗത്തിൽ മാത്രം സഞ്ചരിക്കുന്ന ചില കൂട്ടുകാർ നിങ്ങൾക്കു ഭൂമിയിലുണ്ട്. അമേരിക്കയിൽ; അമിഷ് വംശജരായ നിങ്ങളുടെ സുഹൃത്തുക്കൾ! ■



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# സീമന്തരേഖയിൽ ചന്ദനം ചാർത്തുകയോ?

**ച**ലച്ചിത്രഗാനങ്ങളിൽ അർത്ഥം തിരയേണ്ടതില്ലെന്നു വാദിക്കുന്നവരുണ്ട്. ഭാഷയും സാഹിത്യവും ശരിയായ വളർച്ച പ്രാപിക്കണമെന്ന വിചാരമില്ലാത്തവരാണ് അക്കൂട്ടർ എന്നു പറയേണ്ടിയിരിക്കുന്നു. ഗാനങ്ങൾ കേൾക്കാനുള്ളതാണ് എന്ന മുരട്ടുന്യായത്തിനപ്പുറം ആശയോദീരണം സാധിക്കേണ്ടതുകൂടിയല്ലേ? അവർ ഏതു പാട്ടും തൊണ്ട തൊടാതെ വിഴുങ്ങിയെന്നു വരാം. എന്നാൽ, വരികളുടെ സ്വാരസ്യം അന്വേഷിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുമ്പോൾ പല പ്രയോഗങ്ങളും ചെടിപ്പുളവാക്കുകതന്നെ ചെയ്യും.

"സീമന്തരേഖയിൽ ചന്ദനം
ചാർത്തിയ
ഹേമന്തനീലനിശീഥിനീ"

(ചിത്രം - ആശീർവാദം; രചന - ഭരണിക്കാവ് ശിവകുമാർ; സംഗീതം - എം.കെ. അർജുനൻ; ആലാപനം - വാണി ജയറാം.)

ഇവിടെ സീമന്തരേഖയും ചന്ദനം ചാർത്തലും ഹേമന്തനീലനിശീഥിനിയുമൊക്കെ നമ്മുടെ ശ്രദ്ധയിൽവരുമ്പോൾ, തലയിൽ നടുവേ മുടി പകുത്തിടുമ്പോൾ ഉണ്ടാകുന്ന രേഖയാണ് സീമന്തമെന്നറിയാവുന്ന നാം അതിനോടു ചേർന്നുനില്ക്കുന്ന രേഖയുടെ അധികപ്പറ്റു കണ്ട് കഷ്ടം കൂറിയാൽ അദ്ഭുതമില്ല. സീമന്തത്തിൽ ചന്ദനമല്ല സിന്ദൂരമേ ചാർത്താറുള്ളൂ എന്നുകൂടി ഓർമിക്കുമ്പോൾ ഈ ഗാനം അഗണ്യകോടിയിൽ അകപ്പെടും.

"പാലപ്പൂവേ, നിൻ തിരുമംഗ
ല്യത്താലി തരൂ
മകരനിലാവേ, നീയെൻ നീഹാര
ക്കോടി തരൂ"

(ചിത്രം–ഞാൻ ഗന്ധർവൻ; രചന - കൈതപ്രം; സംഗീതം - ജോൺസൺ; ആലാപനം - കെ. എസ്. ചിത്ര).

പാലപ്പൂവിനെ തോഴിയായി സങ്കല്പിച്ചുകൊണ്ടാണ് നായിക താലി തരാൻ ആവശ്യപ്പെടുന്നത്. ഒരു പെണ്ണിനോട് 'നിൻ തിരുമംഗല്യത്താലി' (നിന്റെ കെട്ടുതാലി) തരണമെന്ന് മറ്റൊരു പെണ്ണ് ആവശ്യപ്പെടുന്നത് അവളുടെ ഭർത്താവിനെ ചോദിക്കുന്നതിനു തുല്യമല്ലേ? പാലപ്പൂവിനോട് താലിയൊരുക്കിത്തരൂ എന്നു ചോദിക്കേണ്ടതിനു പകരമാണ് ഈ തോന്നിയവാസം എന്നോർക്കുക.

"കുളിർപിച്ചിപ്പൂമണം ഒഴുകി
വരും
കുറുമൊഴിമുല്ലതൻ സൗരഭ്യമേ"

(ചിത്രം - സീമന്തിനി; രചന- ബിജു പൊന്നേത്ത്; സംഗീതം - ജയവിജയ; ആലാപനം - യേശുദാസ്)

എത്ര പെട്ടെന്നാണ് പിച്ചിപ്പൂമണം കുറുമൊഴിമുല്ലയുടെ സൗരഭ്യമായി മാറിയതെന്നു നോക്കൂ. മാന്ത്രികൻ ഗോപിനാഥ് മുതുകാടിനുപോലും ഇത്തരമൊരു മാന്ത്രികവിദ്യ അസാധ്യമായെന്നു വരാം. പാട്ടെഴുത്തുകാർ പലപ്പോഴും ഇത്തരം കൺകെട്ടുവിദ്യകൊണ്ടാണ് രക്ഷപ്പെട്ടുപോകുന്നത്.

"പൊന്നാമ്പൽപ്പുഴയിറമ്പിൽ
നമ്മൾ അന്നാദ്യം കണ്ടതോർമയില്ലേ?"

(ചിത്രം - ഹരികൃഷ്ണൻസ്; രചന - കൈതപ്രം; സംഗീതം - ഔസേപ്പച്ചൻ; ആലാപനം -യേശുദാസ്, കെ.എസ്. ചിത്ര).

ഒഴുക്കുവെള്ളത്തിൽ ആമ്പൽ പോലുള്ള ജലസസ്യങ്ങൾ ഉണ്ടാവുകയില്ല എന്നറിയാമായിരുന്നെങ്കിൽ ഈ അബദ്ധം രചയിതാവിനു വന്നുപിണയുമായിരുന്നോ? ചിന്തയ്ക്കു തീരെ സ്ഥാനം കല്പിക്കാത്തവരാണ് ചില പാട്ടെഴുത്തുകാർ എന്നതിന് ഇതിലും വലിയ തെളിവെന്തിന്?

"മഞ്ഞിൽ മുങ്ങി തെന്നൽ
വന്നു മാവേലിക്കാവിൽ
ഒറ്റയ്ക്കൊരു കൊമ്പിൽ
കൂടും കൂട്ടി നീ
ചൊടിയിണകളിലമൃതമോടി
വനതുവഴി വന്നു
ഒരു ചെറുകുളിരലയിളകി
നിന്നോമൽക്കരളിൽ"

('മഞ്ഞിൽവിരിഞ്ഞ പൂക്കൾ' എന്ന ചിത്രത്തിലെ 'മഞ്ഞണിക്കൊമ്പിൽ' എന്ന ഗാനത്തിൽ നിന്ന്. രചന - ബിച്ചു തിരുമല; സംഗീതം - ജെറി അമൽദേവ്; ആലാപനം - എസ്. ജാനകി.)

ഇണ എന്നാൽ ഇരട്ട, ജോടി എന്നൊക്കെ അർത്ഥം. ചൊടിയിണ എന്നെഴുതിയാൽ നായകന്റെ രണ്ടു ചുണ്ടുകളും എന്നർത്ഥം വന്നുകഴിഞ്ഞു. നായകന് കുറഞ്ഞപക്ഷം നാലു ചുണ്ടുകൾ ഉണ്ടെങ്കിലേ 'ചൊടിയിണകൾ' എന്ന പ്രയോഗം സാധുവായിത്തീരുകയുള്ളൂ.

വയലാർ രാമവർമയുടെ കാലശേഷം കടന്നുവന്ന രചയിതാക്കളിൽനിന്നാണു കൂടുതൽ അപഭ്രംശങ്ങൾ ഗാനങ്ങളിൽ കേൾക്കാനിടയായത്. കവിതയെഴുതി കൈത്തഴക്കം വന്നവരായിരുന്നു മുമ്പു പാട്ടെഴുത്തുകാരായി മാറിയത്. എന്നാൽ, പിന്നീട് ആ സ്ഥിതി മാറി. ഇന്നാകട്ടെ അതിന്റെ ഏറ്റവും ശോചനീയമായ അവസ്ഥയിലെത്തിനില്ക്കുകയാണ് ഗാനരംഗം. സഹിക്കുകയല്ലാതെ മറ്റെന്താണ് കരണീയമായിട്ടുള്ളത്? ■




**ഒക്ടോബർ 24**
**ഏലിയ സ്ലീവാ മൂശ**
**ഒമ്പതാം ഞായർ**

**നിയ 13:12–18**
**ഏശ 41:8–16**
**ഗലാ 6:1–10**
**മത്താ 8:23–34**

# ശക്തനായവൻ ശരണം





**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

പ്രപഞ്ചശക്തികളെപ്പോലും പാദപീഠമാക്കിയ കർത്താവിന്റെ ശയനശയ്യയാണ് കുരിശ്. ഒരു മലദൂരംതന്നെ തോളിലേന്തിയവനെ ഒരു മൃതിദൂരം ആ മരം മാറിലേന്തി. അതുകൊണ്ടുതന്നെ കുരിശ് ക്രിസ്ത്യാനികൾക്കു ശക്തിയും കുരിശിലേറിയവൻ ശരണവുമാണ്. അന്നു നിന്ദിക്കപ്പെട്ടവന്റെ വിശുദ്ധമായ തൂക്കുമരമാണ് ഇന്നു വിശ്വമാകെ വന്ദിക്കപ്പെടുന്നത്. നമ്മുടെ വിശ്വാസജീവിതമാകുന്ന നൗകയുടെ 'പായ്മര'മായി ക്രൂശും, 'പങ്കായ'മായി ക്രൂശിതനും ഉണ്ടായിരിക്കണമെന്ന പ്രബോധനത്തിലാണ് വചനവായനകൾ പ്രകാശം വീശുന്നത്.

ഒന്നാം വായനയിലെ ചിന്തകൾ ആദ്യപ്രമാണത്തിന്റെ പ്രാധാന്യത്തെയും അതിന്റെ ലംഘനത്തിന്റെ അനന്തരഫലത്തെയുംകുറിച്ചുമുള്ളവയാണ്. ഉറക്കംകെടുത്തുന്ന ചില വാക്കുകൾ ഉച്ചരിക്കുന്ന ദൈവം പ്രത്യക്ഷത്തിൽ 'സ്വാർത്ഥൻ', 'പ്രതികാരി', 'അസൂയാലു' എന്നൊക്കെ തോന്നാമെങ്കിലും, തിന്മയോടു യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത അവിടുത്തെ കാർക്കശ്യത്തിന്റെ ധ്വനിയാണ് അവയ്ക്കെല്ലാമുള്ളത്. തന്റെ വാത്സല്യഭാജനങ്ങൾ വഴിപിഴച്ചുപോകുന്നതു കാണാൻ കെല്പില്ലാത്ത ഒരപ്പന്റെ ആത്മരോദനവും അവിടുത്തെ കരുണയുടെയും കരുതലിന്റെയും ആഴവും അവയിലുണ്ട്. ദൈവമക്കളെന്ന നിലയിൽ നമുക്കു നല്കപ്പെട്ടിട്ടുള്ളവയൊന്നും നാശക്കൂമ്പാരമായി മാറരുത്. എന്തു വില കൊടുത്തും സംരക്ഷിക്കേണ്ട ഒന്നാണ് ഏകസത്യദൈവത്തിലുള്ള വിശ്വാസം. നല്ല തമ്പുരാനു നമ്മെ നോക്കി നെടുവീർപ്പിടാൻ നാം ഇടവരുത്തരുത്.

രണ്ടാം വായനയിലെ ചിന്തകൾ തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കും ദാസർക്കും ദൈവം തരുന്ന ശക്തിയുടെയും സഹായത്തിന്റെയുമായ ചില ഉറപ്പുകളെപ്പറ്റിയാണ്. 'ഭയക്കേണ്ട, ഞാൻ കൂടെയുണ്ട്' എന്ന മൂന്നു വാക്കുകളിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ മുഴുവൻ സന്ദേശവുമുണ്ട്. വിവിധ തരത്തിലുള്ള സംഭ്രമങ്ങളുടെയും സന്ദേഹങ്ങളുടെയുമൊക്കെ മധ്യേ കഴിയുന്ന മനുഷ്യകുലത്തിന് ഇതിലും വലിയ സമാശ്വാസം പകരുന്ന വചനം മറ്റേതു വേദത്തിലാണുള്ളത്? മഹാമാരികളും മരണചിന്തയും മാനസികസംഘർഷങ്ങളും തൊഴിലില്ലായ്മയും മതതീവ്രവാദവും സാമ്പത്തികഞെരുക്കങ്ങളുമൊക്കെ സമകാലികജീവിതസാഹചര്യങ്ങളിൽ സൃഷ്ടിക്കുന്ന വിഭ്രാന്തികൾക്കു നടുവിലും കർത്താവു നീട്ടുന്ന രക്ഷയുടെ കരങ്ങൾ കാണാൻ നമ്മുടെ വിശ്വാസക്കണ്ണുകൾക്കു കാഴ്ചയുണ്ടോ? സത്യദൈവത്തിൽ അഭയമർപ്പിച്ചു കഴിയുന്നവരുടെ ശത്രുക്കൾ ശൂന്യരാക്കപ്പെടുമെന്നുള്ള മുന്നറിയിപ്പ് ഈ കാലഘട്ടത്തിനനുയോജ്യമാണ്. അനിശ്ചിതത്വങ്ങളുടെയും ആശങ്കകളുടെയും അതിപ്രസരമുള്ള അവസരങ്ങളിലും അനശ്വരമായ ആനന്ദമനുഭവിക്കാൻ കർത്താവിനെ കൂട്ടുപിടിക്കുന്നവർക്കു സാധിക്കും. നമ്മുടെ ഉള്ളംകൈയിൽ അവിടുത്തെ അദൃശ്യവിരലുകളുണ്ടോ?

മൂന്നാം വായനയിലെ ചിന്തകൾ രണ്ടാം വായനയിലെ ഉറപ്പുകൾ നമ്മിൽ നിക്ഷേപിക്കുന്ന ചില കടമകളെക്കുറിച്ചാണ്. തോളായി തമ്മിൽത്തമ്മിൽ തുണയ്ക്കാനും തണലായി സാന്ത്വനമരുളാനും ക്രൈസ്തവർക്കുള്ള കർത്തവ്യം വലുതാണ്. അടുപ്പത്തിന് അയിത്തവും കരസഹായത്തിനു പരിധികളുമൊക്കെയുള്ള കൊവിഡ്നാളുകളിൽ പരസ്പരം ഭാരങ്ങൾ വഹിക്കേണ്ടത് ഹൃദയങ്ങൾ കോർത്തുകൊണ്ടാണ്. ശാരീരികമായ അകലം പാലിക്കുമ്പോഴും ഓർമകളിൽ മറ്റുള്ളവർക്കും അവരുടെ ദുഃഖങ്ങൾക്കും സ്വല്പംകൂടി സ്ഥലം കൊടുക്കാൻ നമുക്കാവണം. കദനഭാരം പങ്കിടാൻ കരങ്ങൾ വേണമെന്നില്ല. അതിരുകല്ലും കടന്നുപോകുന്ന അയൽപക്ക ചിന്തയുണ്ടാകണം. കഷ്ടതകൾക്കു കണക്കില്ലാത്ത ഈ കാലത്ത് പരമാവധി പരോപകാരികളാകാം. കൈയറിഞ്ഞുകൊടുക്കുന്ന ഒരു കവിൾ കുടിവെള്ളംവരെ സ്വർഗത്തിലെ സുകൃതങ്ങളുടെ പട്ടികയിൽ കുറിക്കപ്പെടുന്നുണ്ട്. ഓർക്കണം, സ്വാർത്ഥത്തിനായി സ്നേഹം നടിക്കുന്നതല്ല, സ്നേഹത്തിനായി സ്വാർത്ഥം വെടിയുന്നതാണ് യഥാർത്ഥ 'സ്നേഹയുദ്ധം.'

സുവിശേഷത്തിലെ ചിന്തകൾ കടലിലെ ഭയത്തിൽനിന്ന് പ്രിയശിഷ്യരെയും, കരയിലെ ഭയത്തിൽനിന്ന് പ്രദേശവാസികളെയും രക്ഷിക്കാൻ ക്രിസ്തു പ്രവർത്തിക്കുന്ന ഇരട്ടയദ്ഭുതങ്ങളെക്കുറിച്ചാണ്. ക്രിസ്തുശിഷ്യരുടെ ജീവിതവും ഭാഗധേയവും എന്താണെന്നതിന്റെ സൂചനകൾ വചനങ്ങളിലുണ്ട്. ശക്തനായവനിൽ ശരണമർപ്പിച്ചുകൊണ്ടുള്ള ജീവിതവും, അവനരുളുന്ന അനശ്വരസമാധാനത്തിലുള്ള ഭാഗഭാഗിത്വവും സാധ്യമാകുമ്പോൾ ഓരോ ക്രിസ്ത്യാനിയുടെയും ആയുസ്സ് സഫലമാകും. ഒന്നാമത്തെ അദ്ഭുതത്തിൽ, കടലിലെ പൈശാചികശക്തികളുടെമേൽ തനിക്കുള്ള അധികാരം പ്രദർശിപ്പിക്കാനും, അല്പവിശ്വാസത്തിന്റെ അപകടം മനസ്സിലാക്കിക്കൊടുക്കാനും ഒരു 'വിശ്വാസപരീക്ഷ'യിലേക്ക് ഗുരുശിഷ്യഗണത്തെ തുഴഞ്ഞുകൊണ്ടുപോകുന്ന പ്രതീതി. നടുക്കടലിലെ നടുക്കുന്ന സംഭവങ്ങളെല്ലാം 'കർത്താവേ, കാക്കണമേ' എന്നുള്ള വിളി ജീവിതയാത്രയിൽ ആരും വിസ്മരിക്കരുതെന്ന് ഓർമിപ്പിക്കുന്നു. അനുദിനജീവിതത്തിലുണ്ടാകുന്ന ആകുലതകൾ, വ്യാധികൾ, നഷ്ടങ്ങൾ, ഭയങ്ങൾ, സഹനങ്ങൾ ആദിയായവയുടെയൊക്കെ മധ്യത്തിലും കർത്താവ് കൂട്ടുള്ളവരാണ് ക്രിസ്ത്യാനികൾ. നസ്രായൻ നമ്മുടെ വഞ്ചിയിലുണ്ടെങ്കിൽ നെഞ്ചു നീറേണ്ടതില്ല. അവൻ വള്ളത്തിലുണ്ടെങ്കിൽ അതിൽ വെള്ളം കയറുമെന്നോർത്ത് ഉള്ളം കലങ്ങേണ്ട കാര്യമില്ല. പരിപാലിക്കുന്നവൻ പടവിലുണ്ടെങ്കിൽ പേടി പാടില്ല. വിശ്വവാരിധിയിൽ നമ്മുടെ വിശ്വാസത്തോണിയെ തകർക്കാനുയരുന്ന തിരകളെ തിരിച്ചറിഞ്ഞ് അവയെ തരണം ചെയ്യാനുള്ള വരത്തിനായി അപേക്ഷിക്കാം. ഉലയുന്ന നൗകയിൽ 'ഉറങ്ങുന്നവ'നെ ഉണർത്താതെയുള്ള വിശ്വാസത്തിന്റെ വിശാലതയിലേക്കാണ് നാം തണ്ടുവലിക്കേണ്ടത്. വലിയ കാറ്റിനും അലമാലകൾക്കുമിടയിലും വഞ്ചിയിലുണ്ടായിരുന്ന ശാന്തതയാണ് ശക്തനായവനിൽ നാം അർപ്പിക്കുന്ന ശരണത്തിന്റെ ആത്യന്തികഫലം. രണ്ടാമത്തെ അദ്ഭുതത്തിൽ, കരയിലെ പൈശാചികശക്തികളെ കാല്ക്കീഴിലാക്കുന്ന കർത്താവിനോട് തങ്ങളെ വിട്ടുപോകണമെന്ന് ആവശ്യപ്പെടുന്ന ജനക്കൂട്ടത്തെ നാം കാണുന്നു. ഇന്നും അവനെ അംഗീകരിക്കാൻ വിമുഖരായവരുണ്ട്. അവനിൽനിന്നകലം പാലിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന അടുപ്പങ്ങൾ ആരോടൊക്കെ, എന്തിനോടൊക്കെയുള്ളവയാണ്? നമ്മുടെ ആത്മീയഭദ്രതയ്ക്കു ഭീഷണിയായുള്ള സകല സൈത്താനികകെട്ടുകളെയും അവനു സമർപ്പിക്കാം. ശാശ്വതമായ ശാന്തതയുടെ പേരാണ് യേശു. ശക്തനായ അവനിൽ ശരണപ്പെട്ടുകൊണ്ട് അവനോട് ആവുന്നത്ര ചേർന്നു നില്ക്കാം. അകറ്റിനിർത്തേണ്ട അനർത്ഥമല്ല, അടുത്തുനിർത്തേണ്ട അഭയമാണവൻ. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങളുടെ ഈ അവസാന ആഴ്ചയിലും ചിന്തകളുടെ പിന്നോട്ടം ആദ്യ ആഴ്ചയിലെ 'കണ്ണില്ലാത്തവരുടെ കാഴ്ച'യിലേക്കു തന്നെ. കാഴ്ചയില്ലാതിരുന്നവരൊക്കെ കർത്താവിനെക്കണ്ട്, അവനിൽ ശരണപ്പെട്ടു സുവിശേഷങ്ങളിൽ ഇടംനേടി. കാണുന്ന കണ്ണുകളുള്ള നമുക്കൊക്കെ എന്നാണ് ഇത്തിരിയിടം കിട്ടുക?

■


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**

# മലിനമാകുന്നു സ്നേഹതീരങ്ങൾ



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.



നമ്മുടെ യുവതയ്ക്ക് ഇതെന്തുപറ്റി? എന്താണിപ്പോൾ ഇങ്ങനെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണിതൊക്കെ. പഠനത്തിനപ്പുറത്തേക്കു കടന്നുചെല്ലുന്ന ചില പുതിയ സൗഹൃദങ്ങളും അതിൽനിന്നുരുത്തിരിയുന്ന ചില വഴിതിരിയലുകളും സർവസന്തോഷങ്ങളുടെയും ഹോമവേദിയായി രൂപാന്തരപ്പെടുമ്പോൾ എത്രയോ പേരാണ് ആ അഗ്നികുണ്ഡത്തിൽ വീണുപൊലിയുന്നത്.

ജീവിതം കെട്ടിപ്പടുക്കാൻ ആവശ്യമായ പങ്കാളിയെ അതിനനുസൃതമായ പ്രായത്തിലും സമയത്തും രക്ഷിതാക്കളും വേണ്ടപ്പെട്ടവരും അറിഞ്ഞും ആശയവിനിമയം നടത്തിയും യഥോചിതം കണ്ടെത്തി, കെട്ടുറപ്പോടെ കുടുംബഘടകത്തിന് അടിത്തറയിടുന്നതാണ് എപ്പോഴും കരണീയമായിട്ടുള്ളത്. ഇത് യുവജനങ്ങളെ കാര്യമായി ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. അത്തരം ഘട്ടങ്ങളിൽ, മുമ്പു മനസ്സിലാക്കിയവരുടെയോ, കുഴപ്പമല്ലെന്നു ചിന്തിക്കുന്നവരുടെയോ ആലോചനകൾ വന്നാൽ ഇരുകൂട്ടരുടെയും കുടുംബക്കാർക്കു തടസ്സമില്ലെങ്കിൽ പക്വമായ തീരുമാനം അപ്പോൾ കൈക്കൊള്ളുകയുമാവാം. പ്രേമത്തിന്റെ വൈകാരികവശങ്ങളായ കണ്ടുമുട്ടൽ, ഇഷ്ടപ്പെടൽ, സൗന്ദര്യപ്പിണക്കം, പിരിയൽ, വഞ്ചന ഇവയ്ക്കെല്ലാം വൈവിധ്യമാർന്ന മാനങ്ങൾ നിലനിൽക്കുന്നു.

പ്രധാനമായും മൂന്നു തലങ്ങളാണ് നാം ഏറെ ജാഗ്രതയോടെ മനസ്സിലാക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടത്. ആദ്യത്തേതാണ് പ്രേമാഭിനയം അഥവാ പ്രേമം നടിക്കൽ. ഇതിലൂടെ ഇക്കൂട്ടർ, അത് ആണാവാം പെണ്ണാവാം, സാമ്പത്തികപ്രശ്നങ്ങൾക്കു നല്ല പോംവഴിയായിക്കണ്ട് തുടക്കമിടുന്ന അഭിനയവും അടുപ്പവും. ഇതിലൂടെ അവർ സാമ്പത്തിക ഭദ്രത (താത്കാലിക കാര്യങ്ങൾക്കായിട്ടെങ്കിലും) ഉറപ്പാക്കാനൊരു വഴിതേടുന്നു. അഭിനയാടുപ്പം ഏറുമ്പോൾ രണ്ടുപേരും ഇത് യഥാർത്ഥമാണെന്നു കരുതും. പക്ഷേ, കാര്യങ്ങൾ അങ്ങനെയാവണമെന്നില്ല. വസ്ത്രങ്ങൾ, ഫോണുകൾ, ആടയാഭരണങ്ങൾ, പഠിക്കാൻ ഫീസ്, വട്ടച്ചെലവുകൾ ഇങ്ങനെ തൻകാര്യം മാത്രം കാണാൻ ശ്രമിക്കുന്ന മികച്ച അഭിനേതാക്കൾ. വഞ്ചിച്ചും, ചതിച്ചും പിള്ളേരുടെ പുതുവാക്കിൽപ്പറഞ്ഞാൽ തേച്ചുംകൊണ്ടിരിക്കുന്നവർ! കഴമ്പും കാതലുമില്ലാത്ത പ്രേമപ്രകടനങ്ങൾ മാത്രം!

രണ്ടാമതൊരു കൂട്ടരുണ്ട് - അന്തർമുഖപ്രേമക്കാർ. നാടും വീടും വിട്ട് ഒട്ടും പരിചിതമല്ലാത്ത സ്ഥലങ്ങളിൽ പഠന/ ജോലി ഭാഗമായി കടന്നുചെല്ലുന്നു. തന്നെക്കാൾ വാക്സാമർത്ഥ്യമുള്ളവരോ വാചാലരോ ആയവരുമായി സൗഹൃദം തുടങ്ങിവയ്ക്കുന്നു. വീട്ടുകാരോ മറ്റാരെങ്കിലുമോ തങ്ങളുടെ ഫോൺ വിളി/ കാഴ്ചകൾ കാണുന്നില്ലല്ലോ, അറിയുന്നില്ലല്ലോ എന്ന സമാശ്വാസവും! തങ്ങളുടെ വ്യക്തിത്വവൈകല്യംകൊണ്ടും പെരുമാറ്റത്തകരാറുകൊണ്ടും വന്നുഭവിക്കുന്ന ഒരുതരം ഇച്ഛാഭംഗത്തിൽനിന്നുടലെടുക്കുന്നതാണ് ഇത്തരം നടപടികളെന്ന് ഇക്കൂട്ടർ ഇനിയെങ്കിലും മനസ്സിലാക്കണം. സ്വന്തം കാലിൽനിന്നു കാര്യങ്ങൾ തന്റേടത്തോടെ നേരിടാൻ കഴിയാത്തതുകൊണ്ടാണ് ഒട്ടും ആവശ്യമില്ലാത്ത ഇത്തരം ബന്ധങ്ങൾ വേണ്ടിവരുന്നത്. അകലങ്ങളിലെ ഒറ്റപ്പെടലിൽ ഇതൊരു ആശ്രയമോ അത്താണിയോ ആയിത്തോന്നും. എന്നാൽ, ഞാനിവിടെ എന്തിനു വന്നു, എന്താണെന്റെ ലക്ഷ്യം എന്നു കുട്ടികൾ മറന്നുപോകരുത്. ഇത്തരം സൗഹൃദങ്ങൾ പറിച്ചെറിയാനാവാത്ത അടുപ്പമായി മാറിയാൽ പിന്നീടതൊരു മാറാത്തലവേദനയായിത്തീർന്നാലോ? ചിന്തിച്ചു മാത്രം മുന്നോട്ടു നീങ്ങുക.

മൂന്നാമത്തെ കൂട്ടരാണ് കുടുംബഭദ്രതയുടെ മഹനീയത തിരിച്ചറിയാനാവാത്ത ലൈംഗികതാത്പര്യപ്രേമക്കാർ. കുടുംബങ്ങളിൽ സ്നേഹരാഹിത്യം അനുഭവിക്കുന്നവരും ഭാവിയെക്കുറിച്ചു വ്യഗ്രതയില്ലാത്തവരും ജീവിതസമരവേദികളിൽ വേണ്ടത്ര ജാഗ്രത നഷ്ടപ്പെട്ടവരും, ജീവിതമൂല്യങ്ങൾ സമയാസമയം പഠിക്കാത്തവരും ആത്മനിയന്ത്രണമില്ലാത്തവരും വിഷാദഭാവം പേറി നടക്കുന്നവരും സ്വയം മതിപ്പില്ലാത്തവരും ലഹരിയിൽ മയങ്ങി നടക്കുന്നവരും അമിതമായ ലൈംഗികതാത്പര്യമുള്ളവരും ഇരയെ നോക്കി നടക്കുന്ന വികലവിരുതന്മാരായി മാറുന്നവരത്രേ. അവർക്കു കീഴ്മേൽ നോക്കാനൊന്നുമില്ല. ഭ്രാന്തൻ പ്രേമമെന്ന് ഇതിനെ വിളിക്കുന്നവർ മനസ്സിലാക്കണം; ഇതൊരിക്കലും പ്രേമമല്ല, കാമമാണ്.

ഈ മൂന്നു കൂട്ടരെക്കുറിച്ചും യുവജനങ്ങളും രക്ഷിതാക്കളും മനസ്സിലാക്കുക. ഇനി സൂചിപ്പിക്കുന്ന കാര്യങ്ങളുംകൂടി ചേർത്തു ചിന്തിക്കുക. വളരെ ചെറുപ്പത്തിലേയുള്ള പ്രേമം ഒരത്യാവശ്യഘടകമല്ല. ഇരുപത്തഞ്ചുവയസ്സുവരെയെങ്കിലും അവരവരുടെ മാതാപിതാക്കളും അധ്യാപകരും നല്ല സഹപാഠികളും മാത്രം മതി (വശപ്പിശകിന്റെ ഒരു നേരിയ ലാഞ്ഛന ആരിൽനിന്നെങ്കിലും ഉദ്ഭവിക്കുന്നുവെന്നു തോന്നുമ്പോൾത്തന്നെ അവസരത്തിനൊത്തുയർന്ന് ബോധപൂർവം ഒഴിവാക്കുക). സാമൂഹികസേവനമേഖല, ഹോബികൾ, രാഷ്ട്രീയം, മതം എവിടെയും ആത്മനിയന്ത്രണത്തോടെ മാത്രം കാര്യങ്ങൾ നോക്കിക്കാണുക. ഇവിടെ കെട്ടുറപ്പുള്ള ഒരു നല്ല ശൃംഖല മാത്രമേ സൃഷ്ടിച്ചെടുക്കാവൂ. ഇതൊന്നും അനുഭവപ്പെടാത്തവരാണ് നേരത്തേ സൂചിപ്പിച്ച ഇരകളെ നോക്കി നടക്കുന്നവർ. ഇനി വരുതിയിലായിക്കഴിഞ്ഞാൽ പിന്നെ ഇര അയാളെക്കുറിച്ച് നല്ലതുമാത്രമേ വിചാരിക്കുകയുള്ളൂ. അയാൾ തന്നെക്കുറിച്ചുമാത്രം ധ്യാനിച്ചു ജീവിക്കുകയാണെന്ന് ധരിച്ചുവശാകുന്നു. തുടർന്ന് ഫോൺ വിളികൾ കൂടും. എവിടെയും പോകും. സിനിമയ്ക്കോ രാത്രിയാത്രയ്ക്കോ കൂടെക്കൂട്ടും. കാറിലോ ബൈക്കിലോ (രണ്ടു പേർക്കും ഹെൽമറ്റും മൂടിപ്പുതയ്ക്കാനൊരു ഷാളുമുണ്ടെങ്കിൽ പിന്നെ ഭയപ്പാടും കുറയും) കറങ്ങി നടക്കാൻ മടിയില്ല. ഇഷ്ടഫോട്ടോകൾ ഫോണിലെത്തും. ചിലയിടങ്ങളിൽ കുടുംബത്തിലെ സാഹചര്യങ്ങൾ വിലയിരുത്തി ഒരുതരം അധികാരപ്രവൃത്തികൾക്കുതുനിഞ്ഞിറങ്ങുന്നവരും കുറവല്ല. കിട്ടുന്ന അവസരങ്ങളൊക്കെ ഭംഗിയായി മുതലെടുക്കുന്ന അവസ്ഥയിലേക്കു കാര്യങ്ങൾ ചെന്നെത്തുന്നു.

ഇവിടെയാണ് ലൈംഗിക വിദ്യാഭ്യാസത്തിന്റെ അനിവാര്യത പ്രകടമാകുന്നത്. രക്ഷിതാക്കളും ഗുരുഭൂതരും വ്യക്തിബന്ധങ്ങളുടെ അതിരുകൾ എവിടെവരെ പോകാമെന്നു കുട്ടികളെ ബോധ്യപ്പെടുത്തിക്കൊടുക്കണം. ആൺ/പെൺ വ്യതിരിക്തത പാലിക്കേണ്ടതിന്റെ പ്രാധാന്യവും ആത്മസംയമനം നിലനിർത്തിപ്പോകേണ്ടതിന്റെ ആവശ്യകതയും നന്നേ ചെറുപ്പത്തിലേ വീടുകളിൽനിന്നുതന്നെ മനസ്സിലാക്കിക്കൊടുക്കുക. തൊട്ടും തലോടിയും സമ്മാനം കൊടുത്തും ബന്ധങ്ങൾ വിളക്കിയെടുക്കാൻ ശ്രമിക്കരുതെന്നും അറിയിച്ചു വളർത്തുക. സർവകാര്യങ്ങളും രക്ഷിതാക്കളുമായി പങ്കുവയ്ക്കാൻ പഠിപ്പിക്കുക.

ആത്മഹത്യാഭീഷണി മുഴക്കുന്നവരെ ഒരിക്കലും വിശ്വാസത്തിലെടുക്കരുത്. അത്തരം അടയാളങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആക്ഷണത്തിൽ പിന്മാറുക. അകന്നു നില്ക്കുമ്പോൾ ഏറെ ശ്രദ്ധിക്കുകയും വേണം. പ്രതികാരഭാവം വളർന്ന് ഇരയെ ഉന്മൂലനം ചെയ്താലോ എന്നു ചിന്തിക്കുന്നവരും അങ്ങനെ ചെയ്തവരും നമുക്കിടയിലുണ്ട്. സ്വന്തം കാലിൽ നിൽക്കാൻ ത്രാണിയില്ലാത്തവരാണ് ഇക്കൂട്ടർ. ഇരുപത്തിനാലു മണിക്കൂറും പിറകേ നടക്കുന്നത് മാനസിക രോഗത്തിന്റെ സൂചനയാണ്. ഇതൊരിക്കലും സ്നേഹമല്ല, പ്രേമവുമല്ല; വികലമായ കാഴ്ചകളും തോന്നലുകളുംമാത്രം. വ്യക്തിത്വവൈകല്യവും മാനസികാരോഗ്യക്കുറവും തകർന്ന കുടുംബപശ്ചാത്തലവുമാണ് ഇത്തരം നീക്കങ്ങൾക്ക് ഏറിയ പങ്കും കാരണമാകുന്നത്.

കുട്ടികളുടെ പഠനത്തിനും നേട്ടങ്ങൾക്കും പ്രാധാന്യം നൽകുക. കുട്ടികളുമായി നല്ലൊരു ആത്മബന്ധം രക്ഷിതാക്കൾക്കുണ്ടായിരിക്കണം. അവൻ/ അവൾ വളർന്നു, എല്ലാം നോക്കിക്കോളും, ലൈസൻസില്ലേലും വണ്ടിയോടിക്കും, ഫോണും ലാപ്ടോപ്പുമൊക്കെ ആദിയോടന്തം സർവതുമറിയാം എന്നൊക്കെ മക്കളെക്കുറിച്ചു മേനി പറയുമ്പോഴും അവർ വിപത്തിലേക്കാണോ പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് അന്വേഷിക്കണം. താൻ ഈ കുടുംബത്തിലെ പ്രധാനപ്പെട്ടൊരു വ്യക്തിയാണെന്നും തന്റെ കഴിവോ, നേട്ടമോ, നിറമോ, സൗന്ദര്യമോ മാത്രമല്ല ജീവിതമെന്നും ഞാൻ എന്നിൽത്തന്നെ ഏറെ വേണ്ടപ്പെട്ടവനോ/ വേണ്ടപ്പെട്ടവളോ ആണെന്നുംകൂടി കുട്ടി തിരിച്ചറിയട്ടെ. നിങ്ങളുടെ ജീവിതം നിങ്ങൾക്കുവേണ്ടിയാണെന്നും ആ അസ്തിത്വത്തിനു താങ്ങായി, തണലായി നിൽക്കുന്നവരാണ് തങ്ങളുടെ രക്ഷിതാക്കളും അധ്യാപകരും ആത്മീയ ഗുരുക്കളും സഹപാഠികളും അയൽക്കാരുമൊക്കെയെന്നുള്ളതും ആവർത്തിച്ചാവർത്തിച്ചു മക്കൾക്കു പറഞ്ഞുകൊടുക്കുക.

മക്കളോടുള്ള വാത്സല്യത്തെക്കാൾ മത്തുപിടിപ്പിക്കുന്ന ദുരഭിമാന'മാർക്കാ'ണ് ചില രക്ഷിതാക്കൾക്കു പ്രിയം. രക്ഷിതാക്കളുടെയും വേണ്ടപ്പെട്ടവരുടെയും സ്നേഹസാന്നിധ്യങ്ങളുടെ അഭാവത്തിൽ അനുഭവപ്പെടാവുന്ന ഏകാന്തത, വാചാലനായ എതിർലിംഗവ്യക്തിയിലേക്കുള്ള വാതിൽ തുറക്കുന്നു. അതിലൂടെ തുടങ്ങുന്ന യാത്ര ഒരുപക്ഷേ, ജീവിതയാത്രയുടെതന്നെ അന്ത്യമായും മാറിയേക്കാം. കാരണം, ചേരായ്കകളും വല്ലായ്കകളും ഇരുകൂട്ടർക്കും വഹിയാഭാരമായി മാറാം. കാര്യങ്ങൾ കൈവിട്ടേക്കാമെന്ന തോന്നൽ കൈവിട്ട കളികളിലേക്കു കടക്കാനുള്ള മറുവാതിലായും പ്രത്യക്ഷപ്പെടാം. കണ്ണടച്ചുള്ള ഇത്തരം നീക്കങ്ങൾ നടത്താതിരിക്കാൻ ഇനിയെങ്കിലും കണ്ണുതുറന്നേ പറ്റൂ.

പഠനകാലത്ത് ഏകാന്തത അനുഭവപ്പെടുമ്പോൾ ആൺകുട്ടികൾ നല്ല ആൺസുഹൃത്തുക്കളോടും പെൺകുട്ടികൾ നല്ല പെൺസുഹൃത്തുക്കളോടും അടുക്കുന്നതാണ് നല്ലത്. സൈക്ലിങ്, നീന്തൽ, നടത്തം തുടങ്ങിയ കാര്യങ്ങൾക്കു കൂട്ടായിമാത്രം നീങ്ങുക. എവിടെയായാലും വീട്ടിലേക്കു ഫോൺ ചെയ്ത് താൻ എവിടെയെന്നറിയിക്കുക. ദൂരസ്ഥലങ്ങളിലെങ്കിൽ കഴിവതും നിത്യവും (പരീക്ഷക്കാലത്തും മറ്റും ഉചിതംപോലെ) വീട്ടിൽ വിളിച്ച് കാര്യങ്ങളും ആവശ്യങ്ങളും സാഹചര്യങ്ങളും അറിയിക്കുക. സ്വവർഗസുഹൃത്തുക്കളുമായി ആശയവിനിമയം നടത്തുമ്പോൾ കുടുംബാവസ്ഥകൾ പങ്കുവയ്ക്കാവുന്നവ മാത്രം വെളിപ്പെടുത്തി ഇടപെടാനും കുട്ടികൾ ശ്രദ്ധിക്കണം.

ചെറുക്ലാസുകൾമുതൽ, വനിതാസെല്ലുകളും കൗൺസലർമാരും നിർബന്ധമായും ഉണ്ടാവണം. വൈകാരികബുദ്ധിമുട്ടുകളും ലൈംഗികപ്രശ്നങ്ങളും ഇവരോടു പറയാൻ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകണം. പ്രശ്നങ്ങൾ ഉള്ളവരെ നല്ല കൗൺസലിങ് കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതും നന്നായിരിക്കും. ഇത് എഴുതിക്കൊണ്ടിരിക്കുമ്പോഴും പ്രമുഖരുടെ മക്കൾ ലഹരിയുപയോഗത്തിൽ പിടിക്കപ്പെടുന്നതും പ്രേമനൈരാശ്യത്തിൽ ഇരയുടെ വീടു കയറി മർദിക്കുന്നതുമായ വാർത്തകൾ കേൾക്കുന്നുണ്ട്. കൂട്ടുകുടുംബങ്ങൾ അന്യംനിന്നുപോയ നമ്മുടെ നാട്ടിൽ സ്നേഹവും കരുതലുമുള്ള ഒരു നല്ല തലമുറ ശേഷിക്കുവാൻ ഒന്നായി ശ്രമിക്കാം. ചെറുപ്രായത്തിലേ വെറും പ്രേമമല്ല, ചേരേണ്ട സമയത്ത് ചേരേണ്ടവ വന്നുചേർന്നുകൊള്ളുമെന്ന മഹത്തായ മൂല്യങ്ങളോടാവട്ടെ നമ്മുടെ പ്രേമം.

■

# ഒരുമയിൽ തെളിയുന്ന പ്രകാശനാളങ്ങൾ

### വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ





**ആഷ്‌ലി ടെസ് ജോൺ**

**ഗൈ**നക്കോളജിസ്റ്റിനെക്കണ്ട് ദേഷ്യംപിടിച്ച മുഖത്തോടെ മുറിക്കു പുറത്തേക്കിറങ്ങിയ ആ സ്ത്രീയുടെ പിന്നാലെ, തൂവെള്ള വസ്ത്രമണിഞ്ഞ ഒരു പെൺകുട്ടി ഓടിച്ചെന്നു. കൊച്ചുകുട്ടിയെ ഒക്കത്തുവച്ച് കൗൺസലിങ് റൂമിലേക്കു ധൃതിയിൽ നീങ്ങുകയായിരുന്ന അവരോട് ആ പെൺകുട്ടി പറഞ്ഞു: "പ്ലീസ്, കുഞ്ഞിനെ അബോർട്ട് ചെയ്യല്ലേ. കൈയിലിരിക്കുന്ന ഈ കുഞ്ഞുവാവയെപ്പോലെതന്നല്ലേ ചേച്ചീ, ഉള്ളിലുള്ളതും?"

"അതെന്റെ കാര്യമല്ലേ? അബോർഷൻ ചെയ്യാതെ എനിക്കു പറ്റില്ല. ഈ കുഞ്ഞിനെക്കൂടി എനിക്കിപ്പോ താങ്ങാൻ വയ്യ. വഴീന്നു മാറ്." അവരുടെ ഭാവം മാറി. നഴ്സിങ് വിദ്യാർത്ഥിയായ ആ പെൺകുട്ടിക്ക് അതു സഹിച്ചില്ല. അവൾ പറഞ്ഞു: "നിങ്ങളിപ്പോൾ ഉള്ളിലുള്ള കുഞ്ഞിനെ കൊന്നുകളഞ്ഞോ, കൈയിലിരിക്കുന്ന കുട്ടി മരിച്ചാൽ നിങ്ങളെന്തു ചെയ്യും പിന്നെ?"

ഒരു നിമിഷം ഒന്നു സ്തബ്ധയായി നിന്നെങ്കിലും ആ സ്ത്രീ മുന്നോട്ടുതന്നെ നീങ്ങി.

മാസങ്ങൾ കടന്നുപോയി. പെൺകുട്ടിയുടെ ഡ്യൂട്ടി ലേബർ റൂമിലേക്കു മാറി. ലേബർ റൂമിലെ വേദനനിറഞ്ഞ ഞരങ്ങലുകൾക്കും വിതുമ്പലുകൾക്കുമിടയിൽ ഒരു ദിവസം പെട്ടെന്ന് 'സിസ്റ്റർ' എന്നൊരു വിളി. തിരിഞ്ഞുനോക്കിയപ്പോൾ നിറവയറുമായി കിടക്കുന്ന ഒരു സ്ത്രീ. അവർ ആ പെൺകുട്ടിയുടെ കൈപിടിച്ച് അവരുടെ വയറിന്മേൽ മെല്ലെ ചേർത്തുവച്ചിട്ട് നിറയുന്ന കണ്ണുകളോടെ പറഞ്ഞു: "സിസ്റ്റർ, ഇതു സിസ്റ്ററിന്റെ കുട്ടിയാണ്. നിങ്ങളുടെ വാക്കുകളാണ് ഈ കുഞ്ഞിന്റെ ജീവൻ നിലനിർത്തിയത്."

കുറച്ചു മാസങ്ങൾക്കുമുമ്പ് അബോർഷനായി എത്തിയ ആ സ്ത്രീയെ തിരിച്ചറിയാൻ പെൺകുട്ടിക്ക് അധികസമയം വേണ്ടിവന്നില്ല.

ജീവന്റെ ഇടങ്ങളെ വണങ്ങാൻ മറന്നവർക്കു മുന്നിൽ പിന്നെയും പല തവണ ആ പെൺകുട്ടി കൈകൂപ്പിനിന്നു, 'അരുതേ'യെന്ന യാചനയോടെ.

ആദ്യമായി തന്നെ പെണ്ണുകാണാൻ വന്ന 'പ്രകാശ്' എന്ന പയ്യന്റെ അടുത്തും ഒരു ഡിമാന്റ് മാത്രമേ അവൾക്കുണ്ടായിരുന്നുള്ളൂ: "എല്ലാറ്റിനും നിങ്ങൾ കണക്കു വച്ചോളൂ. കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുന്നതിൽ ഒഴികെ."

ഇത് 'നിഷ.' നേടിയ ബോധ്യങ്ങളെ സ്വന്തം ജീവിതംകൊണ്ടു സാക്ഷ്യപ്പെടുത്തിയവൾ. കട്ടപ്പനയിലെ കാമാക്ഷിയിൽ നിന്നു മൂന്നിലവ് 'കുന്നത്ത്' വീട്ടിലെ പ്രകാശിന്റെ ജീവിതത്തിലേക്കു 'പ്രകാശം പരത്തുന്ന പെൺകുട്ടി'യായി കടന്നുവന്നവൾ. നല്ലൊരു ഇലക്ട്രീഷ്യനായ പ്രകാശിനെ തന്റെ നിലപാടുകൾകൊണ്ട് പല പ്രാവശ്യം ഷോക്കടിപ്പിച്ചിട്ടുണ്ട് നിഷ.

സന്തോഷവും പ്രാർത്ഥനയും നിറഞ്ഞ തങ്കമണിയിലെ വീട്. കൂട്ടുകാരനെപ്പോലെ പപ്പാ, തണലായി അമ്മ. കട്ടപ്പന സെന്റ് ജോൺസിൽനിന്ന് നഴ്സിങ് പഠനം പൂർത്തിയാക്കിയ ശേഷം വിവാഹം, പ്രകാശുമൊത്ത് ജോലിക്കായി ഡൽഹിയിലേക്ക്, വീണ്ടും തനിയെ സൗദിയിലേക്കുള്ള യാത്ര, രണ്ടു വർഷത്തിനുശേഷം പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക്. "അലച്ചിലിന്റെ ഇരുൾമൂടിയ ദിനങ്ങളിലെല്ലാം കർത്താവും പ്രകാശും കൂടെയുണ്ടായിരുന്നു. ചെന്നിടങ്ങളിലെല്ലാം ധാരാളം സുഹൃത്തുക്കളും അവരുടെ കരുതലും." ജീവിതം കരുപ്പിടിപ്പിക്കാൻ, നടന്നു തീർത്ത വഴികളെപ്പറ്റി, ചൊല്ലിത്തീർത്ത ജപമാലകളെപ്പറ്റി പറയുകയാണു നിഷ.



*മൂന്നിലവ് കുന്നത്തുവീട്ടിൽ പ്രകാശും നിഷയും മക്കളോടൊത്ത്*

"ചെറുപ്പത്തിലേ, ഹാർട്ടിന്റെ വാൽവിനു പ്രശ്നമുള്ള എന്നോട്, വിവാഹം കഴിക്കാനോ, കുട്ടികളുണ്ടാവാനോ പാടില്ല എന്ന് ചില ഡോക്ടേഴ്സ് പറഞ്ഞിട്ടുണ്ടെന്നു വിതുമ്പിയപ്പോൾ, 'കർത്താവിലും വലിയ ഡോക്ടറേതുണ്ട്? എനിക്കു നിന്നെ മതി' എന്നു പറഞ്ഞ് ചേർത്തുനിർത്തിയ പ്രകാശാണ് എനിക്കു ദൈവം തന്ന ഏറ്റവും വലിയ സമ്മാനം. തനിയെ കെട്ടിപ്പടുത്തതാണ് ഞങ്ങളീ ജീവിതം. തുണയായിരുന്ന പപ്പ മരിച്ചതോടെയാണ് ഞാൻ നാട്ടിലുള്ള കുഞ്ഞിനും പ്രകാശിനുംവേണ്ടി ജോലി അവസാനിപ്പിച്ച്, സൗദിയിൽ നിന്നു തിരിച്ചുപോന്നത്. പിന്നെയുള്ള നാലു കുഞ്ഞുങ്ങളുടെ ജനനം, ചെറിയൊരു വീട്, അബക്കസ് പഠനം, പിന്നീടതു പഠിപ്പിക്കുന്ന ജോലി... ജീവിതത്തിന്റെ പരുപരുത്ത വഴികളിലെല്ലാം ദൈവം കൂടെയുണ്ടായിരുന്നു. ഓരോ കുഞ്ഞും ജനിച്ചപ്പോൾ ആരോഗ്യവും സമ്പത്തും അവിടുന്ന് കൂടുതൽ തന്നു. ചങ്കു പറിച്ചുതരുന്ന സൗഹൃദങ്ങളെ കൂടെത്തന്നു." ആറാമത്തെ കുഞ്ഞിനുവേണ്ടി ആറ്റുനോറ്റിരിക്കുന്ന നിഷയുടെ ശബ്ദത്തിൽ, കൃതജ്ഞതയോടൊപ്പം അഭിമാനവും നിറഞ്ഞിരുന്നു.

"വിവാഹം എനിക്കു പറ്റുമെന്നു തോന്നുന്നില്ല പ്രകാശേ, കുട്ടികളുണ്ടാവാൻ പാടില്ലെന്നാ പറയുന്നത്" നിഷയുടെ ശബ്ദം ഇപ്പോഴും മനസ്സിലുണ്ട്. ഇനി എന്നെ ഒഴിവാക്കാനായിരിക്കുമോ എന്ന് ആദ്യം സംശയിച്ചു. തരിമണലിൽ മുട്ടുകുത്തിനിന്ന് കൈവിരിച്ചു പ്രാർത്ഥിച്ചു. എന്നിട്ട് 'എനിക്കിവൾ മതി' എന്നു തീരുമാനിച്ചു. അന്നു തൊട്ടിന്നോളം സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും അവളെന്നോടൊപ്പമുണ്ട്. ഞാൻ സ്വതവേ പിശുക്കനാണ്. പക്ഷേ, ഞാൻ പിശുക്കു പഠിച്ച കോളജിലെ പ്രഫസറാണവൾ. എന്തും അത്യാവശ്യത്തിനു മാത്രം. കുട്ടികൾക്കും അതറിയാം. 'പപ്പയുടെ കൈയിൽ പൈസയുണ്ടോ' എന്നവർ ആദ്യം ചോദിക്കും, എന്നിട്ടേ ആവശ്യം പറയൂ. 'നോ' പറയേണ്ടിടത്ത് 'നോ' പറയുകതന്നെ ചെയ്യും." പ്രകാശ് പറഞ്ഞു നിർത്തി.

ഏതേതു കൈകൾ തമ്മിൽ ചേർത്തുവച്ചാലാണ് 'ഒറ്റക്കൈ' ആവുന്നതെന്നും ഏതൊക്കെ ചങ്കുകൾ ചേർത്താലാണ് 'ഇരട്ടച്ചങ്കി'ന്റെ ബലമുണ്ടാവുന്നതെന്നും ചേർത്തുവയ്ക്കുന്നവനറിയാം. അവന്റെ വഴികൾ എത്ര വിചിത്രം...

"ഞങ്ങൾ രണ്ടുപേരിൽ ഒരാൾക്കു വയ്യാതായാൽ മറ്റേയാളുടെ ആരോഗ്യം കൂടും. രാവിലെ ഭക്ഷണം തയ്യാറാക്കാനും തുണികൾ വൃത്തിയാക്കാനും കുഞ്ഞുങ്ങളെ നോക്കാനും എല്ലാം പ്രകാശ് റെഡിയാണ്. ഒരുമിച്ച് അധ്വാനിക്കും, ഒരുമിച്ചു തീരുമാനിക്കും, ഒരുമിച്ചു ചെലവാക്കും. എട്ടാം ക്ലാസ്സുകാരനായ തോമസിൽനിന്ന്, ജിയന്നയും ജേക്കബും ജോസഫും, കടന്നു ജോണിലെത്തുമ്പോഴേക്ക് വികൃതിയുടെ ഗ്രാഫ് കുത്തനേ ഉയരുകയാണ്. ഇവരുടെ കുറുമ്പുകളും കുസൃതികളും കാണുന്നതിൽപ്പരം സന്തോഷം മറ്റെന്തുണ്ട്?" നിഷ ചോദിക്കുമ്പോൾ, ഹൃദയം തരളിതമാകുന്നു.

വളഞ്ഞ വഴികളിലൂടെ ദൈവം നേരേ എഴുതുകയാണ് പ്രകാശിന്റെയും നിഷയുടെയും ജീവിതം. അല്ലെങ്കിലും, ഈറ്റുനോവുകളെ സ്നേഹിക്കുന്നവരെ സാക്ഷ്യപ്പെടുത്തുന്നത് സ്വർഗമായിരിക്കും, മനുഷ്യരേക്കാളധികം.

■

## പാലാ രൂപതയിൽ ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു തുടക്കമായി



*ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ പാലാ രൂപതാതല ഉദ്ഘാടനം രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിക്കുന്നു.*

1947 ഒക്ടോബർ 3 ന് ഭരണങ്ങാനത്ത് ആരംഭിച്ച ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്ക് പാലാ രൂപതയിൽ തുടക്കമായി. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ രൂപതാതല ഉദ്ഘാടനം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭരണങ്ങാനം മാതൃഭവനിൽ നടന്നു.

രൂപത വികാരിജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ജൂബിലി ഉദ്ഘാടനം നിർവഹിച്ചു.

ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ നടന്ന പ്രാർത്ഥനയോടെയാണ് ആഘോഷപരിപാടികൾ ആരംഭിച്ചത്. തുടർന്ന് മാതൃഭവനിലേക്കു ജൂബിലിവിളംബരറാലി നടത്തി. പതാക ഉയർത്തലിനുശേഷം നടന്ന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ചു. ജൂബിലിവർഷത്തെ പ്രവർത്തനമാർഗരേഖ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സംസ്ഥാന റീജിയണൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കലിനു നൽകി പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഡോ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, വൈസ് ഡയറക്ടർ സി. ദിവ്യ ഡി.എസ്.ടി., വൈസ് പ്രസിഡന്റ് ഐബി തോമസ്, ജന. സെക്രട്ടറി മനു ചെറുകാട്ടിൽ, ജന. ഓർഗനൈസർ ജോബി ആലയ്ക്കാപ്പറമ്പിൽ, ഭരണങ്ങാനം മേഖല പ്രസിഡന്റ് ജോയി ആറ്റുചാലിൽ, ഭരണങ്ങാനം ശാഖ പ്രസിഡന്റ് ബാബു തോമസ് തുടങ്ങിയവർ സംസാരിച്ചു.


രൂപതയിലെ 17 മേഖലാ പ്രസിഡന്റുമാർക്കും ജൂബിലിദീപം കൈമാറി. രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**മ**രണശീലുകൾ ഇപ്പോഴും ചുമരുകൾക്കിടയിൽനിന്ന് ഇടറിയും പതറിയും മുഴങ്ങിക്കേൾക്കുന്നു... ചന്ദനത്തിരിയുടെ ഗന്ധം വിട്ടൊഴിഞ്ഞിട്ടില്ല... മുറിയിൽനിന്ന് ശവപ്പെട്ടി എടുത്തുമാറ്റിയിരുന്നില്ല. സനലിന് അങ്ങനെയൊക്കെയും തോന്നുന്നുണ്ടായിരുന്നു. സ്മിതയുടെ മരണത്തിന്റെ നടുക്കത്തിൽനിന്ന് ഉയിർത്തെണീൽക്കുംമുമ്പേ അന്നാമ്മയുടെ മരണം.




വിനായക് നിർമ്മൽ

അടുപ്പിച്ചടുപ്പിച്ചുള്ള രണ്ടു മരണങ്ങൾ. അതും അപ്രതീക്ഷിതം. അന്നാമ്മയ്ക്ക് ഒരു അപകടം സംഭവിച്ചു. അതിനെ അതിജീവിച്ചു ജീവിതത്തിലേക്കു മടങ്ങിവരുമ്പോഴേക്കും മരണം വന്ന് കൂട്ടിക്കൊണ്ടുപോയിരിക്കുന്നു. അന്നാമ്മയുടെ കാര്യത്തിൽ സംഭവിച്ചത് അതായിരുന്നു. കഞ്ഞിവെള്ളം ദേഹത്തു വീണ് പൊള്ളലേറ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കവേയായിരുന്നല്ലോ അന്നാമ്മയുടെ മരണം. ആശുപത്രിയിലായിരുന്നിട്ടുപോലും ജീവൻ രക്ഷിക്കാനായില്ലെന്നു പറയുമ്പോൾ... ജനിക്കുന്ന നിമിഷത്തിനൊപ്പംതന്നെ മരണവും എഴുതിവച്ചിരിക്കുന്ന മനുഷ്യനെ അവന്റെ വിധിയിൽനിന്ന് കുറച്ചുനേരത്തേക്കുകൂടി



നീട്ടിക്കൊണ്ടുപോകാൻ കഴിയാത്തവിധം വൈദ്യശാസ്ത്രവും മനുഷ്യനും മറ്റു സൗകര്യങ്ങളും നിസ്സാരമാക്കിക്കളയുന്നു.

ജീവിതം എപ്പോഴും നാം വിചാരിക്കാത്തതു കരുതിവയ്ക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും അപ്രതീക്ഷിതമായ സംഭവം മരണമാണ്. ഏറ്റവും ഉറപ്പുള്ള ഒരേയൊരു കാര്യം മരണമാണെങ്കിലും അത് എപ്പോൾ വരുമെന്ന് ആരും അറിയുന്നില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ മരണത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണ് ജീവിതം. എപ്പോൾ വരുമെന്ന് അറിഞ്ഞുകൂടാത്ത ഒരു അതിഥിക്കുവേണ്ടിയുള്ള കാത്തിരിപ്പുപോലെയാണ് അത്. അപ്രതീക്ഷിതമായി അതിഥി വരുമ്പോൾ പരിഭ്രമിക്കുമോ? അതോ ഒരുങ്ങിയിരിക്കുന്നതുകൊണ്ട് നല്ലതുപോലെ സ്വീകരിക്കാൻ കഴിയുമോ? ആർക്കു കഴിയും അങ്ങനെ? എത്രപേർക്ക്? അപ്രതീക്ഷിതമായ ആ അതിഥിക്കുമുമ്പിൽ ഭൂരിപക്ഷവും പതറിപ്പോകും. പക്ഷേ, അന്നാമ്മയ്ക്ക് ആ അതിഥിയെക്കുറിച്ച് എങ്ങനെയോ മുന്നറിയിപ്പു കിട്ടിയിരുന്നു. ആശുപത്രികിടക്കയിൽ വച്ച് അത്തരം ചില സൂചനകൾ അന്നാമ്മ സനലിനു നല്കുകയും ചെയ്തിരുന്നു:

"ഒരു പെണ്ണാണ് മോനേ, ഒരു വീടിന്റെ ഐശ്വര്യം. വീട് വീടാകുന്നത് അവിടെ ഒരു പെണ്ണുള്ളപ്പോഴാണ്. അതുകൊണ്ട് ഞാൻ പറയുന്നത് എന്റെ മോൻ അനുസരിക്കണം, അനുസരിക്കുമോ."

അന്നാമ്മ തന്നോടു ചോദിച്ചതും ആ ആശുപത്രിമുറിയും സനലിന്റെ ഓർമയിൽനിന്ന് മായുന്നുണ്ടായിരുന്നില്ല.

"അമ്മച്ചി പറ, അമ്മച്ചി പറയുന്നതല്ലേ ഞാൻ അനുസരിച്ചിട്ടുള്ളൂ."

"അതെനിക്കറിയാം മോനേ. ചോദ്യം ചെയ്യാതെ നീയെല്ലാം അനുസരിച്ചതോണ്ടാണോ നിന്റെ ജീവിതം ഇങ്ങനെയായിപ്പോയതെന്നാ എന്റെ സംശയം."

"അമ്മച്ചി അതൊന്നും മറന്നിട്ടില്ലേ. ഞാൻ അപ്പഴത്തെ ഒരു ദേഷ്യത്തിനും സങ്കടത്തിനും."

"അതൊക്കെ ഞാൻ മറന്നെടാ കുഞ്ഞേ.. അല്ലെങ്കിലും അമ്മമാർക്ക് മക്കളോടു പിണങ്ങിയിരിക്കാൻ കഴിയുമോ." അന്നാമ്മ ചിരിച്ചു.

''ഞാൻ പറയാൻ വന്നത് അതൊന്നുമല്ല. നിനക്ക് ആരുമില്ലാതെ പോകുന്നതോർത്താ എന്റെ സങ്കടം."

"എനിക്കതിന് ആരാ ഇല്ലാത്തത്. ചാച്ചനും അമ്മച്ചിയുമില്ലേ, പിള്ളേരില്ലേ."

"ഞാനും നിന്റെ അപ്പനുമൊക്കെ ഇന്നോ നാളെയോ എന്നു പറഞ്ഞു പോകാനുള്ളവരാ. നിനക്ക് ഞങ്ങളൊന്നും കൂട്ടായിട്ടുണ്ടാവില്ല. നിന്റെ പിള്ളേരുടെ കാര്യോം അങ്ങനെതന്നെയാ. ഒരു പ്രായം കഴിഞ്ഞാ അവരും ഓരോ വഴിക്കു പോകും. നീയൊറ്റയ്ക്കാകും. അതുകൊണ്ടാ ഞാൻ പറഞ്ഞത് നിനക്കൊരു കൂട്ടുവേണമെന്ന്. പിള്ളേരെ വളർത്തിക്കൊണ്ടുവരാനും ഒരാളു വേണ്ടേ?"

"അമ്മച്ചിയെന്നതാ ഇപ്പറയുന്നെ. എനിക്കൊന്നും മനസ്സിലാകുന്നില്ല."

"മനസ്സിലാക്കാൻ ഇത്രയുമേയുള്ളൂ മോനേ. നീയൊരു പെണ്ണു കെട്ടണം. പത്തുനാല്പത് വയസെന്നു പറയുന്നത് ഇന്നത്തെ കാലത്ത് ഒരു പ്രായമൊന്നുമല്ല. പിള്ളേർക്ക് നല്ലൊരു അമ്മ. അങ്ങനെയൊരാളെ വേണം. നിന്നെ സ്നേഹിക്കുന്ന, ഒരു അമ്മയെപ്പോലെ നിന്നെ നോക്കുന്ന നല്ലൊരു പെണ്ണ്.. അതു കണ്ടിട്ടുവേണം എനിക്കു കണ്ണടയ്ക്കാൻ. ഇല്ലെങ്കീ എനിക്കു സമാധാനത്തോടെ മരിക്കാനാവില്ല."

പെട്ടെന്നാണ് വലിയൊരു വേദന അന്നാമ്മയിലുണ്ടായതും എന്റെ ചങ്ക് പൊട്ടുന്നേ എന്ന് അന്നാമ്മ നിലവിളിച്ചതും. പ്രാണൻ പിരിയുന്നതുപോലെയുള്ള വേദനയായിരുന്നു. ആ വേദനയിൽ അന്നാമ്മ ഒരു കൈകൊണ്ട് നെഞ്ച് അമർത്തുകയും സനലിന്റെ കരത്തിൽ പിടിമുറുക്കുകയും ചെയ്തു.

ഇപ്പോഴും ആ കരം തന്നെ മുറുകെപ്പിടിച്ചിരിക്കുന്നതുപോലെ സനലിനു തോന്നി. അയാൾ തന്റെ കൈത്തണ്ടയിലേക്കു നോക്കി. അമ്മയുടെ അവസാന സ്പർശം..

"സനുച്ചേട്ടാ... സനുച്ചേട്ടാ... കട്ടിലിൽ ഇരിക്കുകയായിരുന്ന സനൽ മുഖമുയർത്തിനോക്കി. തൊട്ടുമുമ്പിൽ രോഷ്നി.

രോഷ്നി സഹതാപത്തോടെയും സ്നേഹത്തോടെയും സനലിനെ നോക്കി. മഴ നനഞ്ഞ് വിറച്ചിരിക്കുന്ന ഒരു പക്ഷിക്കുഞ്ഞിനെയാണ് അവൾക്കപ്പോൾ ഓർമ വന്നത്. തള്ളപ്പക്ഷിയില്ലാത്ത, കൂട്ടിൽ തനിച്ചിരിക്കേണ്ടിവന്ന ഒരു ചെറുപക്ഷി. ദൈവം എന്തിനാണ് ചില മനുഷ്യർക്കു മാത്രം കൂടുതൽ സഹനങ്ങളും അടിക്കടിയുള്ള വേദനകളും നല്കുന്നത്? നടന്നുപോകുന്ന മണ്ണിനെപ്പോലും വേദനിപ്പിക്കരുതെന്ന മട്ടിൽ ജീവിച്ചുപോകുന്ന സനലിന്റെ ജീവിതത്തിൽ എന്തുകൊണ്ടാണ് ദൈവം ഇങ്ങനെ ചില സഹനങ്ങൾ അനുവദിക്കുന്നത്? ദൈവം താൻ സ്നേഹിക്കുന്നവർക്കാണ് കൂടുതൽ സഹനങ്ങൾ നല്കുന്നതെന്ന ചില വ്യാഖ്യാനങ്ങൾ ശുദ്ധ അസംബന്ധങ്ങളാണെന്ന് രോഷ്നിക്കു തോന്നി. മകനെ അടിച്ചു വേദനിപ്പിക്കുന്ന ഒരു അപ്പന്റെ സ്നേഹം സംശയിക്കേണ്ടതല്ലേ? ചിലർക്കൊന്നും വേദനകളില്ല. പ്രശ്നങ്ങളില്ല. സന്തോഷവും സുഖങ്ങളും മാത്രം. മറ്റു ചിലർക്കെന്നും കഷ്ടപ്പാടുകളും ദുരിതങ്ങളും... ദൈവത്തിന്റെ ചില ഇടപെടലുകളെക്കുറിച്ച് മനുഷ്യന്റെ ബുദ്ധികൊണ്ടോ യുക്തികൊണ്ടോ നിഗമനത്തിലെത്താൻ കഴിയില്ലെന്നും അവൾക്ക് തോന്നി.

എന്തായാലും സനലിന്റെ ജീവിതം വല്ലാത്ത കഷ്ടംതന്നെ. രോഷ്നിക്ക് അക്കാര്യത്തിൽ സംശയമൊന്നും തോന്നിയില്ല. അവൾ ഹൃദയഭാരത്തോടെ നെടുവീർപ്പിട്ടു.

"ഞാൻ അമ്മച്ചിയോട് അന്നു ദേഷ്യപ്പെട്ടു. അതാ ഇതിനെല്ലാം കാരണം. ഇല്ലായിരുന്നെങ്കി അമ്മച്ചിയിപ്പോഴും ഇവിടെ എന്റെയൊപ്പം കാണുമായിരുന്നു."

സനൽ കുറ്റബോധത്തോടെ പറഞ്ഞു.

അന്നാമ്മ മരിച്ചപ്പോൾ മുതൽ ആ മരണത്തിന്റെ ഉത്തരവാദിത്വം സനൽ ഏറ്റെടുത്തിരുന്നു. താൻ അന്ന് അമ്മയോടു ദേഷ്യപ്പെട്ടു സംസാരിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്നാണ് അയാൾ വിചാരിക്കുന്നത്. ആ കുറ്റബോധം മരണംവരെ തന്നെ പിന്തുടരുമെന്നും സനലിനറിയാമായിരുന്നു.

''സനുച്ചേട്ടാ എന്തായിത്? ഇതൊക്കെ നമ്മൾ വിചാരിക്കുന്നതുപോലെയാണോ, നമ്മൾ എന്തെങ്കിലും ചെയ്തിട്ടോ ചെയ്യാത്തതുകൊണ്ടോ ആണോ?" രോഷ്നി ചോദിച്ചു.

''സംഭവിക്കേണ്ടതൊക്കെ സംഭവിച്ചെന്നിരിക്കും. നമ്മള് വെറും നിസ്സാരരല്ലേ ചേട്ടാ..."

"അതേ," സനൽ അതു സമ്മതിച്ചു, മനുഷ്യൻ നിസ്സാരനാണ്. ഒരുപക്ഷേ, ഈ ലോകത്തിലെ ഏറ്റവും നിസ്സാരനായ വ്യക്തി താൻ തന്നെയായിരിക്കും. നിസ്സഹായനും.

"ദൈവം എന്നെ ശിക്ഷിച്ചിരിക്കുകയാ. എനിക്കങ്ങനെയാ തോന്നുന്നെ. ഞാൻ ശരിയല്ല. അതാ."

സനൽ ആത്മനിന്ദയുടെ വലിയൊരു കയത്തിലാണെന്ന് രോഷ്നിക്കു തോന്നി. അവിടെ കിടന്ന് അയാൾ കാലിട്ടടിക്കുകയാണ്.

"സനുച്ചേട്ടനെപ്പോലെ ഒരു പാവം ഈ നാട്ടിൽ ആരെങ്കിലുമുണ്ടോ? ഗുണമല്ലാതെ ആർക്കെങ്കിലും ദോഷം ഉണ്ടായിട്ടുണ്ടോ? ഇല്ലല്ലോ. എന്നിട്ടാണോ ഇങ്ങനെയൊക്കെ പറയുന്നെ?" രോഷ്നി ദേഷ്യം ഭാവിച്ചു.

''എനിക്കാരുമില്ല. ആരും." സനൽ പെട്ടെന്ന് പൊട്ടിക്കരഞ്ഞുപോയി. ഈ ദിവസമത്രയും അയാൾ വാവിട്ടുനിലവിളിക്കുകയോ ആരുടെയെങ്കിലും മുമ്പിൽ ഹൃദയം തുറക്കുകയോ ചെയ്തിരുന്നില്ല. പക്ഷേ ഇപ്പോൾ.

അവനെന്നും സ്നേഹവും സാന്ത്വനവുമായിരുന്നു രോഷ്നി. അവളുടെ മുമ്പിൽ മറച്ചുവയ്ക്കാൻ ഒന്നുമില്ലാത്തതുപോലെ. ഇനിയും കരഞ്ഞില്ലെങ്കിൽ താൻ ചങ്കു പൊട്ടി മരിക്കുമെന്ന് അവനു തോന്നി. താങ്ങാനാവാത്തത്ര ഭാരം അയാളുടെ നെഞ്ചിലുണ്ടായിരുന്നു.

അയാൾ കരയട്ടേയെന്ന് രോഷ്നി തീരുമാനിച്ചു. അതു കണ്ടുനില്ക്കുമ്പോൾ അവളുടെ കണ്ണുകളും നിറഞ്ഞൊഴുകുകയായിരുന്നു. അമ്മയെ കാണാതെ പെരുന്നാൾപ്പറമ്പിൽ ഒറ്റപ്പെട്ടുപോയ ഒരു ആറുവയസുകാരൻ. രോഷ്നിയുടെ മനസ്സിലേക്ക് അങ്ങനെയൊരു ചിത്രവും കടന്നുവന്നു. വിവാഹം കഴിഞ്ഞിട്ടും മക്കളുണ്ടായിട്ടും അന്നാമ്മച്ചിയുടെ മടിയിൽ തലവച്ചുറങ്ങുകയും അന്നാമ്മച്ചിയെ കെട്ടിപ്പിടിക്കുകയും ചെയ്യാറുണ്ടായിരുന്ന സനലിന്റെ ചിത്രങ്ങൾ രോഷ്നിയുടെ ഓർമയിലേക്കെത്തി. ഒരു പുരുഷന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനമാണ് അവന്റെ അമ്മ. അമ്മയോട് അടുപ്പം കാണിക്കുന്ന ഭർത്താവിനെ വെറുപ്പോടെ വീക്ഷിക്കുന്ന ഭാര്യമാരുടെ നാടാണ് ഇത്.

*ശേഷം 14-ാം പേജിൽ*

# സ്വതന്ത്രപത്രപ്രവർത്തനത്തിന് നൊബേൽ

ഒന്നാംപേജ് തുടർച്ച

അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ധീരമായ പോരാട്ടത്തിനാണ് ഇരുവർക്കും സമ്മാനം ലഭിച്ചതെന്നതു ശ്രദ്ധേയമാണ്. വ്യാജവാർത്തകളും വിദ്വേഷപ്രചാരണങ്ങളും സംഘടിതമായ അപവാദപ്രചാരണങ്ങളുംമൂലം സമാധാനാന്തരീക്ഷവും ജനാധിപത്യസംവിധാനവും തന്നെ അട്ടിമറിക്കപ്പെടുന്ന ഒരു കാലത്താണ് ഇതിനെതിരേയുള്ള വെള്ളിവെളിച്ചമായി സമാധാനത്തിനുള്ള നൊബേൽ സമ്മാനം രണ്ടു പത്രപ്രവർത്തകരെ തേടിയെത്തിയത്. വലിയൊരു സന്ദേശമാണിത്. ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവർക്കാകെ ഇത് ആവേശവും പ്രത്യാശയും നൽകുന്നു.

മാന്യവും സ്വതന്ത്രവുമായ പത്രപ്രവർത്തനം വലിയ വെല്ലുവിളിയും ഭീഷണിയും നേരിടുന്ന കാലത്താണിത്. അടുത്ത ദശകങ്ങളിലെ പത്രപ്രവർത്തനത്തിന് ഈ നൊബേൽ സമ്മാനം നിർണായകമാകും. സർക്കാരുകളുടെ മർക്കടമുഷ്ടിയും കോർപ്പറേറ്റുകളുടെ കൈകടത്തലുകളും തീവ്രവാദശക്തികളുടെ സ്വാധീനവും നല്ല മാധ്യമങ്ങളെ ഞെരുക്കിയില്ലാതാക്കാനും അശക്തരാക്കാനും അപ്രസക്തരാക്കാനും നടത്തുന്ന ശ്രമങ്ങൾ ചെറുതല്ല. സാമൂഹികമാധ്യമങ്ങളിലൂടെയും സംഘടിതമാധ്യമസിൻഡിക്കേറ്റുകളിലൂടെയും ആക്ഷേപിച്ചും അധിക്ഷേപിച്ചും സത്യങ്ങളും വസ്തുതകളും ഇല്ലാതാക്കാനും മറച്ചുവയ്ക്കാനും വെപ്രാളപ്പെടുന്ന കാലത്താണ് നൊബേൽ കമ്മിറ്റിയുടെ ശ്ലാഘനീയതീരുമാനമുണ്ടായത്.

**ഇന്ത്യയിൽ വെല്ലുവിളികളേറെ**

ഇന്ത്യയിൽ സർക്കാരുകളും കോർപ്പറേറ്റ് ഭീമന്മാരും മതതീവ്രവാദശക്തികളും ചേർന്ന് അഭിപ്രായസ്വാതന്ത്ര്യത്തിനും സ്വതന്ത്ര മാധ്യമപ്രവർത്തനത്തിനും പല രീതിയിൽ കൂച്ചുവിലങ്ങുകൾ തീർക്കുകയാണ്. പ്രധാനമന്ത്രിപദത്തിൽ ഏഴു വർഷം കഴിയുമ്പോഴും ഒരു പത്രസമ്മേളനം പോലും നടത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തയ്യാറായിട്ടില്ല. റേഡിയോ, ടെലിവിഷൻ, പത്രക്കുറിപ്പുകൾ, പ്രസംഗങ്ങൾ തുടങ്ങിയ വൺവേപാതകളിലൂടെ പ്രധാനമന്ത്രിയും സ്തുതിപാഠകരും ഭരണപ്പാർട്ടിയും അവർക്കു പറയാനുള്ളതു വാതോരാതെ തട്ടിവിടുന്നുണ്ട്.

പെട്രോൾ, ഡീസൽ, പാചകവാതക വിലക്കയറ്റത്തിന്റെ പൊള്ളലും വേദനയും പറയാൻപോലും സാധാരണക്കാരന് അവകാശമോ വഴികളോ ഇല്ല. കർഷകദ്രോഹനിയമങ്ങൾക്കെതിരേ മാർച്ചു നടത്തുന്ന കർഷകരെ കേന്ദ്രമന്ത്രിയുടെ മകന്റെ വാഹനവ്യൂഹത്തിലെ കാർ കയറ്റി കൊല്ലുന്ന ക്രൂരതയെ ഇന്നേവരെ അപലപിക്കാൻ പ്രധാനമന്ത്രിയോ കേന്ദ്ര മന്ത്രിമാരോ തയ്യാറായിട്ടില്ല. എന്തിനേറെ, പത്രസമ്മേളനങ്ങളിലൂടെയും ടെലിവിഷൻ ചാനൽ ചർച്ചകളിലൂടെയും കൊലപാതകത്തെ ന്യായീകരിക്കാൻ ഉളുപ്പില്ലാത്ത നേതാക്കളെ കാണാനാകുന്ന രാജ്യമാണിത്.

കൊവിഡ് കാലത്ത് ജീവവായു കിട്ടാതെ ആയിരങ്ങൾ പിടഞ്ഞുമരിച്ചതും ചീഞ്ഞളിഞ്ഞ മൃതശരീരങ്ങൾ ഗംഗാനദിയിൽ ഒഴുകിനടന്നതും ശ്മശാനങ്ങളിൽ ഇടമില്ലാതെ മൃതദേഹങ്ങൾ കൂട്ടിയിട്ടു കത്തിച്ചതുമൊക്കെക്കണ്ടു പ്രതികരിക്കാനാകാതെ ജനം നിൽക്കുകയാണ്. സാമ്പത്തിക, കാർഷിക, വ്യവസായ, ബിസിനസ് മേഖലകളാകെ പ്രതിസന്ധിയിലാണ്. തൊഴിലില്ലായ്മയും വിലക്കയറ്റവും അതിരൂക്ഷവും. പക്ഷേ, ജനങ്ങൾക്ക് ആശ്വാസമെത്തിക്കേണ്ട സർക്കാർ, ദിവസവും ഇന്ധനവില കൂട്ടിയും 20,000 കോടിയുടെ ഡൽഹി പൊളിച്ചടുക്കൽ പദ്ധതിയുമൊക്കെയായി വിലസുന്നു. എയർ ഇന്ത്യയടക്കം രാജ്യത്തെ സ്വത്തുക്കളാകെ പിടിയാവിലയ്ക്കു വിറ്റുതുലയ്ക്കുന്നതും രാജ്യത്തെ ജനങ്ങൾക്കു നോക്കിനിൽക്കേണ്ടിവരുന്നു.

**വേണം റെസമാരും ദിമിത്രിമാരും**

ശരിയായ വസ്തുതകളെ ജനങ്ങളിലെത്തിക്കേണ്ട ദേശീയ, പ്രാദേശിക ദിനപത്രങ്ങളും ടെലിവിഷൻ മാധ്യമങ്ങളും സർക്കാരിന്റെയും ഭരണപ്പാർട്ടികളുടെയും കോർപ്പറേറ്റ് ശക്തികളുടെയും കുഴലൂത്തുകാരായി മാറുന്ന സ്ഥിതി ഇന്ത്യയിൽ കാണാനാകും. സ്വതന്ത്രവും വസ്തുതാപരവുമായ പത്രപ്രവർത്തനത്തെ തിരിച്ചറിയാനും സാമ്പത്തികസഹായമടക്കം പിന്തുണ നൽകാനും ജനങ്ങൾ തയ്യാറാകേണ്ടതുണ്ട്. സർക്കാരിന്റെ സ്തുതിപാഠകരായ മാധ്യമങ്ങളും വ്യാജപ്രചാരണങ്ങളുടെ വേദിയായ സാമൂഹികമാധ്യമങ്ങളും ചേർന്നു ജനാധിപത്യവും പൗരസ്വാതന്ത്ര്യവും ഇല്ലാതാക്കുമെന്ന ഭീഷണിയെ ചെറുതായി കാണാനാകില്ല.

ഫിലിപ്പീൻസിലെ ഏകാധിപത്യരീതികളോടും പൗരന്മാരെ കൊന്നൊടുക്കുന്ന പ്രസിഡന്റിന്റെ വിവാദ മയക്കുമരുന്നുവിരുദ്ധയുദ്ധത്തിന്റെ മറവിൽ നടക്കുന്ന തിന്മകളോടും പോരാടിയാണ് മരിയ റെസ ആഗോളബഹുമതി സ്വന്തമാക്കിയത്. പത്രപ്രവർത്തകരെ വേട്ടയാടുന്നതിനും ചിലരെ ഉന്മൂലനം ചെയ്യുന്നതിനും വരെ ഫിലിപ്പീൻസ് പ്രസിഡന്റ് റോഡ്രിഗോ ഡ്യൂട്ടേർട്ടെ സർക്കാർ മയക്കുമരുന്നു വേട്ടയെ മറയാക്കി.

സ്വതന്ത്രപത്രപ്രവർത്തനത്തെ ശ്വാസംമുട്ടിക്കുന്ന റഷ്യൻ പ്രസിഡന്റിന്റെ സമീപനങ്ങൾക്കെതിരേയുള്ള പോരാട്ടമാണ് ദിമിത്രിയെ നൊബേൽ പുരസ്കാരജേതാവാക്കിയത്. തീവ്രവാദ - ഭീകരവിരുദ്ധ പോരാട്ടം, സാമ്പത്തികക്രമക്കേടുകൾ തടയുക തുടങ്ങിയവയുടെ മറവിലാണ് ഇന്ത്യയിൽ ഇത്തരം ന്യൂനപക്ഷവിരുദ്ധപീഡനങ്ങളും മാധ്യമവേട്ടയാടലുകളും നടപ്പാക്കുന്നതെന്ന വ്യത്യാസം മാത്രം.

പാരീസ് ആസ്ഥാനമായ റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സിന്റെ (ആർഎസ്എഫ്) 2021 ലെ ലോകപത്രസ്വാതന്ത്ര്യസൂചികയിൽ 180 രാജ്യങ്ങളിൽ മരിയയുടെ ഫിലിപ്പീൻസ് 138-ാം സ്ഥാനത്താണ്. വ്ളാഡിമിർ പുടിൻ ഭരണകാലത്ത് റഷ്യ 150-ാം സ്ഥാനത്തായിരുന്നു. എന്നാൽ, 2021 ലെ പത്രസ്വാതന്ത്ര്യസൂചികയിൽ ഇന്ത്യ 142-ാം സ്ഥാനത്താണ്. റെസമാരും ദിമിത്രിമാരും ഉണ്ടായില്ലെങ്കിൽ ഇന്ത്യയിലും സ്വതന്ത്രപത്രപ്രവർത്തനത്തിനും നല്ല മാധ്യമങ്ങൾക്കും മരണമണി മുഴങ്ങുമെന്നതിൽ സംശയം വേണ്ട. ■



അഖിലേന്ത്യ അവാർഡീ ടീച്ചേഴ്സ് ഫെഡറേഷന്റെ ഗുരുശ്രേഷ്ഠപുരസ്കാരത്തിന് അർഹനായ റോയ് ജെ. കല്ലറങ്ങാട്ട്. മൂലമറ്റം സെന്റ് ജോർജ് യു.പി. സ്കൂൾ അധ്യാപകനും സാമൂഹിക - വിദ്യാഭ്യാസ പ്രവർത്തകനുമാണ്.

## പ്രണയപാഠാവലി



100

ഡോ. ആന്റണി ജോസ്

പ്രണയപാഠാവലി ചർച്ച ചെയ്ത വിഷയങ്ങൾ, സമീപകാലത്തിറങ്ങിയ ചില സിനിമകളിൽ തൊട്ടറിയാൻ കഴിയും. അവയെപ്പറ്റിക്കൂടി പരാമർശിക്കുന്നത് അഭികാമ്യമായിരിക്കുമെന്നു കരുതുന്നു.

'ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' മുന്നോട്ടുവയ്ക്കുന്നത് ശരാശരി പുരുഷമനസ്സിന്റെ സ്വാർത്ഥകേന്ദ്രീകൃത ഭോഗ-ഭോജന-ഭക്തി പ്രവണതകളാണ്. അവന്റെ ഉടലിൽ എപ്പോഴും ഈ മുക്കൂട്ട് മണക്കുന്നുണ്ട്. വാസ്തവത്തിൽ അതൊന്നും തിരസ്കരിക്കപ്പെടേണ്ടവയല്ല. എന്നാൽ, ദമ്പതിമാർ ഒന്നായി, ഒരുമിച്ചു നുകരേണ്ട ദിവ്യചോദനകളായിരിക്കേ, അവൻ അവളെ അവഗണിക്കുന്നു എന്നതാണ് പ്രശ്നം. ഈ ചിത്രത്തിലെ കിടപ്പറരംഗങ്ങൾ കാണുന്ന ഒരാളിലും കാമവികാരമുണ്ടാകുമെന്നു തോന്നുന്നില്ല. ഉള്ളുനീറുന്ന, മനംപിരട്ടലുണ്ടാക്കുന്ന അനുഭവമായിരിക്കുമത്! പിന്നീടൊരിക്കൽ ഭാര്യ പറയുന്നുണ്ട് - തനിക്കിതു വേദനയുണ്ടാക്കുന്നു എന്ന്. തുടർന്ന് അവൾ യാചിക്കുന്നു - അല്പം ഫോർപ്ലേ ആവരുതോ? അതയാൾക്കു കൊണ്ടു. രതിയിൽ എന്തൊക്കെയാകാമെന്ന് അവൻ തീരുമാനിക്കും. അവളുടെ താത്പര്യത്തിനു ചെവികൊടുത്താൽ 'ധ്വജഭംഗം'വരെ സംഭവിക്കാം. അതായത്, അവനു വേണ്ടത് ബൊമ്മകളെയാണ്.

ഊട്ടുമുറിയിൽ അഴുക്കും മെഴുക്കും പുരണ്ട് കൈയിലെച്ചിലുമായി നിൽക്കുമ്പോൾ അവൻ 'കിസ്' ചോദിക്കുന്നു. അതിലവനു പ്രണയമൊന്നുമില്ല. അതു വ്യക്തമായി അറിയാവുന്നതുകൊണ്ട് അവൾ നിരാകരിക്കുന്നു, 'ആകെ ചേറാ ചേട്ടാ'. പക്ഷേ, അവൻ ബലമായി ഉദ്ദേശിച്ചതു നേടി. ആ ചുംബനം അവളുടെ സ്വത്വത്തിൽ പതിയുന്ന പ്രണയമുദ്രയല്ല. മാംസത്തിലാഴ്ന്നിറങ്ങിയ സ്വാർത്ഥതയുടെ, മേധാവിത്വത്തിന്റെ കഠാരമുനയാണ്.

കുഞ്ഞുങ്ങൾ മുലകുടിമാറി മറ്റു ഭക്ഷണപദാർത്ഥങ്ങൾ പൂർണമായും കഴിച്ചുതുടങ്ങുന്നതിന് വീനിങ് എന്നു പറയും. 'കെട്ട്യോളാണ് മാലാഖ' എന്ന ചിത്രത്തിലെ സ്ലീവാച്ചൻ വലിപ്പംവച്ചുവെങ്കിലും മനസ്സുകൊണ്ട് ഇനിയും മുലകുടി നിർത്തിയിട്ടില്ല. ഇങ്ങനെയുള്ളവർക്ക് ദാമ്പത്യജീവിതവും സെക്സും വലിയ കീറാമുട്ടികളാണ്. അമ്മയുടെ ചക്കരക്കുട്ടനായി കഴിഞ്ഞുപോകാനായിരിക്കും താത്പര്യം. തള്ളക്കോഴി ഒരു പ്രായമെത്തുമ്പോൾ തന്റെ കുഞ്ഞുങ്ങളെ കൊത്തിത്തിരിക്കുന്നു. സ്വതന്ത്രരായി, സ്വാശ്രയബോധത്തിൽ വളർന്നുവരാൻവേണ്ടിയാണത്. അമ്മമാരും ഇപ്രകാരമുള്ള സോഷ്യൽ വീനിങ് (Social weaning) നടത്തുന്നതിൽ ഒട്ടും അമാന്തിക്കരുത്. ചില പ്രത്യേകസാഹചര്യങ്ങൾ അവരെ ഇതിൽനിന്നു പിൻതിരിപ്പിക്കാറുണ്ട്. ഒറ്റമകൻ, ഇളയമകൻ, വൈധവ്യം, ഭർത്താവിന്റെ കടുത്ത അവഗണന ഇതൊക്കെ ഏതാനും ഉദാഹരണങ്ങൾ മാത്രം. പക്ഷേ, ഒരു കാര്യം അനിഷേധ്യമായിത്തന്നെ നിൽക്കും. പെൺകുട്ടിക്കൊപ്പം മാന്യമായി കഴിയാനുള്ള ദിശാബോധം നൽകുന്നില്ലെങ്കിൽ മകന്റെ ജീവിതം തകർന്നിരിക്കും. വിവേകം വൈകി ഉദിച്ചതുകൊണ്ടും പ്രയോജനം കിട്ടണമെന്നില്ല.

2017 ൽ റിലീസായ 'മുന്തിരിവള്ളികൾ തളിർക്കുമ്പോൾ' പ്രണയദളങ്ങൾകൊണ്ടു തീർത്ത ഒരു പൂക്കളമായിരുന്നു. ഉലഹന്നാൻ എല്ലാംകൊണ്ടും ഒരു ഭാഗ്യവാനാണെന്നേ നമുക്കു തോന്നൂ. നിലയും വിലയുമുള്ള ജോലി, സുന്ദരിയായ ഭാര്യ, മക്കൾ - എന്നിട്ടും അയാൾക്കു ബോറടിയാണ്. ആ ശൂന്യത നിറയ്ക്കുന്നത് മദ്യമാണ്. അവിശ്വസ്തതയുടെ കനികൾകണ്ട് അയാൾ മയങ്ങുന്നു. സത്യത്തിൽ അയാൾക്കെന്താണു പറ്റിയത്? അയാൾക്കെന്നല്ല, നമുക്കോരോരുത്തർക്കും സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ട്രാജഡിയാണത്. ആവശ്യം (need) അതിമോഹത്തിലേക്കു (greed) കുതിക്കുന്നു. അതിന്റെ അന്ത്യമോ? കത്തിയുയരുന്ന വാണംപോലെ അങ്ങുയരത്തിലെത്തി, പൊട്ടിവിടർന്ന്, നയനമനോഹരമായ വർണപ്രപഞ്ചം വാരിവിതറുന്നു. പിന്നെ, താഴേക്കു ചാരമായി വന്നുവീണ്, ഒന്നുമില്ലാതായിത്തീരുന്നു.... നന്ദികേടല്ലേ ഇതിന്റെയൊക്കെ മൂലകാരണമെന്നു ചിന്തിച്ചുപോകും. എന്തുമാത്രം സമൃദ്ധിയും സൗന്ദര്യവുമാണ് കനിഞ്ഞുനൽകിയിരിക്കുന്നത്? എന്നിട്ടും വിരസത മാത്രം.

## മുന്തിരിവള്ളികൾ തളിർക്കുമ്പോൾ

ഉലഹന്നാനും പഴയ കാമുകിയും 'എക്സൈറ്റഡ്' ആകാതെ ബദ്ധപ്പെടുകയായിരുന്നു. പണ്ടെന്നോ കൊളുത്തിയ മോഹക്കാഴ്ച കണികാണാനുള്ള തൃഷ്ണ ബാക്കി നിൽക്കുന്നുവെങ്കിൽ, ഉള്ള സൗഭാഗ്യംകൂടി കണ്ടറിയാൻ സാധിക്കുമെന്നു കരുതുകയേ വേണ്ട. എന്നാൽ, അപകടം മണത്തപ്പോൾ അയാൾക്കു തിരിച്ചറിവ് വന്നുതുടങ്ങി. (ജൂലി അനേകർക്കുവേണ്ടി വീതിക്കപ്പെടുന്ന വിഷക്കനിയാണെന്ന്). ഒപ്പം ആകസ്മികതയുടെയോ യാദൃച്ഛികതയുടെയോ രൂപത്തിൽ സത്യം പ്രവർത്തിച്ചും തുടങ്ങി. (ആനിയമ്മയുമായുള്ള ഫോൺ സംഭാഷണം). അവിടന്നങ്ങോട്ട് നന്ദികേടില്ലാത്ത ഹൃദയമാണ് ആത്മീയതയുടെ വിളഭൂമിയെന്നയാൾ അറിയുകയായിരുന്നു.

'തനിച്ചാനന്ദം' എന്ന പൂർവജീവിതത്തിലെ അഭിശപ്തകർമം അയാളെ വിട്ടുമാറിത്തുടങ്ങുന്നു. മദ്യം ഒഴിവാക്കാൻ വലിയ പ്രയത്നമൊന്നും വേണ്ടിവരുന്നില്ല. തൊഴിലിടത്തിൽ സത്യത്തിനുവേണ്ടി നിലകൊള്ളാൻ അയാൾക്കു പുതിയ ഊർജം ലഭിക്കുന്നു. ഭാര്യയെ ശല്യം ചെയ്തവർക്കെതിരേ കരുതലിന്റെ കരം വീശുന്നു. അവധിയെടുത്ത് അവൾക്കു സാമീപ്യമാകുന്നു. തന്റെ ഭാര്യ സുന്ദരിയാണെന്നംഗീകരിക്കാൻ യാതൊരു വൈമുഖ്യവുമുണ്ടാകുന്നില്ല. അയാളുടെ വിശ്വസ്തത ആനിയമ്മയിൽ മാത്രമായി ഒതുങ്ങുന്നില്ല. കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിലേക്കുവരെ അതിനു വേരോട്ടമുണ്ടാകുന്നു. ഓഫീസിൽ 'ശൃംഗാരശല്യം' നടത്തുന്ന സഹപ്രവർത്തകരെ വരച്ച വരയിൽ നിറുത്തുന്ന ഉലഹന്നാനെക്കണ്ട് അദ്ഭുതപ്പെടുന്നു പ്രേക്ഷകർ.

തന്റെ ജീവിതത്തിൽ പ്രാപ്പിടിയനെപ്പോലെ കടന്നുവന്നവനെ തള്ളിക്കളയാൻ ജിനിക്കു കരുത്തേകിയത് ഉലഹന്നാനും ആനിയമ്മയും പകർന്നുനൽകിയ പ്രണയപാഠങ്ങളായിരുന്നു. വിശ്വസ്തത കാലാതിവർത്തിയായ സംരക്ഷണദുർഗമാണെന്ന് അവൾക്കൊപ്പം നാമും തിരിച്ചറിയുന്നു.

ഭർത്താവിന്റെ സ്നേഹമാണ് ഭാര്യയുടെ സൗന്ദര്യമെന്നു വിളിച്ചുപറഞ്ഞ ആനിയമ്മയ്ക്കുമുന്നിൽ, ഒരു വിദ്യാർത്ഥിയെപ്പോലെ ഉലഹന്നാൻ മിഴിച്ചിരുന്നിരിക്കാം.

എന്റെ പപ്പയെപ്പോലെ അവനു സ്നേഹിക്കാനറിയില്ലെന്നു പ്രഖ്യാപിക്കുന്ന ജിനിയുടെ സാക്ഷ്യം, നാളെ നമ്മുടെ മക്കളും നമുക്കുവേണ്ടി നൽകണം.

കുടുംബങ്ങളിൽ കരുണയും കരുതലും അംഗീകാരവും വിശ്വസ്തതയും സാമീപ്യവും ഇതൾ വിരിക്കട്ടെ... പ്രണയം സൗരഭ്യം പൊഴിക്കട്ടെ.

(അവസാനിച്ചു)

# നവരസങ്ങളിൽ നിറഞ്ഞാടിയ നടനവൈഭവം



സുനിൽ പാലാ

2001 ജൂലൈയിലെ ഒരു മഴക്കാലം. തിരുവനന്തപുരത്ത് യാദൃച്ഛികമായി ഒരു സദസ്സിൽ കണ്ട നെടുമുടി വേണുവിനെ, പിന്നീട് പ്രിയപ്പെട്ട 'വേണുസാർ' ആയി മാറിയ അതുല്യകലാകാരനെ നേരിൽ പരിചയപ്പെട്ട നിമിഷം ഓർക്കുന്നു. നെടുമുടി പോലൊരു ഗ്രാമത്തിൽനിന്ന് മലയാളികളുടെ മനസ്സിന്റെ കൊടുമുടി കയറിയ പിന്നാമ്പുറക്കഥകൾ ഒരു പത്രപ്രവർത്തകന്റെ ആകാംക്ഷയോടെ ചോദിച്ചപ്പോൾ വേണുസാർ പറഞ്ഞു: "നെടുമുടി പോലൊരു ഗ്രാമത്തിൽ എന്റെ അച്ഛന്റെയും അമ്മയുടെയും മകനായി ജനിച്ചത് മഹാഭാഗ്യം. എന്നിലെ കലയെ



പൂർണമനസ്സോടെ പിന്തുണച്ചവരാണ് എന്റെ അച്ഛനും അമ്മയും നാട്ടുകാരും കൂട്ടുകാരും."

അടിമുടി താളമേളങ്ങളുടെ കൂടിച്ചേരലായിരുന്നു നെടുമുടി എന്ന കലാകാരൻ. ജനിച്ചുവളർന്ന കുട്ടനാടിന്റെ ഹൃദയതാളം ഏറ്റുവാങ്ങി പേരിനൊപ്പം നെടുമുടി ചേർത്ത് വേണുവിലെ കലാകാരൻ ചുവടുവച്ചു. നാട്ടുമൺപാതകളിലെ ഈർപ്പവും നാടൻപാട്ടുകളുടെ ഈണവും ഉള്ളിലേക്കാവാഹിച്ച നെടുമുടി വേണുവിന് ഏതു കഥാപാത്രത്തെയും അഭിനയിച്ചു പാകപ്പെടുത്താൻ ജീവിതാനുഭവങ്ങളുടെ മാതൃകകളുണ്ടായിരുന്നു.

നെടുമുടി വേണുവിന്റെ കഥാപാത്രങ്ങളെ മനസ്സിലേക്കു കൊണ്ടുവന്നാൽ ആ മുഖങ്ങളിൽ മിന്നിമറഞ്ഞ പലപല ഭാവങ്ങൾ എപ്പോഴും മുന്നിലുണ്ടാകും; ദുഃഖവും സന്തോഷവും കുസൃതിയും ക്രൂരതയും പൊങ്ങച്ചവും പരിഹാസവുമൊക്കെ മലയാളിയുടെ മനസ്സിന്റെ തിരശ്ശീലയിൽ നെടുമുടിയായി ആടിത്തിമിർക്കുകയാണ്.

സാഹിത്യത്തിലും അഭിനയത്തിലും സംഗീതത്തിലും നൃത്തത്തിലും താളവാദ്യങ്ങളിലുമൊക്കെ ജന്മ സിദ്ധമായി ലഭിച്ച വൈദഗ്ധ്യമാണ് നെടുമുടി വേണു എന്ന നടനെ അതുല്യനാക്കുന്നത്. 'കൗമുദി' കുടുംബത്തിൽ പത്രപ്രവർത്തകനായി ജീവിതം ആരംഭിച്ച വേണു അതിനും എത്രയോ കാലംമുമ്പേ കലാകാരനായി പ്രസിദ്ധനായിരുന്നു. വലിയ സൗഹൃദങ്ങളുടെ പിന്തുണയാണ് നെടുമുടിക്കു നാടകത്തിലേക്കും സിനിമയിലേക്കും വഴിയൊരുക്കിയത്.

ജി. അരവിന്ദന്റെ 'തമ്പ്' എന്ന ചിത്രത്തിൽ തുടങ്ങി അഞ്ഞൂറോളം സിനിമകളിലെ വേഷവൈവിധ്യങ്ങൾ...

ആരവം എന്ന ചിത്രത്തിൽ കമലാഹാസനായി മാറ്റിവച്ച 'മരുത്' എന്ന കഥാപാത്രത്തെ ഭരതൻ വേണുവിനു നൽകിയപ്പോൾ അഭിനയവൈഭവം പീലിവിടർത്തുന്ന കാഴ്ച മലയാളസിനിമാലോകം കണ്ടു. ഈ ചിത്രത്തിൽ കാവാലം എഴുതിയ 'മുക്കുറ്റി തിരുതാളി...' എന്ന പാട്ടിനൊപ്പം ആടിക്കളിക്കുന്ന നെടുമുടിയുടെ മരുതിനെ ഒരിക്കലും മറക്കാനാവില്ല. തകരയിലെ ചെല്ലപ്പനാശാരിയിലൂടെ വേണു മലയാള സിനിമാചരിത്രത്തിൽ തന്റെ മേൽവിലാസമെഴുതി. ഭരതന്റെതന്നെ ചാമരത്തിലെ പുരോഹിതനായ വിദ്യാർത്ഥി, മോഹൻ സംവിധാനം ചെയ്ത വിടപറയുംമുമ്പേയിലെ സേവ്യർ, സുഹൃത്തായ പത്മരാജൻ സംവിധാനം ചെയ്ത ഒരിടത്തൊരു ഫയൽവാനിലെ മേസ്തിരി... തുടങ്ങി വേണു അവിസ്മരണീയമാക്കിയ റോളുകൾ എത്രയെത്ര!

അയ്യപ്പപ്പണിക്കരുടെ 'പകലുകൾ രാത്രികൾ' എന്ന കവിത ചൊല്ലി 'വേനൽ' സിനിമയിലൂടെ കേരളത്തിലെ കലാലയങ്ങളെയും വേണു കൈയിലെടുത്തു.

സകലകലാവല്ലഭനായിരുന്നു നെടുമുടി വേണു. അഭിനയത്തിനു പുറമേ ഗാനാലാപനവും നാടൻപാട്ടുകളും ചൊൽക്കാഴ്ചയും ചെണ്ടയും കഥകളുമൊക്കെ വേണുവിൽ ഈശ്വരൻ നിറച്ചുവച്ചു. സർഗത്തിലെ ഭാഗവതർ പാടുന്ന 'ആന്ദോളനം' എന്ന പാട്ടുതുടങ്ങുന്നത് വേണു അവതരിപ്പിച്ച കഥാപാത്രമായ ഭാഗവതരുടെ മുറുക്കാൻ ചവയ്ക്കലോടെയാണ്. പാട്ടിന്റെ ശബ്ദം യേശുദാസിന്റേതാണെങ്കിലും വേണു തന്നെ പാടിയതാണെന്നേ കാഴ്ചക്കാർക്കു തോന്നൂ. ചെറുപ്രായത്തിൽത്തന്നെ പക്വതയും പ്രായമാർന്നതുമായ കഥാപാത്രങ്ങളെ മികവോടെ അവതരിപ്പിക്കാൻ നെടുമുടി വേണുവിനു പ്രത്യേക കഴിവുതന്നെ ഉണ്ടായിരുന്നു.

ഒരു കലാകാരനു ലഭിക്കേണ്ട ഏറ്റവും വലിയ ആദരമായ ജനകീയാംഗീകാരം ആവോളം ലഭിച്ച വേണുവിന് മറ്റു പുരസ്കാരങ്ങളൊന്നും അത്ര വലിയ കാര്യമേ ആയിരുന്നില്ല. മലയാളത്തിനു പുറമേ തമിഴിലും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ച് കമലഹാസൻ ഉൾപ്പെടെയുള്ള അതുല്യകലാകാരൻമാർക്കുപോലും നെടുമുടി അദ്ഭുതമായി. അഭിനയത്തിനു പുറമേ കഥയും തിരക്കഥയും രചിക്കുകയും സംവിധായകന്റെ വേഷം അണിയുകയും ചെയ്ത നെടുമുടി സമാന്തരസിനിമകളിലും വാണിജ്യസിനിമകളിലും മടികൂടാതെ അഭിനയിച്ചു.

1990-ൽ ഹിസ് ഹൈനസ് അബ്ദുള്ളയിലൂടെ മികച്ച സഹനടനുള്ള ദേശീയപുരസ്കാരം, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, സർഗം തുടങ്ങിയ ചിത്രങ്ങളിലെ അഭിനയത്തിന് മികച്ച നടനുള്ള സംസ്ഥാനചലച്ചിത്രപുരസ്കാരം, 'സൈറ'യിലെ അഭിനയത്തിന് സിംബാംബ്‌വേ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ പുരസ്കാരം, സത്യൻ സ്മാരകപുരസ്കാരം, കലാരത്നം പുരസ്കാരം, അവസ്ഥാന്തരം എന്ന ടെലിവിഷൻ സീരിയലിലെ അഭിനയത്തിന് മികച്ച നടനുള്ള സംസ്ഥാന ടെലിവിഷൻ പുരസ്കാരം... അഭിനയത്തികവിന്റെ അംഗീകാരഫലകങ്ങൾ ആ അതുല്യകലാകാരന്റെ താരശോഭയേറ്റുന്നു.

ഭാരതചലച്ചിത്രവേദിയിലെയും നാടകലോകത്തെയും അതുല്യനടന്മാരുടെ നിരയിൽ നെടുമുടിക്കു സ്ഥാനമുണ്ട്. പിറവിയിലേ പൂർണനായ കലാകാരനാണ് നെടുമുടി വേണു. വേണുവിനു പകരം വേണു മാത്രം. സിനിമാലോകത്തും നാടകലോകത്തും കാലത്തിനതീതമായ സംഭാവനകൾ ബാക്കിയാക്കി നെടുമുടി മടങ്ങുമ്പോൾ ആ ശൂന്യത വേദനിപ്പിക്കുന്നതാണ്.

■

*കവിത* — **ഫിലിപ്പ് അവണൂർ**

## കനൽക്കാറ്റ്

കാറ്റൊന്നു വീശി-അരികെ
കനലൊന്നണഞ്ഞു പുറമേ
പുകയുടെ മറ നീക്കി
അവളന്നു ചോദിച്ചു:
നീ എന്നെ പ്രണയിച്ചുവോ സത്യമായ്-
നീയെന്നെ പ്രണയിച്ചുവോ?
ഒന്നിച്ചുനമ്മൾ യാത്രചെയ്തതും
വീട്ടുകാര്യങ്ങൾ ഒന്നായ്പറഞ്ഞതും
കൈയിട്ടുവാരി കറികൾ കഴിച്ചതും
പ്രണയമായ് നീ കണ്ടുവോ അതിനെ-
പ്രണയമായ് നീ കണ്ടുവോ?
എന്നച്ഛൻ മരിച്ചപ്പോൾ
നിൻ നെഞ്ചിലേക്കെന്റെ
മുഖമൊന്നമർത്തി
കരഞ്ഞതോ പ്രണയം?
ആ വിങ്ങലും നീ .........
പ്രണയമായ് കണ്ടുവോ?
ഒരുവേള യാത്രയിൽ
അനുവാദമില്ലാതെൻ
ഉടലിൽ നീ മെല്ലെ
തൊട്ടതോ പ്രണയം?
ആ മൗനവും നീ...
പ്രണയമായി കണ്ടുവോ?
നിന്നാഗ്രഹങ്ങൾക്കു കൂട്ടുനിന്നില്ലെങ്കിൽ
കൊല്ലുന്നതാണോ പ്രണയം?
വിട്ടുകൊടുക്കുന്നതല്ലേ വെറുതെ
വിട്ടുകൊടുക്കുന്നതല്ലേ...




## യൂദകഥാമഞ്ജരി

| | |
|---|---|
| ഗ്രന്ഥകർത്താ | : ബിഷപ് ജോസഫ് കല്ലറങ്ങാട്ട് |
| പ്രസാധനം | : ദീപനാളം പബ്ലിക്കേഷൻസ്, പാലാ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 260 രൂപ |




ഒരു കാലഘട്ടത്തിന്റെ സാംസ്കാരികവും മതപരവുമായ ചരിത്രഭൂമികയിലേക്കു വെളിച്ചംവീശുന്ന അപൂർവകഥകൾ. ജീവിതത്തിന്റെ അർത്ഥവും ആഴവും അന്വേഷിക്കുന്നവർക്കു മുമ്പിൽ ഇതിലെ ഓരോ കഥയും ഒരു പുതിയ വെളിപാടായിത്തീരുന്നു.

മനുഷ്യജീവിതഭാഗധേയങ്ങളുടെ മാറ്റുരയ്ക്കുന്ന ധാർമ്മികവും സദാചാരപരവുമായ മൂല്യങ്ങളുടെ അകപ്പൊരുൾ തേടുന്ന കൃതി. ഈ കഥകൾ മനുഷ്യരുടെ മാത്രമല്ല, ദൈവത്തിന്റെയുംകൂടിയാണ്.

## കാലവും സനാതനസത്യങ്ങളും

| | |
|---|---|
| ഗ്രന്ഥകർത്താ | : ബിഷപ് ജേക്കബ് മുരിക്കൻ |
| പ്രസാധനം | : ദീപനാളം പബ്ലിക്കേഷൻസ്, പാലാ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 80 രൂപ |




മനുഷ്യരാശി അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവും പരിസ്ഥിതികവുമായ പ്രതിസന്ധികളെ മാനുഷികമൂല്യങ്ങളുടെ ഉൾവെളിച്ചത്തിൽ പഠനവിധേയമാക്കുന്ന സദ്ഗ്രന്ഥം. ഈശ്വരൻ കനിഞ്ഞുനൽകിയ ഈ മണ്ണിൽ മനുഷ്യൻ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾ അവന്റെതന്നെ നാശത്തിനു കാരണമാകുന്നുവെന്ന വലിയ സത്യത്തെ പ്രവാചകധീരതയോടെ ലേഖകൻ ഉയർത്തിക്കാട്ടുന്നു. മാനവികതയിലും മതേതരമൂല്യങ്ങളിലും വിശ്വസിക്കുന്നവർക്ക് ഉണർത്തുപാട്ടാവുകയാണ് ഇതിലെ ഓരോ ലേഖനവും.

# ഭ്രമങ്ങളിൽ രമിക്കുന്ന മനുഷ്യർ





## സിനിമ

ആൻസി സാജൻ



ആയുഷ്മാൻ ഖുറാന, തബു, രാധിക ആപ്തേ തുടങ്ങിയവർ അഭിനയിച്ച ബോളിവുഡ് ബ്ലോക്ബസ്റ്റർ ചിത്രം 'അന്ധാദുൻ' മലയാളത്തിൽ റീമേക്ക് ചെയ്തതാണ് 'ഭ്രമം' എന്ന പൃഥ്വിരാജ് ചിത്രം.

അത്യാർത്തിയും ആവേശവുമാണ് ഭ്രമം എന്ന വാക്കുകൊണ്ടുള്ള സൂചന. ഭ്രമങ്ങൾക്കടിപ്പെട്ട് അതിൽ അഭിരമിക്കാൻ ഏതു കുതന്ത്രങ്ങളും (ക്രൂരത പോലും) പയറ്റുന്ന മനുഷ്യനാണ് കഥയുടെ കാതൽ. ചിലപ്പോൾ പ്രണയമാവും ഭ്രമമായി മാറുന്നത്. സമ്പത്ത്, പ്രശസ്തി തുടങ്ങിയ മറ്റു പലതും നമ്മെ ഭ്രമിപ്പിക്കുന്നു. ഈ അടക്കമില്ലാത്ത മോഹങ്ങളാണ് കഥയെ മുന്നോട്ടുകൊണ്ടുപോകുന്നത്. അന്ധനായ സംഗീതജ്ഞൻ റേ മാത്യൂസാണ് ഭ്രമത്തിലെ നായകൻ. ആദ്യം അന്ധത അഭിനയിക്കുന്ന അയാൾക്ക് കാഴ്ച നഷ്ടമാവുകയും പിന്നീട് വീണ്ടും അയാളുടെ കണ്ണുകൾ വെളിച്ചം കാണുകയും ചെയ്യുന്നുണ്ട് ചിത്രത്തിൽ. അന്ധനായ പിയാനോയിസ്റ്റായി അഭിനയിച്ച് ആളുകളെ കബളിപ്പിച്ച് യൂറോപ്പിൽ പോയി പേരും പ്രശസ്തിയും പണവും സമ്പാദിക്കലാണ് അയാളുടെ ലക്ഷ്യം. ആകസ്മികമായി ഒരു കൊലപാതകത്തിന് സാക്ഷിയാകേണ്ടിവന്ന അയാൾ പിന്നീട് കുറ്റകൃത്യപരമ്പരയുടെതന്നെ ഭാഗമാവുകയാണ്. പഴയകാല സിനിമാനടനായ ഉദയകുമാറിന്റെ കൊലപാതകം കാണേണ്ടിവന്ന അയാൾക്ക് വീണ്ടും ക്രൂരമായ കുറ്റകൃത്യങ്ങളിൽ പങ്കുചേരേണ്ടിവരുന്നു. അന്ധാദുൻ കണ്ട ഏറെപ്പേർക്കും ഭ്രമത്തിൽ ഒരുപാടു ഭ്രമിക്കാൻ എന്തെങ്കിലുമുണ്ടോ എന്നത് ഒരു ചോദ്യമാണ്. ലോകം മുഴുവനുമുള്ള പ്രേക്ഷകർക്ക് ഒ.ടി.ടി. വഴി സിനിമകൾ കാണാവുന്ന ഇന്നത്തെ സാഹചര്യത്തിൽ ഒരു റീമേക്ക് ചിത്രത്തിന്റെ പ്രസക്തി എന്തെന്നും ചോദ്യമുണ്ടാവാം. കഥയിൽ വ്യത്യസ്തമായി ഒന്നുമില്ലെങ്കിലും അഭിനേതാക്കളുടെയും ഭാഷയുടെയും വ്യത്യാസം കൗതുകമുണർത്തുന്നു. ആയുഷ്മാൻ ഖുറാനയുടെ ദേശീയ അവാർഡ് നേടിയ അഭിനയത്തോളമെത്തുന്നില്ല എങ്കിലും കഴിയുന്നത്ര പരിശ്രമിച്ചിട്ടുണ്ട് പൃഥ്വിരാജ്. സംവിധായകൻ രവി കെ. ചന്ദ്രനും ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്. ശങ്കർ, അനന്യ, ഉണ്ണി മുകുന്ദൻ, ജഗദീഷ് തുടങ്ങിയവരെല്ലാം മികവു പുലർത്തി. മോഹൻലാലിനൊപ്പം മലയാളസിനിമയിലെത്തിയ നടൻ ശങ്കറിനെ അപ്രതീക്ഷിതമായി കാണുന്നത് പ്രേക്ഷകർക്ക് കൗതുകംതന്നെയാണ്. വില്ലത്തി പരിവേഷമുള്ള നായികയായി വരുന്ന മമ്തയുടേത് ധീരമായ പ്രകടനംതന്നെ.

തിരക്കഥയും സംഭാഷണവും ശരത് ബാലൻ. എ.പി. ഇന്റർനാഷണൽ, വയാകോം 18 സ്റ്റുഡിയോസ് എന്നിവർ ചേർന്നാണ് ഭ്രമം നിർമിച്ചത്. ഏതു കുറുക്കുവഴിയും കൂരിരുട്ടുമുപയോഗിച്ചാലും സ്വന്തം ഭ്രമങ്ങൾ നേടിയെടുക്കാനുള്ള മനുഷ്യത്വരയുടെ ചിത്രീകരണമാണീ സിനിമ. ഇതിലെ നൂലാമാലകൾ സംഭവ്യമാണോ, ഇതിലെന്തെങ്കിലുമൊക്കെ ലോജിക്കുണ്ടോ എന്നൊന്നും തലപുണ്ണാക്കിയിട്ടു കാര്യമില്ല. ലോകത്ത് ഇന്നതൊക്കെ മാത്രമേ സംഭവിക്കൂ എന്നു തീർച്ചപ്പെടുത്താനല്ലല്ലോ നമ്മൾ സിനിമ കാണുന്നത്! ഏതായാലും പ്രണയഭാവേന തുടങ്ങി ക്രൈം ത്രില്ലറെന്ന മുഖഭാവമണിയുന്ന സിനിമയാണ് 'ഭ്രമം' എന്നു പറയാം. ■

---




തനിക്ക് അർഹതപ്പെട്ട സ്നേഹം തട്ടിയെടുക്കുന്നുവെന്നു തെറ്റിദ്ധരിച്ച് അമ്മായിയമ്മമാരോടു ശത്രുത വച്ചുപുലർത്തുന്ന ഭാര്യമാരാണ് കൂടുതലും. അതുകൊണ്ടുതന്നെ അമ്മയിൽ നിന്ന് ഭർത്താവിനെ അകറ്റിക്കൊണ്ടുപോകാൻ അവർ ഏതു തന്ത്രവും മെനയും. നാളെ താനും ഒരു ആൺകുട്ടിയുടെ അമ്മയാകേണ്ടിവന്നേക്കാമെന്നോ തനിക്കും ഇതേ അവസ്ഥയാണ് ഉണ്ടാകുകയെന്നോ മനസ്സിലാക്കാതെയായിരിക്കും അവരുടെ പ്രതികരണങ്ങൾ. ആ പ്രതികരണം ചിലപ്പോഴെങ്കിലും സഭ്യതയുടെ അതിർവരമ്പുകൾപോലും കടക്കാറുണ്ട് എന്നതും യാഥാർത്ഥ്യം.

എന്നാൽ, സ്മിത അങ്ങനെയൊന്നുമായിരുന്നില്ലെന്ന് രോഷ്നിക്കറിയാമായിരുന്നു. വ്യക്തിപരമായ ചില കാര്യങ്ങളിൽ, അന്നാമ്മയുടെ രീതികളിൽ സ്മിതയ്ക്കു വിയോജിപ്പുകൾ ഉണ്ടായിരുന്നിരിക്കാം, ചിലപ്പോൾ ദേഷ്യപ്പെട്ടിട്ടുണ്ടാകാം. ചില തർക്കുത്തരങ്ങൾ പറഞ്ഞിട്ടുമുണ്ടാവാം. എന്നാൽ, അതൊക്കെ അടുത്ത നിമിഷം മാറിപ്പോയിരുന്നു. പരസ്പരം വെറുക്കാത്ത, പരസ്പരം ശത്രുതയില്ലാത്ത അമ്മായിയമ്മയും മരുമകളും. അതായിരുന്നു അന്നാമ്മയും സ്മിതയും. രാവിലെ എന്തെങ്കിലും കാരണത്തിന്റെ പേരിൽ ദേഷ്യപ്പെട്ടാലും വൈകുന്നേരം വരുമ്പോൾ അതിനു ക്ഷമ ചോദിച്ച് വീണ്ടും രമ്യതയിലാവാനും കഴിയുന്ന തുറവും സഹിഷ്ണുതയും സ്മിതയ്ക്ക് സ്വന്തമായുണ്ടായിരുന്നു. ഇപ്പോഴത്തെ കാലത്തെ ഭൂരിപക്ഷം മരുമക്കൾക്കും ഇല്ലാത്ത ഗുണം. അന്നാമ്മയ്ക്ക് മകൻ എന്ന നിലയിൽ സനൽ കൊടുക്കേണ്ട ഒരു സ്ഥാനവും സ്മിത കൈവശപ്പെടുത്തിയിരുന്നില്ല. അമ്മയുമായി സ്നേഹം പങ്കുവയ്ക്കുന്നതിൽ അവൾ ഒരിക്കലും അസഹിഷ്ണുവുമായിരുന്നുമില്ല. പപ്പായെപ്പോലെ നല്ലൊരു മോൻ ആകണം കേട്ടോ എന്നായിരുന്നു അവൾ ബെഞ്ചമിനു നല്കിയിരുന്ന നിർദേശവും. അങ്ങനെയുള്ള സനലിന് അന്നാമ്മയുടെ മരണം എത്രത്തോളം ആഘാതമായിരിക്കും നല്കുകയെന്ന് മറ്റാരെക്കാളും രോഷ്നിക്കറിയാമായിരുന്നു. ഒരുപക്ഷേ, സ്മിത ഉണ്ടായിരുന്നെങ്കിൽ വേദനയോടെയാണെങ്കിലും സനൽ ഈ മരണത്തെ നേരിടുമായിരുന്നു. പക്ഷേ, സ്നേഹിക്കുവരുടെ അടുപ്പിച്ചടുപ്പിച്ചുള്ള രണ്ടു മരണങ്ങൾ... അതാണ് സനലിനെ തകർത്തുകളഞ്ഞത്. അവനെ ആശ്വസിപ്പിക്കേണ്ടതും അവന് ധൈര്യം കൊടുക്കേണ്ടതും തന്റെ കടമയാണെന്ന് രോഷ്നിക്കു തോന്നി. ഒരു കൂടപ്പിറപ്പിന്റെ കടമ.

"സനുച്ചേട്ടൻ കരയരുത്. സനുച്ചേട്ടന് ഞാനുണ്ട്."

രോഷ്നി ഇടർച്ചയോടെ പറഞ്ഞു. അവൾ അവന്റെ മുടിയിഴകളിലൂടെ വിരലോടിച്ചു.

സുഖദമായ ഒരു കാറ്റ് തന്നെ സ്പർശിക്കുന്നതുപോലെയാണു സനലിനു തോന്നിയത്. സാന്ത്വനത്തിന്റെ കാറ്റ്. സ്നേഹത്തിന്റെ കാറ്റ്. അയാൾ പെട്ടെന്ന് രോഷ്നിയെ അരക്കെട്ടിലൂടെ കൈകൾ ചുറ്റി തന്നോടു ചേർത്തടുപ്പിച്ചു. അവളുടെ ഉദരത്തിലേക്ക് മുഖം ചേർത്ത് അയാൾ ഒരു കുഞ്ഞിനെപ്പോലെ കരഞ്ഞുതുടങ്ങി. രോഷ്നി വിറങ്ങലിച്ചു നില്ക്കുകയായിരുന്നു. അയാളെ കരയാൻ അനുവദിക്കേണ്ടത് ആവശ്യമാണെന്ന് അവൾക്കറിയാമായിരുന്നു. കരയട്ടെ. അയാൾ കരയട്ടെ. അവൾ തീരുമാനിച്ചു. പെട്ടെന്നാണ് മുറിയുടെ വാതില്ക്കൽനിന്ന് ഒരു അലർച്ച മുഴങ്ങിയത്: "എടാ..." രോഷ്നിയും സനലും ഒരുമിച്ചാണ് വാതില്ക്കലേക്കു നോക്കിയത്.

റോയ്.

"എടാ പട്ടീ..." ഒരു കൊടുങ്കാറ്റായി പാഞ്ഞുവന്ന് റോയ് സനലിന്റെ കവിളത്ത് ആഞ്ഞടിച്ചു.

*(തുടരും)*

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## അഹം

അഹം എന്ന വാക്കിന് ഞാൻ എന്നർത്ഥം. അഹം പ്രായേണ കവിതയിൽ മാത്രം പ്രയോഗിക്കുന്നു. 'അഹ'ത്തോട് കരം, ഭാവം, ബോധം എന്നീ ശബ്ദങ്ങൾ ഉത്തരപദമായി ചേർത്ത് അഹങ്കാരം (അഹം + കാരം) അഹംഭാവം (അഹം + ഭാവം) അഹംബോധം (അഹം + ബോധം) എന്നിങ്ങനെ സമസ്തപദങ്ങൾ സൃഷ്ടിക്കാം. അഹംകാരത്തിൽ മാത്രം അനുസ്വാരത്തിന് ങകാരാദേശം (അഹങ്കാരം) സംഭവിക്കുന്നു. അഹംഭാവത്തിലും അഹംബോധത്തിലും ഒറ്റയ്ക്കു നിൽക്കുമ്പോഴും സമസ്തപദമാകുമ്പോഴും അനുസ്വാരലോപമില്ല.

ഞാൻ എന്ന ഭാവമാണ് അഹങ്കാരം (egotism). തന്നെപ്പറ്റി അതിരുകടന്ന മതിപ്പ്, ഗർവം, ദുരഭിമാനം, അഹന്ത തുടങ്ങിയ വിവക്ഷിതങ്ങളിൽ 'അഹങ്കാരം' ഉപയോഗിക്കുന്നു. അഹംഭാവ(അഹംബുദ്ധി)ത്തിന് അഹങ്കാരം അഥവാ അഹമ്മതി (അഹം + മതി) എന്നർത്ഥം പറയാം. പുല്ലിംഗവിവക്ഷയിൽ അഹംഭാവി (അഹം + ഭാവി), അഹംഭാവമുള്ളവൻ എന്നുമാകാം. ഉഭയലിംഗവാചിയായി അഹങ്കാരി എന്ന പ്രയോഗവും ശരിയാണ്.

അഹങ്കാരം എന്ന സൂചനയിൽ അഹംബോധം എന്നു പ്രയോഗിക്കാറുണ്ടെങ്കിലും അവയ്ക്കു തമ്മിൽ നേരിയ അർത്ഥവ്യത്യാസമുണ്ട്. അഹംബോധത്തിന്, ഞാൻ എന്ന ബോധം (self consciousness) എന്ന വിവക്ഷയാണുള്ളത്. ബോധം എന്നാൽ അറിവോ ജ്ഞാനമോ ആണല്ലോ. ആത്മവിശ്വാസത്തിലൂന്നിയ തിരിച്ചറിവത്രേ അഹംബോധം. അഹങ്കാരത്തിലും അഹംഭാവത്തിലുമുള്ള 'അതിരുകടന്ന സ്വയം മതിപ്പ്' അഹംബോധത്തിന് ഇല്ല എന്നു ചുരുക്കം.

"ഭഗവൻ നാരദ വന്ദേഹം" (ഭഗവാനേ നാരദാ – അഹം വന്ദേ – ഞാൻ വന്ദിക്കുന്നു) എന്നു നളചരിതം ഒന്നാം ദിവസത്തിലും* "അഹമഹമികാധിയാ – ഞാൻ മുമ്പേ, ഞാൻ മുമ്പേ – പാവക ജ്വാലക/ളംബരത്തോളമുയർന്നു ചെന്നൂ മുദാ" എന്ന് അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡത്തിലും** അഹ ശബ്ദത്തിന്റെ ശരിയായ പ്രയോഗം മനസ്സിലാക്കാം.

* ഉണ്ണായി വാര്യർ, നളചരിതം ആട്ടക്കഥ, കൈരളീ വ്യാഖ്യാനം, പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം, 2001, പുറം – 287.

** എഴുത്തച്ഛൻ തുഞ്ചത്ത്, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, അന്വയം, വ്യാഖ്യാനം, പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, ഡി.സി. ബുക്സ്, കോട്ടയം, 2010, പുറം – 590

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)

ഭക്തിഗാനവും
ദൈവവചനവും
കേൾക്കാൻ കഴിയുന്ന
ക്ലോക്കുകൾ

വ്യത്യസ്ത
മോഡലുകളിൽ



WOODEN GRANDFATHER & GRANDMOTHER CLOCKS
(ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്

PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

---

പതിറ്റാണ്ടുകളിലൂടെ

# ചർച്ച് വ്യൂ കോളജ്

## പൊൻകുന്നം

+1, +2 റിക്കാർഡ് വിജയം
B A, B Com ക്ലാസുകളിൽ 100 ശതമാനം വിജയം
+1, ഡിഗ്രി ക്ലാസുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

ഓൺലൈനിൽ 30 ദിവസങ്ങൾകൊണ്ട് ഇംഗ്ലീഷ് അടിസ്ഥാനം മുതൽ പഠിപ്പിച്ച് നന്നായി സംസാരിക്കാൻ പരിശീലിപ്പിക്കുന്നു.
അടുത്ത ബാച്ചിലേക്ക് അഡ്മിഷൻ തുടരുന്നു.


ചർച്ച് വ്യൂവിന്റെ മുഖമുദ്ര:
ഉന്നതവിജയം – മികച്ച അദ്ധ്യാപനം – തികഞ്ഞ അച്ചടക്കം

## ഇംഗ്ലീഷ് പഠിക്കാൻ ഒരു എളുപ്പവഴി

Nissa & Mathews
AN EASY WAY TO ENGLISH & SPOKEN ENGLISH WITH GENERAL KNOWLEDGE

തപാൽവഴി പുസ്തകം ലഭ്യമാണ്. വില 250 രൂപാ

ഫോൺ: 9447870435
9656394730, 7306932636




Principal: Mathew V.J.

---

# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461


E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിരോരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

---

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജ്യൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

---




# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Deepanalam Weekly

RNI No : 16998/68
Vol. 54 No. 29 Date of Publication 14 Oct 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)


Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

2021 ഒക്ടോബർ 19 ചൊവ്വാ മുതൽ 28 വ്യാഴം വരെ



തിരുനാൾ ദിവസങ്ങളിൽ എല്ലാ ദിവസവും 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന

പ്രത്യേക ശ്രദ്ധയ്ക്ക്

കൊവിഡ് മാനദണ്ഡമനുസരിച്ച് വി. കുർബാനയിൽ സംബന്ധിക്കാനും യൂദാശ്ലീഹായുടെ തിരുസ്വരൂപം വണങ്ങാനും അവസരമുണ്ടായിരിക്കും • തിരുനാൾ പ്രസുദേന്തിമാരാകാൻ ആഗ്രഹിക്കുന്നവർക്കും നേർച്ചകാഴ്ചകൾ സമർപ്പിക്കാൻ താത്പര്യമുള്ളവർക്കും പള്ളിഓഫീസിൽ അതിനുള്ള സൗകര്യമുണ്ടായിരിക്കും. • തിരുക്കർമ്മങ്ങളുടെ Live Stream, Kizhathadiyoor Palli എന്ന You Tube ചാനലിൽ ഉണ്ടായിരിക്കുന്നതാണ്.

നേർച്ചകൾ, സംഭാവനകൾ, അപേക്ഷകൾ, അനുഗ്രഹ അറിയിപ്പുകൾ എന്നിവ നല്കേണ്ട വിലാസം :
Rev. Fr. Vicar, St. Joseph's Church & St. Jude Pilgrim Centre,
Pala P.O. - 686 575, Kizhathadiyoor, Tel: 04822-215087
Email: stjudekizhathadiyoor@gmail.com

LIVE / kizhathadiyoorpalli LIVE / kizhathadiyoorpalli / kizhathadiyoorpalli website:wwwkizhathadiyoorchurch.com

തിരുനാൾ ആശംസകൾ!

Mother Superior & Community

Little Apostles of Redemption Convent

ELENA SAPIO OLD AGE HOME

Kizhathadiyoor, PALA Ph: 04822-215137

SAINT JUDE ELECTRICALS & SANIWARES

Santhom Shopping Complex, Kottaramattom-PALA

Ph: 04822-200377, 200277 (shop), Mob: 9447302262 8078390426

legrand Finolex gm ASTRAL ZEW sunlit CRI Crompton

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉത്പന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേയ്സ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ,
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact: Dr. K.V. Joseph DAM
Mob: 9447421216, 04822-214167

തിരുനാൾ ആശംസകൾ!

J.J. STEELS
Erattupetta Road, Pala
Tel. Off: 04822-212994, 212574, 212674
Res: 04822-212495, 212295

വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

സന്ധ്യാ ബേക്കേഴ്സ്
പാലാ – ഭരണങ്ങാനം, Mob: 9447210221

സന്ധ്യാ കേറ്ററേഴ്സ്
പാലാ – തൊടുപുഴ Ph: 04822- 210331, Mob:9495210331

പാലാ കിഴതടിയൂർ പള്ളിയിലെ വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

വൈപ്പന ദന്താശുപത്രി, പാലാ

PHONE : 04822-212015 (Off.), 205168, 205282 (Res.)

DR. ALEX ABRAHAM BSc. B.D.S.
Dr. Mrs. THRESIAMMA ALEX B.D.S.
Dr. Joseph Sebastian B.D.S., MDS (Ortho)

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org